KOTTAYAM PUBLIC LIBRARY

Call No. M07

Acc. No. 7788

Autho[r] രാമൻ നായർ, സി. കെ

T[it]le [illegible]ണ്ണ. [illegible]

[illegible]വാരം.

# കല്യാണസൌഗന്ധികവാദപ്രതിവാദം

KOTTAYAM PUBLIC LIBRARY KOTTAYAM
17880

**C. I. RAMAN NAYAR,**
of
**Kottayam College**

**Expounds the positions maintained by**

1. M. R. Ry. P. K. Narayana Pillai Avl.
2. Rao Sahib M. R. Ry Ullor S. Parameswara Iyer Avl.
3. Sriman Narayana Yogi' & 'Sookshma Darsi'
4. A contributor in the "Malayalee"
5. The Editor of the "Malayala Rajyam"
6. The Editor of the "Sahithya Vinodini"

. Rao Sahib M. R. Ry. Ullor S. Parameswara-Iyer Avl. on "Goda" Controversy

---

**PUBLISHED BY**

**Kozhimattam R. Govinda Pillay,**
**KOTTAYAM.**

K. R. G. Pillay
Kozhimattam Kottayam

**The Popular Press, Kottayam.**

**Second Edition of 1109—1000 Copies.** **Price Re. 1**

144

M07
Ram.-K

# മുഖവുര.

പല സാഹിത്യാഭിമാനികളുടേയും സ്നേഹിതന്മാരുടേയും ആവശ്യാനുസാരം നാളതുവരെയുള്ള വാദപ്രതിവാദത്തിൽ ഏററവും സംഗതമായ ഭാഗങ്ങൾ സംഗ്രഹിച്ചു, പുസ്തകരൂപത്തിൽ ആക്കി സമർപ്പിച്ചുകൊള്ളുന്നു,

# കല്യാണസൌഗന്ധിക വാദപ്രതിവാദം.

KOTTAYAM PUBLIC LIBRARY KOTTAYAM
77880

## വാദത്തിന്റെ ഉത്ഭവം.

I.

കല്യാണസൌഗന്ധികം എന്ന പേരിലെ കല്യാണശബ്ദപ്രയോഗത്തെപ്പററി അന്വേഷണം ചെയ്തു് ഒരു ലേഖനം ഞാൻ പ്രസാധനം ചെയ്തിട്ടുള്ള കല്യാണസൌഗന്ധികം തുള്ളൽക്കഥാപുസ്തകത്തിൽ ചേർത്തിരുന്നു. ഏതാണ്ടു് ഗവേഷണരീതിയിലുള്ള പ്രസ്തുത ഭാഗം പരിഷത്ത്രൈമാസികം പുസ്തകം ൫ ലക്കം ൫-ൽ വീണ്ടും പ്രത്യക്ഷപ്പെട്ടു. തുള്ളലിൽ കല്യാണപദം സൌഗന്ധികത്തോടു് ഉദ്ദേശപൂർവ്വകമായി ഘടിപ്പിച്ചിരിക്കുന്നു എന്നും അതിനു് മംഗളാർത്ഥമാണുള്ളതെന്നും ഞാൻ പ്രസ്തുത ലേഖനത്തിന്റെ അവസാനഭാഗത്തു് സകാരണം ചൂണ്ടിക്കാണിക്കയുണ്ടായി.

അപ്പോൾ സന്ദർഭശുദ്ധി അനുവദിച്ചതിനാൽ താഴെ പറയുന്ന വരികൾ ചേർക്കയും ചെയ്തു.

"കല്യാണസൌഗന്ധികമെന്നതിന്ന് അർത്ഥം പറയുമ്പോൾ കല്യാണ(സ്വർണ്ണ)വർണ്ണമായ സൌഗന്ധികമെന്ന് മദ്ധ്യമപദലോപിയായ സമാസത്തെ മി: പി. കെ. ആശ്രയിക്കുന്നു. കല്യാണശബ്ദത്തിന്ന് സ്വർണ്ണമെന്നർത്ഥം അപ്രസിദ്ധമല്ലെങ്കിലും അതിപ്രസിദ്ധമല്ലാത്തതുകൊണ്ടും, ആ വിശേഷണംകൊണ്ടു് വ്യാവർത്തമായി മററു നിറത്തിലുള്ള സൌഗന്ധികമുള്ളതായി അറിയപ്പെടാത്തതുകൊണ്ടും, നിറത്തെ ആശ്രയിച്ചുള്ള രൂപകല്പന മൂലഗ്രന്ഥത്തിൽ കാണാത്തതുകൊണ്ടും നമ്പ്യാരുടെ അർത്ഥം കല്യാണമായ (മംഗളമായ)സൌഗന്ധികം എന്നുതന്നെ ആയിരിക്കണമെന്ന അഭിപ്രായമാണു് യുക്തമായി തോന്നുന്നതു്." ഈ വരികളാണു് വാദപ്രതിവാദങ്ങൾക്കു് അടിസ്ഥാനം.

തീവ്രമായ വാദപ്രതിവാദങ്ങൾക്കു് ഈ വരികൾ ഹേതുഭൂതമാകുമെന്നു്, എഴുതിയപ്പോൾ ഞാൻ വിചാരിച്ചില്ല. എനിക്കു യുക്തമെന്നു് തോന്നിയ അഭിപ്രായം നിർദ്ദോഷമായ രീതിയിൽ പറക മാത്രമാണു് ചെയ്തതു്. സംഗ്രഹസംരംഭത്തിൽ ചില ഭാഗങ്ങൾ വ്യാഖ്യാനഭേദത്തിന്നു് വഴങ്ങിക്കൊടുക്കുന്നതായിക്കാണുന്നതിലും ഞാൻ മനസ്താപിക്കുന്നു. "ആ വിശേഷണംകൊണ്ടു് വ്യാവർത്തകമായി മററു നിറത്തിലുള്ള സൌഗന്ധികമുള്ളതായി അറിയാത്തതുകൊണ്ടും," എന്ന ഭാഗംകൊണ്ടു്, ആ വിശേഷണം=കല്യാണ

വിശേഷണം; കല്യാണവിശേഷണംകൊണ്ടു് വ്യാവർത്തകമായ മററുനിറം,=സ്വർണ്ണനിറം,” അപ്രകാരമുള്ള (വെളുപ്പിനും ചുവപ്പിനും പുറമേയുള്ള) സൌഗന്ധികം=സ്വർണ്ണവർണ്ണമായ സൌഗന്ധികം ഉള്ളതായി അറിയപ്പെടാത്തതുകൊണ്ടും എന്നിങ്ങനെയാണു് ഞാൻ ഉദ്ദേശിച്ചതു്. ആ വാചകഭാഗം മി: നാരായണപിള്ളയ്ക്കു് അന്യഥാ വ്യാഖ്യാനിക്കുവാൻ സൌകര്യം നല്കിയതിൽ, എനിയ്ക്കു് വല്ലായ്മയുണ്ടു്. അതുപോലെതന്നെ ‘നിറത്തെ ആശ്രയിച്ചുള്ള രൂപകല്പന മൂലഗ്രന്ഥത്തിൽ കാണാത്തതുകൊണ്ടു്” എന്ന ഭാഗവും അദ്ദേഹത്തിന്റെ അധിക്ഷേപത്തിനു് ലാക്കായിത്തീർന്നതും കഷ്ടമായി. നിറം, കല്യാണനിറം അതിനെ ആശ്രയിച്ചുള്ള രൂപകല്പന എന്നിങ്ങനെ സന്ദർഭംകൊണ്ടു് വ്യക്തമാകുമല്ലോ എന്ന വിചാരംകൊണ്ടു് സംഗ്രഹസംരംഭത്തിൽവന്നുപോയ ഒരു അവ്യക്തതയാണിതും. ഈ രണ്ടാക്ഷേപങ്ങളും ഫലഭാഗത്തെ സ്പൃശിക്കാത്തതുകൊണ്ടു് പ്രകൃതത്തിൽ ഇത്രമാത്രമേ പറയുന്നുള്ളൂ. ഏതെങ്കിലും ടി വാചകങ്ങൾ തീക്ഷ്ണമായ ഒരു എതിർവാദത്തിനു് കാരണമാക്കി. അതു് സാഹിത്യവിനോദിനി ലക്കം ൧ പുസ്തകം ൧-ൽ “കല്യാണസൌഗന്ധികത്തിലെ കല്യാണപദം” എന്ന പേരിൽ ശ്രീമാൻ പി. കെ. നാരായണപിള്ള അവർകൾ പ്രസിദ്ധപ്പെടുത്തിയ ലേഖനമായിരുന്നു. ഇതിലെ പ്രധാന വാദമുഖങ്ങൾ സംഗ്രഹിക്കാം. സ്വർണ്ണാർത്ഥം പറയാനുള്ള കാരണത്തെപ്പററി അദ്ദേഹം പറയുന്നു:—

## II.

"ആലപ്പുഴ ഹൈസ്കൂളിൽ പഠിച്ചിരുന്നപ്പോൾ അവിടെ മലയാളം മുൻഷിയായിരുന്ന ഹരിഹരസുബ്രഹ്മണ്യശാസ്ത്രികൾ അവർകൾ പറഞ്ഞുതന്ന വ്യാഖ്യാനം ഞാൻ ആവൎത്തിക്കയാണു് ചെയ്തതെന്നു് ആദ്യമേ പറഞ്ഞുകൊള്ളട്ടെ. ഇലത്തൂർ രാമസ്വാമിശാസ്ത്രികളുടെ ശിഷ്യനായിരുന്ന അദ്ദേഹത്തിന്റെ വൈദുഷ്യത്തിലുള്ള പ്രത്യയം നിമിത്തം അതിനെപ്പററി പിന്നെ ഞാൻ ഒന്നും വിചാരിച്ചതുമില്ല. അന്യഥാ ഒരു വ്യഖ്യാനം കേൾക്കുന്നതിനു സംഗതിയുമായിട്ടില്ല. ഇപ്പോൾ രാമൻനായർ അവർകളെപ്പോലെ ഒരു പണ്ഡിതൻ കേരളീയവിദ്വജ്ജനങ്ങളുടെ സവിശേഷപോഷണത്തിനു് വിഷയീഭവിച്ചതായി വെച്ചിരിക്കുന്ന ത്രൈമാസികത്തിൽ അന്യഥാ ഒരു വ്യാഖ്യാനം ഹാജരാക്കിയിരിക്കുന്ന സ്ഥിതിക്കു് അതിന്റെ സാധുതാവിചാരം ഉപേക്ഷ്യമായി തോന്നുന്നില്ല."

സ്വൎണ്ണവൎണ്ണമായ സൌഗന്ധികം എന്ന അൎത്ഥത്തിനു് അദ്ദേഹത്തിനുള്ള ന്യായങ്ങൾ:— "കുഞ്ചൻനമ്പ്യാർ അതിൽ പ്രതിപാദിതമായ സൌഗന്ധികത്തിന്റെ വൎണ്ണം സ്വൎണ്ണവൎണ്ണമാണെന്നു് മുക്തകണ്ഠം പ്രസ്താവിക്കുന്നുമുണ്ടു്.

"പൊൻപൂവു് ചൂടാനവൎക്കു കൊതുകണ്ടെ-
മമ്പതുമമ്പതും നിത്യം ചെലവുണ്ടു്."

"കണ്ടാൽ മനോഹരം കാഞ്ചനാഭം ശുഭം"

ഇത്യാദി പ്രസ്താവങ്ങൾ നോക്കുക." ത്രൈമാസികം

ലേഖനത്തിലെ അവസാനവാചകത്തെ അദ്ദേഹം ഇപ്ര കാരം ആക്ഷേപിക്കുന്നു:—

"കല്യാണശബ്ദത്തിന്ന് സ്വർണ്ണമെന്നർത്ഥം അനതിപ്ര സിദ്ധമായിരുന്നാൽ പോലും നമ്പ്യാക്ക് അതു് അറിഞ്ഞു കൂടായിരുന്നു എന്നുകൂടി വാദമുണ്ടെങ്കിലല്ലാതെ ആദ്യത്തെ വാദത്തിന്ന് പ്രാബല്യമുണ്ടാകയില്ല. സംജ്ഞയുടെ നിർമ്മാ താവു് സ്വർണ്ണാർത്ഥം കൂടി വിവക്ഷിച്ചിരുന്നെങ്കിൽ, ന മ്പ്യാക്കതു് മനസ്സിലായിരുന്നിരിക്കയില്ലെന്നു് വാദിക്കണ മെങ്കിൽ നമ്പ്യാരുടെ വൈദഗ്ദ്ധ്യം അത്ര കൃശമായിരുന്നെന്നു സ്ഥാപിക്കേണ്ടതാകുന്നു. അതു് സുസാദ്ധ്യമാണെന്നു് ഞാൻ വിചാരിക്കുന്നില്ല. രണ്ടാമത്തെ വാദത്തിൻെറ താല്പര്യം ഞാൻ മനസ്സിലാക്കുന്നതു് കല്യാണശബ്ദവിശേഷണം കൊ ണ്ടു് വേർതിരിക്കുവാൻ മററു നിറത്തിൽ സൗഗന്ധികങ്ങ ളില്ലെന്നു് മി: രാമൻനായർ പറയുന്നതായിട്ടാണു്. അ തായതു് സ്വർണ്ണവർണ്ണമായല്ലാതെ സൗഗന്ധികമില്ലെന്നാ ണു് മി: രാമൻനായരുടെ അറിവു്. പരമാർത്ഥം പക്ഷെ സ്വകീയമായ വിജ്ഞാനമണ്ഡലത്തിൻെറ വിസ്തൃതി യിൽ അദ്ദേഹത്തിനുള്ള വിശ്വാസമല്ലാതെ മറെറാന്നും ഈ വാദത്തിലില്ല." അമരകോശം കൊണ്ടു് പ്രസ്തുത വാദം ശൂന്യകമാണെന്നു് അദ്ദേഹം തെളിയിക്കുന്നതെപ്രകാരമെ ന്നു നോക്കുക. "സൌഗന്ധികം തു കല്ഹാരം

ഹല്ലകം രക്തസന്ധ്യകം"

എന്നാണു് അമരകോശം. ടീകാസർവ്വസ്വകാരൻെറ മത

മനുസരിച്ച് സൌഗന്ധികം, കല്ഹാരം ഇവ സാമാന്യ ജാതിയും ഹല്ലകം, രക്തസന്ധ്യകം ഇവ രക്തവർണ്ണമായ സൌഗന്ധികവുമാകുന്നു. സൌഗന്ധികകല്ഹാരശബ്ദങ്ങളെ വ്യാഖ്യാനിക്കുമ്പോൾ "ശാരദം ശുക്ലം ചൈതൽ" എന്നു ക്ഷീരസ്വാമി പറയുന്നു. അതായതു് സൌഗന്ധികമെന്നും കല്ഹാരമെന്നും പറയുന്നതു് ശരത്കാലത്തിലുണ്ടാകുന്നതും ധവളവുമാണെന്നർത്ഥം. ഇത്രമാത്രം കൊണ്ടു് നാം ഗ്രഹിക്കേണ്ടതു് സൌഗന്ധികവർഗ്ഗത്തിൽ ചുരുങ്ങിയപക്ഷം ചുവന്നതും വെളുത്തതും എന്നു് രണ്ടുതരമുണ്ടെന്നാകുന്നു. ഈ വ്യത്യാസങ്ങളെ ഗ്രഹിക്കാതെയോ ഗൌനിക്കാതെയോ നാലു ശബ്ദങ്ങളും സർവ്വഥാ സമമായി പ്രയോഗിച്ചിട്ടുള്ളവർ ഉണ്ടെന്നു് മി: രാമൻനായരുടെ ലേഖനത്തിൽ നിന്നു് കാണുന്നു. × × × × ×

"സുഗന്ധശബ്ദത്തിൽ നിന്നു് 'ഠക്'പ്രത്യയയോഗം കൊണ്ടു് നിഷ്പന്നമാകുന്ന പ്രസ്തുതപുഷ്പം ഗന്ധപ്രധാനമാണെന്നും വിചാരിക്കേണ്ടിയിരിക്കുന്നു. നമ്പ്യാരുടെ പ്രബന്ധത്തിലെ പുഷ്പം കാഴ്ചയ്ക്കും, ഗന്ധത്തിനും ഒരുപോലെ മനോഹരമാണു്". ഈ പുഷ്പത്തെപ്പററി അദ്ദേഹം തുടർന്നു പറയുന്നു:— "കണ്ടാലുമാശ്ചര്യപുഷ്പമെൻ വല്ലഭാ

കണ്ടാൽ മനോഹരം കാഞ്ചനാഭം ശുഭം"

എന്നു് തൻനിമിത്തം പാഞ്ചാലി ഉൽഘോഷിക്കുന്നു!

"പാരിൽകണ്ടീല മററിത്തരമൊരു കുസുമം ചിത്രമാ-
യിത്രിലോകീ-

സാരംതന്നേ നിനച്ചീടുകിലിതു പറയാമല്ലിതിൻ കാ
ന്തിപൂരം"

എന്നും,

"സൌരഭോന്മേഷമെന്നേ പറവതു നിതരാമേതദാശാ
കദംബം
ദൂരേ ദൂരേ പരക്കും ബഹുളപരിമളാദ്വൈതമായ് തീ
ൎന്നുകൂടി"

എന്നും മററുമുള്ള കല്യാണസൗഗന്ധികം ചമ്പുവിലെ വൎണ്ണനകളും ഇവിടെ സംഗതമാകുന്നു." തുള്ളൽകഥയിലെ കുബേരകിങ്കരന്മാരുടെ പ്രസ്താവത്തെ ആധാരമാക്കി അദ്ദേഹം അനുമിക്കുന്നു:—"ഈ വിശേഷജാതി സൌഗന്ധികം അവരുടെ സ്വാമി എവിടെനിന്നോ കൊണ്ടുവന്നു സൂക്ഷിച്ചു വളൎത്തുന്നതെന്നാണ്". വെളുത്തോ ചുവന്നോ ഉള്ള സൌഗന്ധികം സാധാരണം; അതു പലയിടമുണ്ടായി എന്നു വരും. പക്ഷേ സ്വൎണ്ണവൎണ്ണമായ അസാധാരണജാതി കുബേരൻെറ പുഷ്കരണിയിലല്ലാതെ കിട്ടുകയില്ല. ഇതാണ് കഥാപ്രതിപാദനംകൊണ്ടു ഗ്രഹിക്കേണ്ടതു്. അതു കൊണ്ടുതന്നെയാണ് അതിനു കല്യാണസൌഗന്ധികം എന്നു ആരോ നാമകരണം ചെയ്തതു്. വെറും മംഗളാൎത്ഥമേ അവിടെ വിവക്ഷയുള്ളെങ്കിൽ സാധാരണജാതി സൌഗന്ധികമാണ് കഥാവസ്തു എന്നേ വരികയുള്ളൂ. കല്യാണശബ്ദംകൊണ്ടു രൂപവും, സൌഗന്ധികശബ്ദംകൊണ്ടു ഗന്ധവും പ്രതീയമാനമാകണമെന്നു കല്യാണസൌഗ

ന്ധികസംജ്ഞാകാരന്റെ താല്പര്യമുണ്ടായിരുന്നിരിക്കണമെന്ന് സ്പഷ്ടമാകുന്നു. ഇതു് കുഞ്ചൻനമ്പ്യാരെപ്പോലെ ഒരു സാഹിത്യരസികൻ കണ്ടിരിക്കയില്ലെന്നും അദ്ദേഹം ഏകപദീചരനായി മംഗളാർത്ഥം മാത്രമേ വിവക്ഷിച്ചിരുന്നുള്ളു എന്നും വാദിക്കുവാൻ കുറെ ഭാവനാശുഷ്കത കൂടാതെ കഴികയില്ല. കല്യാണശബ്ദം കൊണ്ടു് ശ്ലേഷോത്ഥാപിതമായ മംഗളാർത്ഥം കൂടി ഉദ്ദേശിച്ചിരിക്കാമെന്നു് തോന്നുന്നുണ്ടു്. അല്ലെങ്കിൽ കല്യാണശബ്ദപ്രയോഗത്തിനു് സ്വാരസ്യഭംഗം ഉണ്ടാകുമല്ലോ. അങ്ങിനെയല്ലാതെ സ്വർണ്ണാർത്ഥത്തെ പ്രസ്തുത സംജ്ഞയിൽ നിന്നു് ഗളഹസ്തം ചെയ്വാൻ ഒരു ന്യായവുമില്ല. "കണ്ടാൽ മനോഹരം കാഞ്ചനാഭം ശുഭം" എന്നു പറയുന്ന നമ്പ്യാർ രണ്ടർത്ഥങ്ങളും കണ്ടിരുന്നു എന്നും അതിൽ സ്വർണ്ണാർത്ഥം പുരസ്കരിക്കയാണു് ചെയ്തതെന്നും അല്പം ശാന്തമായി ചിന്തിച്ചാൽ കാണാവുന്നതാണു്. സൌഗന്ധികം സ്വർണ്ണവർണ്ണമാണെന്നു് മി: രാമൻനായർക്കുണ്ടായ ധാരണ അസാധാരണം സാധാരണമാണെന്നു് ഭ്രമിച്ചതിന്റെ ഫലമാണു്. ഈ ഭ്രമത്തിൽ തൊട്ടുത്തിരിക്കുന്ന രണ്ടാംവാദം നിരാലംബമാണെന്നു് മേൽ പറഞ്ഞതുകൊണ്ടു സ്പഷ്ടമാകുമെന്നു് വിശ്വസിക്കുന്നു."

ത്രൈമാസികാലേഖനത്തിലെ മൂലശബ്ദപ്രയോഗത്തെ അധികരിച്ചു് അദ്ദേഹം അന്വേഷിക്കുന്നു:—

"മൂന്നാംവാദത്തിൽ "മൂലം" എന്നു മി: രാമൻനായർ പറയുന്നതു് ഏതു ഗ്രന്ഥത്തെ ഉദ്ദേശിച്ചാണു് എന്നു വ്യ

ക്തമാകുന്നില്ല. മഹാഭാരതമാണെങ്കിൽ അതിലില്ലാത്ത പലതും തുള്ളൽപാട്ടിലുണ്ടെന്നു് പറയേണ്ടിയിരിക്കുന്നു. പല വിദ്വാന്മാരാൽ പ്രണീതങ്ങളായ കല്യാണസൌഗന്ധികപ്രബന്ധങ്ങൾ നമ്പ്യാൎക്കു് പരിചിതങ്ങളായിരുന്നു എന്നു വിചാരിക്കണം. അതിലേതിനെയാണു് അദ്ദേഹം മൂലമായി സ്വീകരിച്ചതെന്നറിവാൻ യാതൊരു മാൎഗ്ഗവുമില്ലാതിരിക്കെ "മൂലത്തിൽ കാണുന്നില്ലെന്നു" പറയുന്ന മി: രാമൻനായരുടെ വാദം നിൎമ്മൂലമാണെന്നുതന്നെ വയ്ക്കുയെ നിവൃത്തിയുള്ളൂ. മൂലമെന്തെന്നു നിശ്ചയമില്ലെന്നിരിക്കെ മൂലത്തിൽ കാണുന്നില്ലെന്നു് പറയുന്നതെങ്ങനെയെന്നു് മനസ്സിലാകുന്നില്ല. മൂലമേ കാണാത്തവൻ മൂലത്തിൽ കണ്ടില്ലെന്നു് വാദം പ്രയോഗിച്ചാൽ അതു് അൎത്ഥാപേക്ഷയില്ലാത്ത നാദോല്പാദനമല്ലാതെ വാദോല്പാദനമാകുമോ"?

"ഇങ്ങനെയാണു് എന്റെ വ്യാഖ്യാനത്തെ നിരസിക്കുവാൻ മി. രാമൻനായർ പുറപ്പെടുവിച്ചിരിക്കുന്ന യുക്തികളുടെ ശക്തി."

## III.

രാജശ്രീ പി. കെ. നാരായണപിള്ളയും കല്യാണപദവ്യാഖ്യാനവും എന്ന പേരിൽ കുംഭം ൨൦-ാംനു- ചൊവ്വാഴ്ചയിലെ "മലയാളമനോരമാ" പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയ ലേഖനത്തിന്റെ പ്രധാന ഭാഗങ്ങൾ സംഗ്രഹിച്ചുകൊള്ളുന്നു:—

"ഈയിടെ അവതരിച്ച 'സാഹിത്യവിനോദിനി' എന്ന മാസികയിൽ പി. കെ. നാരായണപിള്ള അവർകൾ "കല്യാണസൌഗന്ധികത്തിലെ കല്യാണപദ"ത്തെപ്പററി ഞാൻ ചെയ്തിട്ടുള്ള വ്യാഖ്യാനം, നിരൂപണംചെയ്തുകൊണ്ടു് ഒരു ലേഖനം പ്രസിദ്ധപ്പെടുത്തിക്കാണുകയുണ്ടായി. മി. നാരായണപിള്ളയുടെ പാണ്ഡിത്യപാരമ്യത്തിൽ മററുള്ളവരോടൊപ്പം എനിക്കും വിശ്വാസമുണ്ടെങ്കിലും അദ്ദേഹത്തിൻെറ പ്രസ്തുത ലേഖനത്തെ സംബന്ധിച്ചു് ഭിന്നാഭിപ്രായമാണുള്ളതു്. ഈ അഭിപ്രായഭേദത്തെ പ്രപഞ്ചനം ചെയ്തു കാണിക്കുന്നതിനു മുമ്പായി, അദ്ദേഹത്തിൻെറ ലേഖനത്തിൻെറ സാധുത്വം പരിശോധിക്കേണ്ടിയിരിക്കുന്നു."

"കല്യാണസൌഗന്ധികത്തിനു് മി. നാരായണപിള്ള ചെയ്തിട്ടുള്ള വ്യാഖ്യാനം സ്വർണ്ണവർണ്ണമായ സൌഗന്ധികം എന്നാണു്. ഈ അർത്ഥകല്പനയ്ക്കു് ആധാരമായി അദ്ദേഹം പറയുന്നതു് കല്യാണസൌഗന്ധികം തുള്ളൽക്കഥയിലെ 'പൊൻപൂ', 'കാഞ്ചനാഭം, ശുഭം', എന്നീ പദപ്രയോഗങ്ങളാകുന്നു. എന്നാൽ അദ്ദേഹം ഖണ്ഡനസംരംഭത്തിൽ അമരകോശവും അതിൻെറ വ്യാഖ്യാനവും ഉദ്ധരിച്ചു് സൌഗന്ധികം രക്തവർണ്ണത്തിലും ധവളവർണ്ണത്തിലുമുണ്ടെന്നു കാണിക്കയും, സ്വർണ്ണവർണ്ണമായ സൌഗന്ധികത്തെപ്പററി നിഘണ്ടുവിലോ തദ്വ്യാഖ്യാനങ്ങളിലൊ യാതൊന്നും കാണുന്നില്ലെന്ന പരമാർത്ഥത്തെ അറിയാതെ വ്യക്തമാക്കുകയും ചെയ്യുന്നു. ഇങ്ങനെ നിഘണ്ടുവും തദ്

വ്യാഖ്യാനങ്ങളും അനുസരിച്ച് അദ്ദേഹത്തിന്റെ വ്യാഖ്യാനസാഹസം നിഷ്ഫലമായെന്നു സൂചിപ്പിക്കുന്നുണ്ടെങ്കിലും, "പക്ഷേ സ്വർണ്ണവർണ്ണമായ അസാധാരണജാതി കുബേരന്റെ പുഷ്കരിണിയിലല്ലാതെ കിട്ടുകയില്ല" എന്നു കുബേരകിങ്കരന്മാർ പറയുന്നതു പ്രമാണമാക്കി വായനക്കാരെ ആശ്വസിപ്പിക്കുന്നതിനു് അദ്ദേഹം മടിക്കുന്നില്ല.

"കല്യാണസൌഗന്ധികത്തിൽ ഘടിപ്പിച്ചിട്ടുള്ള കല്യാണശബ്ദത്തിനു് മംഗളകരമെന്ന അർത്ഥമാണു് കവി വിവക്ഷിച്ചിട്ടുള്ളതായി ഞാൻ വ്യാഖ്യാനിക്കുന്നതു്. ഇങ്ങനെ വ്യാഖ്യാനിക്കുന്നതിനു് എനിക്കു് ചില ന്യായങ്ങൾ ഉള്ളതിനും പുറമേ, ഒന്നാമത്തെ അടിസ്ഥാനവും, സ്വർണ്ണവർണ്ണമായ സൌഗന്ധികം ലോകത്തിൽ ഇല്ലെന്നു് നിസ്സംശയമായി മനസ്സിലാക്കുന്നതിനുപകരിക്കുന്ന നിഘണ്ടുക്കൾ ആകുന്നു. ശബ്ദങ്ങളെ സംബന്ധിച്ചിടത്തോളം നിഘണ്ടുക്കൾ അനിഷേദ്ധ്യമായ പ്രമാണമാണെന്നുള്ളതിനു് ആൎക്കും വാദമില്ലല്ലോ.

കുബേരന്റെ കിങ്കരന്മാർ കുബേരനെ പൊന്നുതമ്പുരാൻ എന്നു പറയുന്നതുപോലെ അദ്ദേഹത്തിന്റെ സൌഗന്ധികപുഷ്പത്തെ അവർ ഭൃത്യമര്യാദ അനുസരിച്ചു് പൊന്മയമായിപ്പറയുന്നു എന്നു കാണാമെന്നിരിക്കെ, പ്രാകൃതന്മാരായ കിങ്കരന്മാരുടെവാക്കുകളിൽ കവി, താൻ ചെയ്തിട്ടുള്ള നാമകരണത്തിനു് ഉപപത്തി കണ്ടിട്ടുള്ളതായി ഭ്ര

മിക്കുന്നതു് ലോകഗതിക്കു് വിരുദ്ധമാണെന്നൂഹിക്കാമല്ലോ.

"കല്യാണപദത്തിനു് സ്വർണ്ണം എന്നർത്ഥമുണ്ടെന്നു് ഞാൻ സമ്മതിക്കുന്നതുപോലെ, മംഗളം എന്നർത്ഥമുണ്ടെന്നു് അദ്ദേഹവും സമ്മതിക്കുന്നുണ്ടു്. പക്ഷേ സ്വർണ്ണാർത്ഥം പുരസ്കരിച്ചു് നമ്പ്യാർ നാമകരണം ചെയ്തിരിക്കുന്നു എന്നദ്ദേഹം പറയുന്നതിലേ എനിക്കു് വിപ്രതിപത്തിയുള്ളു. ഞാൻ പറയുന്നതു കല്യാണം എന്ന പദം കേൾക്കുമ്പോൾ പെട്ടെന്നു് ഒരുവൻെറ മനസ്സിൽ പ്രതീതമാകുന്ന മംഗളാർത്ഥത്തെ പുരസ്കരിച്ചു് കല്യാണസൌഗന്ധികം എന്നു് കവി നാമനിർദ്ദേശം ചെയ്തു എന്നാണു്.

"സൌഗന്ധികത്തിൻെറ നിറം 'ബാലാർക്കസദൃശദ്യുതി'ആണെന്നു് വ്യാസഭാരതത്തിൽ കാണുന്നു. തുള്ളലിൽ 'കാഞ്ചനാഭം' എന്നു് പറഞ്ഞിരിക്കുന്നതുകൊണ്ടു്, വ്യാസവചനത്തിൽനിന്നും വ്യതിചലിച്ചിട്ടുള്ള ഒരർത്ഥം കവി കരുതുന്നതായി തീർച്ചപ്പെടുത്താവുന്നതല്ല. പാർവ്വതിയെകുറിച്ചുള്ള ധ്യാനത്തിൽ

"ബാലാർക്കായുത സൽപ്രഭാം..........പാർവ്വതീം"

എന്നും ഹേമാഭാം....................വരാംദേവതാം" എന്നും പാർവ്വതിയുടെ വർണ്ണത്തെ വർണ്ണിച്ചിരിക്കുന്നതു നോക്കുമ്പോൾ, ബാലാർക്കദ്യുതി എന്ന വ്യാസപ്രയോഗത്തെ നമ്പിയാർ സാധാരണന്മാർക്കും സുഗ്രഹമാകണമെന്ന ഒററ വിചാരത്തിന്മേൽ കാഞ്ചനാഭം എന്നു് പ്രയോഗിച്ചതായിരിക്കണമെന്നു് ന്യായമായി ഊഹിക്കാവുന്നതാണു്.

"ഇനി, കല്യാണപദത്തിലെ മംഗളാൎത്ഥത്തെ പുരസ്കരിച്ചാണു് പ്രസ്തുത തുള്ളൽകൃതിക്കു് നാമകരണം ചെയ്തിരിക്കുന്നതെന്നുള്ള എന്റെ അഭിപ്രായത്തിനു് ഒട്ടും അപ്രധാനമല്ലാത്ത വേറൊരു തെളിവുകൂടി പ്രസ്താവിച്ചു് ലേഖനം തൽക്കാലം ഉപസംഹരിക്കാം. സാഹിത്യപരിഷത്ത്ത്രൈമാസികാലേഖത്തിൽ, "കല്യാണസൌഗന്ധികം" എന്ന പേരിൽ ഒരു രൂപകമുണ്ടായിരിക്കണമെന്നു് ഞാൻ അഭ്യൂഹിച്ചിരുന്നു. അപ്രകാരം ഒരു രൂപകം എന്റെ മാന്യസ്നേഹിതനും സഹപ്രവൎത്തകനുമായ മി: എൻ. പരമേശ്വരൻപിള്ള ശാസ്ത്രിയുടെ പക്കൽ ഉണ്ടു്. ഈ പ്രാചീനകൃതി അനുസരിച്ചു് "കല്യാണകൻ എന്ന അന്വൎത്ഥനാമാവായ ഗന്ധൎവ്വൻ ഭീമനും ഹനുമാനും തമ്മിലുള്ള കലഹത്തെ ശമിപ്പിച്ചു് സൌഗന്ധികാഹരണം മംഗളമാക്കിത്തീൎക്കുന്നതായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഇതിൽനിന്നും കല്യാണപദത്തിനു് മംഗളാൎത്ഥമാണു് വിവക്ഷിച്ചിട്ടുള്ളതെന്നു് സുവ്യക്തമായല്ലോ."

മനോരമാലേഖനത്തെത്തുടൎന്നു 'സാഹിത്യവിനോദിനി' പുസ്തകം ൫ ലക്കം ൨-ൽ കല്യാണപദവ്യാഖ്യാനംഎന്നപേരിൽ ഒരു ലേഖനംകൂടി പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതിലെ പ്രധാനഭാഗങ്ങൾമാത്രം ചുവടെ ചേൎത്തുകൊള്ളുന്നു.

# IV.

## കല്യാണപദവ്യാഖ്യാനം.

(ശ്രീമാൻ സി. ഐ. രാമൻനായർ ബി. എ.)

മി: നാരായണപിള്ളയുടെ അഭിപ്രായം കല്യാണപദത്തിന്ന് സ്വർണ്ണമെന്നും, മംഗളമെന്നും അൎത്ഥങ്ങൾ ഉണ്ടെന്നും അതിൽ സ്വർണ്ണാൎത്ഥം പുരസ്കരിച്ചാണ് നമ്പ്യാർ തന്റെ തുള്ളലിന്ന് കല്യാണസൌഗന്ധികം എന്നു നാമകരണം ചെയ്തതെന്നും ആണ്. കല്യാണപദത്തിന്ന് രണ്ടു അൎത്ഥങ്ങളുമുണ്ടെങ്കിലും മംഗളാൎത്ഥം പുരസ്കരിച്ചു നമ്പ്യാർ നാമകരണം ചെയ്തിരിക്കുന്നു എന്നാണ് എന്റെ അഭിപ്രായം. മി: നാരായണപിള്ളയുടെ നിരൂപണം എത്രതന്നെ നിഷ്കൃഷ്ടിച്ചു വായിച്ചിട്ടും അദ്ദേഹം നല്കിയിരിക്കുന്ന വ്യാഖ്യാനം എനിക്കു സ്വീകാൎയ്യമായി തോന്നുന്നില്ല. അതിനുള്ള പ്രധാന കാരണങ്ങൾ വിവരിക്കാം.

. സൌഗന്ധികം തുള്ളൽക്കഥയിലെ "പൊൻപൂ" കാഞ്ചനാഭം" എന്നീ പദപ്രയോഗങ്ങളെ ആധാരമാക്കി കല്യാണസൗഗന്ധികത്തിന്ന് സ്വർണ്ണവർണ്ണമായ സൌഗന്ധികം എന്ന് മി: നാരായണപിള്ള അൎത്ഥകല്പന ചെയ്യുന്നു. എന്നാൽ അതേ അവസരത്തിൽതന്നെ അദ്ദേഹം അമരകോശം മുതലായ നിഘണ്ടുക്കളിൽ നിന്നും ചില ഭാഗങ്ങൾ ഉദ്ധരിച്ച് സൌഗന്ധികം രക്തവർണ്ണത്തിലും ധവളവർണ്ണത്തിലും മാത്രമേ ഉള്ളു എന്നു കാണിക്കുകയും

സ്വർണ്ണവർണ്ണമായ സൌഗന്ധികത്തെപ്പററി നിഘണ്ടുക്കളിലോ തദ്വ്യാഖ്യാനങ്ങളിലോ ഒന്നുംതന്നെ പ്രസ്താവിച്ചിട്ടില്ലെന്നുള്ള പരമാത്ഥത്തെ പരോക്ഷമായി വ്യക്തമാക്കുകയും ചെയ്യുന്നു. സൌഗന്ധികത്തിനുള്ള വൈശിഷ്ട്യം കാന്തിപൂരവും പരിമളവും ആണെന്നു കാണിപ്പാൻ "കല്യാണസൌഗന്ധികം ചമ്പു"വിലെ ചില വരികളും അദ്ദേഹം ഉദ്ധരിക്കുന്നുണ്ട്. ഇതെല്ലാം കല്യാണപദത്തിന്നു സ്വർണ്ണമെന്ന അത്ഥത്തിൽ പ്രചാരമില്ലായിരുന്നു എന്നു സാധിപ്പാൻ മാത്രമേ പര്യാപ്തമായി ഭവിക്കുന്നുള്ളു. അതുതന്നെയാണല്ലോ എന്റെ വാദവും. എന്നാൽ സ്വർണ്ണവർണ്ണമായ അസാധാരണ ജാതി, കുബേരന്റെ പുഷ്കരണിയിലല്ലാതെ കിട്ടുകയില്ലാ, എന്നു കുബേരകിങ്കരന്മാർ പറയുന്നതു മാത്രം പ്രമാണമാക്കി സ്വർണ്ണവർണ്ണമായ സൌഗന്ധികം ഉണ്ടെന്നു നാം ഗ്രഹിച്ചുകൊള്ളണമെന്നു അദ്ദേഹം വിധിക്കുന്നു. ഈ നിയോഗം ഒരുവക സാഹസമാണെന്നു പറയാതെ കഴികയില്ല. കുബേരകിങ്കരന്മാർ തങ്ങളുടെ തമ്പുരാന്റെ പുഷ്പവാടിയിൽ നില്ക്കുന്ന രക്തവർണ്ണമായ സൌഗന്ധികത്തെ ഔപചാരിക്മായി പൊൻപൂവാക്കിപ്പറയുന്നു എന്നതിൽ കൂടുതലായിട്ടൊന്നും അവരുടെ വാക്കിന്നത്ഥം കല്പിക്കേണ്ടതായിട്ടില്ല. പ്രാകൃതന്മാരായ കിങ്കരന്മാരുടെ വാക്കുകളിൽ സ്വർണ്ണവർണ്ണത്തിന്നു ഉപപത്തിയുള്ളതായി ഭ്രമിക്കുന്നതാണബദ്ധം.

ഭീമൻ തേടിപ്പോകുന്ന സൌഗന്ധികത്തിന്നു "ബാലാ

ക്സൌഗന്ധികത്തിന്റെ പ്രകൃതി"യാണല്ലതെന്നു വ്യാസഭാരതത്തിൽ കാണുന്നു. ഈ ദ്യുതിയെത്തന്നെയാണു് "കാഞ്ചനാഭം" എന്ന പ്രയോഗംകൊണ്ടു് നമ്പ്യാർ വിവക്ഷിക്കുന്നതു്. "കനലിൽ ചുട്ടെടുത്തോരു കനകക്കല്ലുകളെപ്പോലെ, ദിനകരനുടെ ബിംബം ഇതുവരെ നിറംതേടി"; എന്നു് നമ്പ്യാർതന്നെ അന്യത്രചെയ്തിട്ടുള്ള സൂര്യോദയവർണ്ണനം(?)ഈ അഭിപ്രായത്തെ ബലപ്പെടുത്തുന്നു. വാസ്തവത്തിൽ രക്തവർണ്ണമായ സൌഗന്ധികത്തെപ്പററി പ്രതിപാദിക്കുമ്പോൾ നമ്പ്യാർ "കാഞ്ചനാഭം"എന്നു് അതിനെ വിശേഷിപ്പിക്കുക മാത്രമാണു് ചെയ്യുന്നതു്. എന്നാൽ മി: നാരായണപിള്ള അതു് സമ്മതിക്കുന്നില്ല. അദ്ദേഹം പറയുന്നതു നോക്കുക:—കുബേരകിങ്കരന്മാർ പറയുന്നതു് ഈ വിശേഷജാതി സൌഗന്ധികം അവരുടെ സ്വാമി എവിടെനിന്നോ കൊണ്ടുവന്നു് സൂക്ഷിച്ചു വളർത്തുന്നതെന്നാണു്. വെളുത്തോ ചുവന്നോ ഉള്ള സൌഗന്ധികം സാധാരണ. അതു പലേടവും ഉണ്ടായി എന്നു വരും. പക്ഷേ സ്വർണ്ണവർണ്ണമായ അസാധാരണജാതി കുബേരന്റെ പുഷ്കരണിയിലല്ലാതെ കിട്ടുകയില്ല. ഇതാണു് കഥാപ്രതിപാദനംകൊണ്ടു ഗ്രഹിക്കേണ്ടതു്. അതുകൊണ്ടുതന്നെയാണു് അതിനു് കല്യാണസൌഗന്ധികമെന്നു് ആരോ നാമകരണം ചെയ്തതു്." ഇവിടെ വന്നിരിക്കുന്ന യുക്തിവൈകല്യങ്ങൾ എടുത്തുകാണിക്കാം. ഈ വിശേഷജാതി സൌഗന്ധികം കുബേരൻ എവിടെനിന്നോ കൊണ്ടുവന്നതാണു്. അപ്പോൾ കുബേരപുരിയിലും വേ

റെ ചിലേടത്തും ഈ പുഷ്പമുണ്ടെന്നു വരുന്നു. എന്നിട്ടും ഇതു കുബേരന്റെ പുഷ്കരണിയിലല്ലാതെ കിട്ടുകയില്ലെന്നു മി. നാരായണപിള്ള പറയുന്നു. ഇവിടെയുള്ള പൂർവ്വാപരവൈരുദ്ധ്യം പ്രകടമാണല്ലോ. കുബേരകിങ്കരന്മാരുടെ വാക്കുകളിൽനിന്നാണു സ്വർണ്ണവർണ്ണമായ സൌഗന്ധികം മറെറങ്ങും കിട്ടുകയില്ലെന്നു വരുന്നതു്. ഈ സംഗതി ആദ്യമായി പ്രതിപാദിച്ചിരിക്കുന്നതു് നമ്പ്യാരുടെ തുള്ളലിലുമാണു്. അതുകൊണ്ടാണുപോലും കല്യാണസൌഗന്ധികസംജ്ഞ അതിനു മുൻപു തന്നെ ആരോ കൊടുത്തിട്ടുള്ളതു്. ഇതെങ്ങനെ സാധിക്കും? നമ്പ്യാരുടെ ഉദ്ദേശം മുൻകൂട്ടി കണ്ടിട്ടായിരിക്കുമോ ആ സംജ്ഞാകാരൻ കല്യാണപദം സ്വർണ്ണാർത്ഥത്തിൽ പ്രയോഗിച്ചതു്? ഇവിടെ കാണുന്ന യുക്തി വിചിത്രമായിരിക്കുന്നു.

മറെറാരിടത്തു് മി. നാരായണപിള്ള പറയുന്നതു് ഇപ്രകാരമാണു്. "സൌഗന്ധികം, കൽഹാരം ഇവ സാമാന്യജാതിയും ഹല്ലകം, രക്തസന്ധ്യകം ഇവ രക്തവർണ്ണമായ സൌഗന്ധികവും ആകുന്നു." ഇതിൽനിന്നു് ഹല്ലകവും രക്തസന്ധ്യകവും വിശേഷജാതിയാണെന്നു സിദ്ധിക്കുന്നു. എന്നാൽ ഈ സാമാന്യത്തിലും വിശേഷത്തിലുംപെടാത്തതാണത്രേ സ്വർണ്ണവർണ്ണമായ സൌഗന്ധികം! കല്യാണപദത്തിനു് സ്വർണ്ണം എന്ന അർത്ഥമുണ്ടെന്നു് ഞാൻ സമ്മതിക്കുന്നതുപോലെ മംഗളമെന്ന അർത്ഥമുണ്ടെന്നു് മി: നാരായണപിള്ളയും സമ്മതിക്കുന്നു. പക്ഷെ സ്വർണ്ണാ

ത്ഥം പുരസ്കരിച്ചാണു് നാമകരണം ചെയ്തിരിക്കുന്നതു്
എന്നാണു് അദ്ദേഹത്തിൻെറ സിദ്ധാന്തം. "കല്യാണ
ശബ്ദംകൊണ്ടു് ശ്ലേഷോത്ഥാപിതമായ മംഗളാർത്ഥം
കൂടി ഉദ്ദേശിച്ചിരിക്കാ"മെന്നു് അദ്ദേഹത്തിനു് തോന്നു
ന്നുണ്ടു്. എന്നാൽ കല്യാണം എന്ന പദം കേൾക്കുമ്പോൾ
പെട്ടെന്നു് ഒരുവൻെറ മനസ്സിൽ പ്രതീയമാനമാകുന്ന മം
ഗളാർത്ഥം തിരസ്കരിച്ചിട്ടു് അനതിപ്രസിദ്ധമായ സ്വർണ്ണാ
ർത്ഥം സ്വീകരിച്ചു് നമ്പ്യാർ ഒരു ശ്ലേഷകല്പന ചെയ്തിരി
ക്കുന്നതായി വാദിപ്പാൻ അദ്ദേഹം പറയുമ്പോലെ "കുറെ
ഭാവനാശുഷ്കത കൂടാതെ കഴികയില്ല." ജനസാമാന്യത്തെ
കാര്യങ്ങൾ ഗ്രഹിപ്പിക്കാൻ സദാ തൽപ്പരനായ നമ്പ്യാർ
കേവലം പ്രയോഗവിരളമായ അർത്ഥത്തിൽ കല്യാണപ
ദം സ്വീകരിക്കും എന്നൂഹിപ്പാൻ പ്രയാസമുണ്ടു്. ആശ്ച
ര്യപുഷ്പം, മനോഹരപുഷ്പം, ചന്തമേറും പുഷ്പം,
എന്നും മററും അദ്ദേഹം പലേടത്തും പുഷ്പവിശേഷണം
ചെയ്തിരിക്കുന്നതും കാണ്മാനുണ്ടു്. സ്വർണ്ണമെന്ന അർത്ഥ
ത്തിൽ കല്യാണപദം മററുകൃതികളിലെങ്ങും നമ്പ്യാർ ഉപ
യോഗിച്ചിട്ടുള്ളതായി അറിയുന്നുമില്ല. അതിനാൽ കിങ്ക
രന്മാരുടെ പുലമ്പലിനെ പ്രമാണമാക്കിയുള്ള മി. നാരാ
യണപിള്ളയുടെ വാദം തീരെ ദുർബ്ബലമാകുന്നു.

"കല്യാണമക്ഷയേ സ്വർഗ്ഗേ" എന്ന പ്രമാണപ്രകാരം
കല്യാണസൌഗന്ധികത്തിനു് അക്ഷയമായ സൌഗന്ധിക,

മെന്നോ സ്വൎഗ്ഗത്തിലുള്ള സൌഗന്ധികമെന്നോ അൎത്ഥം പറയാവുന്നതാണു്. അക്ഷയപുഷ്പം എന്നുവെച്ചാൽ വാടിപ്പോകാത്ത പുഷ്പമെന്നു് സാരം. കുബേരൻ സൌഗന്ധികം കൊണ്ടുവന്നതു സ്വൎഗ്ഗത്തിൽനിന്നായിരിക്കുമെന്നു് ഊഹിക്കുന്നതിലും യുക്തിഭംഗമില്ല. ഈ സ്ഥിതിക്കു് മി. നാരായണപിള്ളയുടെ സ്വൎണ്ണാൎത്ഥത്തെക്കാൾ ഈ രണ്ടൎത്ഥങ്ങളും ഉചിതതരങ്ങളാണെന്നു് വിചാരിക്കുന്നതിൽ എന്താണു് വൈഷമ്യം?

എന്നാൽ സ്വൎണ്ണമെന്നുള്ള അൎത്ഥകല്പന ചെയ്‌വാൻ മി: നാരായണപിള്ളയെ പ്രേരിപ്പിച്ച സംഗതിയും അദ്ദേഹം ലേഖനത്തിന്റെ ആരംഭത്തിൽ പ്രസ്താവിക്കുന്നുണ്ടു്. "ആലപ്പുഴ ഹൈസ്കൂളിൽ പഠിച്ചിരുന്നപ്പോൾ അവിടെ മലയാളം മുൻഷിയായിരുന്ന ഹരിഹരസുബ്രഹ്മണ്യശാസ്ത്രികൾ അവർകൾ പറഞ്ഞുതന്ന വ്യാഖ്യാനം ഞാൻ ആവൎത്തിക്കയാണു് ചെയ്തതു്. ഇലത്തൂർ രാമസ്വാമിശാസ്ത്രികളുടെ ശിഷ്യനായിരുന്ന അദ്ദേഹത്തിന്റെ വൈദുഷ്യത്തിലുള്ള പ്രത്യയം നിമിത്തം അതിനെപ്പററി പിന്നെ ഞാൻ ഒന്നും വിചാരിച്ചതുമില്ല". ഈ പ്രസ്താവത്തിനു് സമാധാനം ചുരുക്കത്തിൽ പറയാം. മി: നാരായണപിള്ളയ്ക്കു ശാസ്ത്രികളുടെ വൈദുഷ്യത്തിൽ പ്രത്യയമുണ്ടായിരുന്നതുകൊണ്ടു് അദ്ദേഹം യാതൊന്നുമാലോചിക്കാതെ ശാസ്ത്രികൾ പറഞ്ഞുകൊടുത്ത അൎത്ഥം അപ്പടി കണ്ണുമടച്ചു വിശ്വസിച്ചു. എന്നാൽ കാലം മാറിയിരിക്കുന്നു. യാതൊ

ശവൻേറയും അഭിപ്രായത്തെ വേദവാക്യമായി വിശ്വസി പ്പാൻ ഇന്നത്തെ ലോകം സന്നദ്ധമല്ല. അതിനാൽ മി. നാരായണപിള്ളയ്ക്കു ശാസ്ത്രികളെപ്പററിയുണ്ടായിരുന്ന പ്ര ത്യയം മി. നാരായണപിള്ളയെ സംബന്ധിച്ച മററുള്ളവ ക്കില്ലെങ്കിൽ അതിൽ ആശ്ചര്യത്തിനവകാശമില്ല.

ഇനി മംഗളാർത്ഥം പുരസ്കരിച്ചാണു് പ്രസ്തുത കൃതി ക്കു് നാമകരണം ചെയ്തിരിക്കുന്നതെന്നുള്ള എൻെറ അഭി പ്രായത്തിനു അടിസ്ഥാനമായി ചില കാര്യങ്ങൾ പ്രസ്താ വിച്ചു ഈ ലേഖനം അവസാനിപ്പിക്കാം.

(a) നമ്പ്യാർതന്നെ പ്രസ്തുത കൃതിയിൽ മംഗളാർത്ഥ ത്തിൽ കല്യാണപദം പല പ്രാവശ്യവും ഉദ്ദേശപൂർവ്വകമാ യി ഉപയോഗിച്ചിരിക്കുന്നു.

ഇവിടെയെല്ലാം കല്യാണപദത്തിനു് മംഗളാർത്ഥവിവ ക്ഷയാണുള്ളതെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇ തിനിടയ്ക്കു് നാമനിർദ്ദേശത്തിൽ മാത്രം കല്യാണപദത്തിനു നമ്പ്യാർ സ്വർണ്ണാർത്ഥം സ്വീകരിച്ചു എന്നു പറയുന്നതു് കേ വലം അസംഗതമായി ഭവിക്കുന്നു.

(b) സാഹിത്യപരിഷത്ത്രൈമാസികത്തിലെ ലേഖ നത്തിൽ ഞാൻ അഭ്യൂഹിച്ചിരുന്നതുപോലെ കല്യാണസൌ ഗന്ധികം എന്നൊരു രൂപകം എൻെറ ഒരു മാന്യസ്നേഹി തൻെറ പക്കൽനിന്നും ലഭിക്കാനിടയായി. ആ പ്രാചീ നകൃതിയിൽ കല്യാണകൻ എന്നൊരു ഗന്ധർവ്വൻ ഭീമനും

ഷന്തുമാൻം തമ്മിലുള്ള കലഹത്തെ ഒതുക്കിത്തീർത്തു് സൌഗന്ധികസമ്പാദനം കല്യാണമായി പരിണമിപ്പിക്കുന്ന പ്രകാരം പ്രതിപാദിച്ചിരിക്കുന്നു. ധ്രുവചരിതം തുള്ളലിൽനിന്നും ഈ രൂപകം നമ്പ്യാർക്കു് പരിചിതമായിരുന്നു എന്നു് നമുക്കു ധാരാളം വിശ്വസിക്കാം. കല്യാണകനെ നമ്പ്യാർ തുള്ളലിൽ പ്രവേശിപ്പിക്കുന്നില്ലെങ്കിലും ആ ഗന്ധർവ്വൻെറ യത്നം ശുഭമായി പര്യവസാനിക്കുകയാൽ മംഗളദ്യോതകമായ കല്യാണപദം നമ്പ്യാർ സ്വീകരിച്ചതായി വിചാരിക്കാവുന്നതാണു്.

(c) കല്യാണസൗഗന്ധികം തുള്ളൽക്കഥയുടെ ഉത്ഭവത്തെയും രചനയെയും അപഗ്രഥിച്ചു നോക്കിയാലും കല്യാണപദം മംഗളാർത്ഥദ്യോതകമാണെന്നുകാണാൻകഴിയും. നമ്പ്യാരുടെ ഭാവി മംഗളത്തിനു് ബീജാവാപം ചെയ്ത ഒന്നാമത്തെ തുള്ളലാണല്ലോ കല്യാണസൌഗന്ധികം. ചാക്യാരോടുള്ള പിണക്കം നിമിത്തം ഉപജീവനത്തിനുപോലും ബുദ്ധിമുട്ടിയ നമ്പ്യാർ ആദ്യമായി സ്വീകരിച്ച സാഹിത്യവ്യവസായം തനിക്കു കല്യാണദായകമായി പരിണമിക്കണമെന്നുള്ള വിചാരം അദ്ദേഹത്തിൻെറ ഹൃദയത്തിൽ പ്രബലമായി പതിയാതിരിക്കയില്ലല്ലോ. പല പ്രതിബന്ധങ്ങളേയും ശിഥിലീകരിച്ചു് വിജയശ്രീലാളിതനായി മടങ്ങിയ തരസ്വിയും യശസ്വിയും ആയ ഭീമനെ നായകനാക്കി സൌഗന്ധികാപഹരണം കഥ ആദ്യമായി പ്രതിപാ

ടിച്ചതു് നമ്പ്യാർ കരുതിക്കൂട്ടിച്ചെയ്ത ഒരു പ്രവൃത്തിയാണെന്നു വേണം വിചാരിപ്പാൻ.

ഒടുവിൽ ഭീമനു മംഗളസിദ്ധിയുണ്ടാകുന്നതുപോലെ തനിക്കും മംഗളമുണ്ടാകണമെന്നുള്ള അഭിലാഷത്തെ "മംഗളം ചാരുകല്യാണം ശുഭം ശുഭം" എന്നു തുറന്നു പ്രസ്താവിച്ചുകൊണ്ടു് കഥയെ കവി ഉപസംഹരിക്കുന്നതായും കാണുന്നു. ഭാരതയുദ്ധത്തിൽ ഹനുമാൻ പാണ്ഡവന്മാരെ സഹായിക്കാമെന്നു് വാഗ്ദാനം ചെയ്യുന്നതു് ഭീമസേനന്റെ സൌഗന്ധികാന്വേഷണയാത്രയിലാണു്. അർജ്ജുനന്റെ ധ്വജത്തിൽ സ്ഥിതനായ ഹനുമാന്റെ അനുഗ്രഹം പാണ്ഡവർക്കു് മംഗളം വരുത്തുന്നതിനാൽ ഈ സൌഗന്ധികാന്വേഷണയാത്ര കല്യാണകരംതന്നെ. ഈ കാര്യവും നാമനിർദ്ദേശസമയത്തു് നമ്പ്യാരുടെ ബുദ്ധിയിൽ വ്യാപരിച്ചിരുന്നിരിക്കാം.

മേൽ പ്രസ്താവിച്ച കാര്യങ്ങളിൽനിന്നും മംഗളാർത്ഥത്തിലാണു് നമ്പ്യാർ കല്യാണപദം സൌഗന്ധികത്തോടു കൂടി ഘടിപ്പിച്ചിട്ടുള്ളതെന്നു് നിസ്സന്ദേഹം തീർച്ചപ്പെടുത്താവുന്നതാണു്. മംഗളാർത്ഥവാചികളായ പല പദങ്ങളുമിരിക്കെ അതിലൊന്നും സ്വീകരിക്കാതെ കല്യാണപദം ചേർത്തുതന്നെ കവി സ്വകൃതിയ്ക്കു് നാമകരണം ചെയ്തതു് പ്രസ്തുത കഥാഭാഗത്തിനു് മലയാളികളുടെ ഇടയിൽ കല്യാണസൌഗന്ധികമെന്ന പേർ പ്രചാരത്തിൽ ഇരുന്നതുകൊണ്ടും ആയിരിക്കണം.

എൻെറ ലേഖനത്തിൽ "നിറകത്ത ആശ്രയിച്ചുള്ള രൂപകല്പന മൂലത്തിൽ കാണുന്നില്ല", എന്നു ഞാൻ പ്രതിപാദിച്ചിരുന്നു. ഇവിടെ മൂലപാഠംകൊണ്ടു വിവക്ഷിച്ചിരിക്കുന്നതു് വ്യാസഭാരതത്തെയാണെന്നു് ലേഖനം വായിക്കുന്ന ഏതൊരുവനും ധരിക്കാവുന്നതാണു്. ഈ ബാലിശപ്രസ്താവങ്ങളെപ്പററി യാതൊന്നും പറവാൻ ഇപ്പോൾ ഞാൻ ഒരുങ്ങുന്നില്ല."

## V.

ഇതിനുശേഷം മഹാകവി ഉള്ളൂർ എസ്സ്. പരമേശ്വരയ്യരവർകൾ കഴിഞ്ഞ മേടമാസത്തിലെ സാഹിത്യപരിഷത് ത്രൈമാസികം പുസ്തകം ൧-ലക്കം ൨-ൽ ഈ വിഷയത്തേയും കൂടി പരാമർശിച്ചു് "കല്യാണസൌഗന്ധികം" എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയ ലേഖനത്തിൽ പ്രകൃതങ്ങളായ ഭാഗങ്ങൾ വിഭാഗം (൬)ൽ ചേർത്തിട്ടുള്ളതുകൊണ്ടു് ഇവിടെ സംഗ്രഹിക്കുന്നില്ല.

## VI.

മേയ് ൧൪-ാംനു-യിലെ മലയാളരാജ്യം ചിത്രവാരികയിൽ 'കല്യാണസൌഗന്ധികവാദം' എന്ന പേരിൽ മി. പി. കെ. നാരായണപിള്ള എൻെറ ലേഖനങ്ങളെ സമാഹരിച്ചു് വീണ്ടും വിമർശിക്കയുണ്ടായി

൧൯൩൪ ജൂൺ ൧൩, ജൂൺ ൨൦ ഈ തീയതികളി

ലെ മലയാളരാജ്യം ദിനപത്രത്തിൽ ഏഴാംവിഭാഗത്തിൽ ചേർത്തിരിക്കുന്ന ലേഖനം മുഴവൻ പ്രസിദ്ധപ്പെടുത്തുകയു ണ്ടായിട്ടുണ്ടു്.

KOTTAYAM PUBLIC LIBRARY
7
KOTTAYAM
71880

# കല്യാണസൌഗന്ധിക വാദപ്രതിവാദം.

ശ്രീമാൻ സി. ഐ. രാമൻനായർ, ബി. എ.

ഇക്കഴിഞ്ഞ മേയ് ൨൪-ാംതീയതിയിലെ മലയാളരാജ്യം ചിത്രവാരികയിൽ "കല്യാണസൌഗന്ധികവാദം" എന്ന തലക്കെട്ടിൽ ശ്രീമാൻ പി. കെ. നാരായണപിള്ള ബി. എ. ബി. എൽ. എഴുതിയിരുന്ന ലേഖനം വായിച്ചു. കല്യാണപദം സംബന്ധിച്ച് ഞാൻ പരിഷത്ത് ത്രൈമാസികത്തിലും, മലയാള മനോരമാപത്രത്തിലും, സാഹിത്യവിനോദിനി മാസികയിലും എഴുതിയിരുന്ന ലേഖനങ്ങളിലെ വാദമുഖങ്ങളെ സമാഹരിച്ച്, ചിത്രവാരികദ്വാരാ സംഹരിക്കുവാനാണ് അദ്ദേഹത്തിന്റെ യത്നം എന്നത്രേ; വാരികാലേഖനം വായിച്ചപ്പോൾ എനിക്കു തോന്നിയതു്.

പ്രസ്തുത ലേഖനം എന്റെ അഭിപ്രായത്തിന് പൂർവ്വവൽ ദാർഢ്യം വരുത്തുന്നുണ്ടെന്ന സത്യം കണ്ടുപിടിക്കുവാൻ ഒരു സാമാന്യ വായനക്കാരൻ ഉദാസീനനായിരിക്കും. അതിനാൽ ഞാൻ വീണ്ടും ഇത്രമാത്രമെഴുതുന്നു. ശാഖോ

പശാഖയായി പടൎന്നുപോയ വാദവൃക്ഷത്തിന്റെ ചുവട്ടു് ഒന്നുകൂടി ഉദ്ധരിച്ചുകൊള്ളട്ടെ!

കല്യാണത്തിന്നു് മംഗളാൎത്ഥമാണു് നമ്പ്യാർ പുരസ്കരിച്ചിട്ടുള്ളതെന്നു ഞാൻ; സ്വൎണ്ണാൎത്ഥമാണെന്നു് നാരായണപിള്ള അവർകൾ ഇത്രമാത്രം.

സ്വൎണ്ണാൎത്ഥം സ്ഥാപിക്കുന്നതിന്നു് അദ്ദേഹം ഇപ്പോൾ ആശ്രയിക്കുന്ന പ്രമാണങ്ങളും അവയുടെ സ്വഭാവവും എത്രമാത്രം കരുത്തുള്ളതാണെന്നു് പരിശോധിക്കതന്നെ.

താഴെ പറയുന്ന ഗ്രന്ഥങ്ങളിലെ പ്രസ്താവനകൾ അദ്ദേഹം ശരണീകരക്കുന്നു.

൧) വ്യാസഭാരതം, ൨) കല്പിച്ചുണ്ടാക്കിയ ആട്ടക്കഥ, ൩) ഭാരതമഞ്ജരി, ൪) കൌന്തേയവൃത്തം, ൫) കല്യാണസൌഗന്ധികം ചമ്പു.

(൧) വ്യാസഭാരതം അടിസ്ഥാനമാക്കി അദ്ദേഹം കൊണ്ടുവരുന്ന തെളിവുകളുടെ സ്വരൂപം:—

“ ൧) തതഃ പൂൎവ്വോത്തരേ വായുഃ
പ്ലവമാനോ യദൃച്ഛയാ
സഹസ്രപത്രമൎക്കാഭം
ദിവ്യം പത്മമുപാഹരൽ.

൨) ദിവ്യാം കനകപുഷ്കരാം

൩) ജാതരൂപമയൈഃ പത്മൈ-
ശ്ഛന്നാം പരമഗന്ധിഭിഃ

൪) കാഞ്ചനൈൎവിമലൈഃ പത്മൈ-
ൎദ്ദദശ വിപുലാം നദീം”

"ഇവിടെ പുഷ്കരാദിശബ്ദങ്ങൾ സൌഗന്ധികാത്ഥങ്ങളാണു്.

പുഷ്കരേപ്സുമുപായാന്ത-
മന്യോന്യമഭി ചുക്രുശുഃ

'പുഷ്കരേപ്സു' എന്നു ഭീമനെപ്പററി പറയുന്നതു നോക്കുക. സൌഗന്ധികം പറിക്കാനാണല്ലോ ഭീമൻെറ ഉദ്യമം. ഇത്യാദി ഭാഗങ്ങൾകൊണ്ടു് പ്രസ്തുതമായ സൌഗന്ധികം സ്വർണ്ണവർണ്ണമാണെന്നു് മഹാഭാരതത്തിൽനിന്നും സ്പഷ്ടമാകുന്നു."

ഈ വ്യാഖ്യാനത്തോടും അനുമാനത്തോടും ഞാൻ തീരെ യോജിക്കുന്നില്ല. അതിനുള്ള കാരണങ്ങളും പറഞ്ഞുകൊള്ളുന്നു. മുൻ പിൻ കാണിക്കാതെയുള്ള അദ്ദേഹത്തിൻെറ ഉദ്ധാരണങ്ങൾ വായനക്കാരെ വഴിപിഴപ്പിക്കുമെന്നുള്ളതിനാൽ പ്രകൃതോപയോഗിയായ ശ്ലോകങ്ങൾ മുഴുവൻ ഉദ്ധരിച്ചുകൊള്ളട്ടെ:—

൧) "സാഗതാ നളിനീം രമ്യാം
രാക്ഷസൈരഭിരക്ഷിതാം
കൈലാസ ശിഖരേ രമ്യേ
ദദശ ശുഭ കാനനേ
കുബേരഭവനാഭ്യാശേ
ജാതാം പവ്വത നിർഝരൈഃ
സുരമ്യാം വിപുലച്ഛായാം
നാനാദ്രുമലതാകലാം

ഹരിതാംബുജസംഛന്നാം
ദിവ്യാം കനകപുഷ്കരാം

നാനാപക്ഷിജനാകീർണ്ണാം
സൂപതീർത്ഥാമകർദ്ദമാം
അതിവരമ്യാം സുജലാം
ജാതാം പർവ്വതസാനുഷു
വിചിത്രഭൂതാം ലോകസ്യ
ശുഭാം അത്ഭുതദർശനാം
തത്രാമൃതരസംശീതം
ലഘുകുന്തീസുതഃ ശുഭം
ദദർശവിമലംതോയം
പിബംശ്ച ബഹു പാണ്ഡവഃ
താംതു പുഷ്കരിണീം രമ്യാം
ദിവ്യസൌഗന്ധികാവൃതാം

ജാതരൂപമയൈഃ പത്മൈ-
ശ്ഛന്നാം പരമഗന്ധിഭിഃ

വൈഡൂര്യവരനാളൈശ്ച
ബഹുചിത്രൈർമനോരമൈഃ

ഈ ശ്ലോകങ്ങളിൽ, ഹരിതാംബുജങ്ങളും കനകപുഷ്കരങ്ങളും മററും മററുമുള്ള നളിനി ഭീമൻ പ്രാപിച്ചു എന്നും, ഈ നളിനി ദിവ്യസൌഗന്ധികത്താൽ ആവൃതവും ജാതരൂപമയങ്ങളായ പത്മങ്ങളാൽ ഛന്നവും ആണെന്നും തെളിച്ചുപറഞ്ഞിരിക്കുന്നു. ദിവ്യസൌഗന്ധികങ്ങൾ വേ

റെ; ജാതരൂപമയങ്ങളായ പത്മങ്ങൾ വേറെ; രണ്ടും ഒന്നല്ലെന്നും, രണ്ടും രണ്ടുതന്നെ എന്നും ഇത്ര സ്പഷ്ടമായിപ്പറഞ്ഞിരിക്കുന്ന സ്ഥിതിക്കു് ജാതരൂപമായ പത്മത്തെ ആണു് കനകപുഷ്കരമെന്നും കാഞ്ചനപത്മമെന്നും കവി വിവക്ഷിച്ചിരിക്കുന്നതു് എന്നു് സുഗ്രഹമല്ലേ! ഇവിടെ കാണിച്ച 'പുഷ്കരാദിശബ്ദങ്ങൾ സൌഗന്ധികാൎത്ഥ'ത്തിലല്ല കവി പ്രയോഗിച്ചിട്ടുള്ളതു് എന്നു് ധൈൎയ്യമായി പറയാമെന്നിരിക്കെ, വ്യാസഭാരതശ്ലോകങ്ങൾ അവയവഛേദം ചെയ്തു അന്യഥാ വ്യാഖ്യാനിച്ചിരിക്കുന്നതു് സാഹസമല്ലേ! ഇതിനാൽ ഭാരതശ്ലോകങ്ങളിൽ മേൽകാണിച്ച കനകകാഞ്ചനാദിവിശേഷണങ്ങൾ സൌഗന്ധികത്തെ സംബന്ധിക്കുന്നില്ല എന്നു് വിശേഷിച്ചു് എടുത്തു പറയേണ്ടല്ലോ.

എന്നാൽ മി. നാരായണപിള്ള "പുഷ്കരാദിശബ്ദങ്ങൾ സൌഗന്ധികാൎത്ഥങ്ങളാണു" എന്നു സാധിക്കുന്നതിനുള്ള വൈഷമ്യം ഗ്രഹിച്ചു "പുഷ്കരേപ്സു" എന്ന ഭീമനെപ്പററി പറയുന്നതു പ്രത്യേകം എടുത്തുകാണിക്കുകയും "ഭീമന്റെ ഉദ്യമം സൌഗന്ധികം പറിക്കുന്നതിനായതുകൊണ്ടു പ്രകൃതത്തിൽ പുഷ്കരപ്രയോഗം സൌഗന്ധികാൎത്ഥത്തിലാണെന്നു് സമൎത്ഥിക്കുകയും ചെയ്യുന്നു. പ്രസ്തുത ശ്ലോകപാദത്തിന്റെ പൂൎവ്വോത്തരഘട്ടങ്ങൾ കൂടി ഉദ്ധരിക്കേണ്ടതു് പ്രകൃതത്തിൽ അത്യാവശ്യമായിരിക്കുന്നു.

"തേ തു ദൃഷ്ട്വൈവ കൌന്തേയ
മജിനൈഃ പരിവാരിതം

രുക്മാംഗദധരം വീരം
ഭീമം ഭീമപരാക്രമം
സായുധം ബദ്ധനിസ്ത്രിംശ
മശങ്കിതമരിംദമം
പുഷ്കരേപ്സുമപായാന്ത-
മന്യോന്യമഭിചുക്രുശുഃ
അയം പുരുഷ ശാർദ്ദൂലഃ
സായുധോഽജിനസംവൃതഃ
യച്ചികീർഷു രിഹപ്രാപ്ത-
സ്തത്സംപ്രഷ്ടുമിഹാർഹഥ ॥
തതഃ സർവ്വേ മഹാബാഹും
സമാസാദ്യവൃകോദരം
തേജോയുക്തമപൃച്ഛന്ത
കസ്ത്വമാഖ്യാതുമർഹസി
മുനിവേഷ ധരശ്ചൈവ
സായുധശ്ചൈവ ലക്ഷ്യസേ
യദർത്ഥമഭി സംപ്രാപ്ത-
സ്തദാ ചക്ഷ്വ മഹാമതേ—"

ഉദ്ധൃതമായ ഈ ശ്ലോകങ്ങളിൽനിന്നും 'പുഷ്കരേപ്സു'വായ ഭീമനെപ്പററി എന്തു ഗ്രഹിക്കുന്നു? അജിനാംബരധരനും, ഭീമപരാക്രമനും, സായുധനും, ബദ്ധനിസ്ത്രിംശനും, അശങ്കിതനും, അരിംദമനുമാണു "പുഷ്കരേപ്സു' വായ ഭീമൻ; ഇപ്രകാരമുള്ള ഭീമനെ കണ്ടിട്ടാണു കിങ്കര

ന്മാർ അന്യോന്യം മന്ത്രിച്ചതു്. അവർ മന്ത്രിച്ചതാകട്ടെ, അജിനാംബരധരനായ ഇവൻ സായുധനുംകൂടി ആയതുകൊണ്ടു ഇവന്റെ ഉപദേശത്തെ ആരായുകതന്നെയെന്നാണു്. കിങ്കരബുദ്ധിയെ വികസിപ്പിച്ചു് ആലോചിച്ചിട്ടും ഭീമന്റെ അജിനാംബരവും, യുദ്ധോപകരണങ്ങളും തമ്മിൽ പൊരുത്തമില്ലാതെ കണ്ടതിനാൽ അവർ സംഭ്രാന്തരായിത്തീരുന്നു. അജിനാംബരംകൊണ്ടു മുനിവൃത്തി അംഗീകരിച്ചിട്ടുള്ളവനാണെന്നു് അവർ ഊഹിക്കുന്നു. ആ ഊഹം വെച്ചുകൊണ്ടു നോക്കിയപ്പോൾ, പുഷ്കരേപ്സുവായിട്ടു വരുന്ന ഭീമനു 'പുഷ്കരത്തിൽ' (ജലം) സ്നാനാർത്ഥമായിട്ടാണെന്നു അവർക്കു തോന്നുന്നു; അഥവാ പൂജാദികൾക്കു 'പുഷ്കരം' (പുഷ്പം) അറുക്കുന്നതിനൊ? എന്നാൽ ഈ ഊഹം ഭദ്രമായിരിപ്പാൻ തരമില്ലെന്നു ഉത്തരക്ഷണത്തിൽ കിങ്കരന്മാർക്കു് ശങ്ക ഉദിയ്ക്കുന്നു. കേവലം താപസനാണെങ്കിൽ സായുധനും, ബദ്ധനിസ്ത്രിംശനും, അരിംദമനുമായി ഇവൻ പ്രത്യക്ഷപ്പെടുന്നതെന്തിനു? ഇവൻ 'പുഷ്കരേപ്സു' (യുദ്ധതല്പരൻ)വായിട്ടു തന്നെയോ വരുന്നതു്. ഇപ്രകാരം ബഹുധാ യോജിക്കത്തക്കവണ്ണം കൃഷ്ണദ്വൈപായനരുളിയ ആ പുണ്യപദം സൌഗന്ധികത്തിന്നു പര്യായമായിട്ടുപയോഗിക്കണമെന്നാണോ മി. നാരായണപിള്ള പറയുന്നതു? പത്മപര്യായങ്ങൾ സൌഗന്ധികമാകയില്ലെന്നു് മുമ്പു് തെളിയിച്ചിട്ടുള്ള സ്ഥിതിക്കു് പുഷ്കരശബ്ദവും സൌഗന്ധികമാവാൻ ഇടയില്ലെന്നു് വിശേഷിച്ചു് പറയേണ്ടല്ലോ.

എന്നിരിക്കെ, തുള്ളൽക്കഥയിലെ കാഞ്ചനപുഷ്പപ്രയോഗത്തിലെ പുഷ്പശബ്ദം സൌഗന്ധികാർത്ഥത്തെ സമീപിക്കുന്നതിനുപോലും കരുത്തുള്ളതാണോ? ഭാരതം സൌഗന്ധികകഥ ഉപക്രമിക്കുന്ന ഘട്ടത്തിൽ കാണുന്ന

"തത: പൂർവ്വോത്തരേ വായുഃ
പ്ലവമാനോ യദൃച്ഛയാ
സഹസ്രപത്ര മർക്കാഭം
ദിവ്യം പത്മമുപാഹരൽ",

എന്ന ശ്ലോകത്തെ മി. നാരായണപിള്ള ഉദ്ധരിച്ച് "ഇവിടെ പത്മം എന്നു പറഞ്ഞിരിക്കുന്നതു സൌഗന്ധികത്തെ ഉദ്ദേശിച്ചാണു" എന്നു പറയുന്നു. ഇതു ശരിയല്ല. പത്മം എന്നതു സൌഗന്ധികത്തെ ഉദ്ദേശിച്ചാണെങ്കിൽ "അർക്കാഭം ദിവ്യം പത്മം" സൌഗന്ധികമല്ലാതെ വരണമല്ലോ. എന്നാൽ അതങ്ങനെയല്ല താനും. അതുകൊണ്ടു പത്മം എന്നതു പത്മജാതിയാകയാൽ മാത്രമാണെന്നും, പ്രസ്തുത പത്മം സൌഗന്ധികമായതു് "അർക്കാഭം ദിവ്യ"മാകയാണെന്നും സുസ്പഷ്ടമായിരിക്കെ ഇവിടെ പത്മശബ്ദം സൌഗന്ധികവാചയാണെന്നു പറയുന്നതു ഭാഗ്യദോഷമെന്നേ പറയേണ്ടു! ഈ പരിശോധനയിൽനിന്നു പ്രസ്തുതമായ പത്മം സൌഗന്ധികമല്ലെന്നും സൌഗന്ധികത്തിനു സാവർണ്ണ്യമില്ലെന്നും സ്പഷ്ടമായല്ലോ.

### ൮. കല്പിച്ചുണ്ടാക്കിയ ആട്ടക്കഥ.

പ്രസ്തുത കാവ്യത്തിൽ 'സാരസസുന്ദരകുസുമം' എന്നു

ണ സൌഗന്ധികത്തെ വിവക്ഷിച്ചിട്ടുള്ളതെന്നു മി. നാരായണപിള്ള സമ്മതിക്കുന്നുണ്ടു്. ഇതിൽനിന്നും വെറും സാരസമല്ല, സൌഗന്ധികമെന്നു് അദ്ദേഹം ഗ്രഹിച്ചിട്ടുള്ളതായി പ്രത്യക്ഷപ്പെടുന്നു. ഭാരതശ്ലോകഭാഗങ്ങൾ ഉദാഹരിച്ചു പത്മപൎയ്യായങ്ങൾ സൌഗന്ധികാൎത്ഥത്തിൽ ആണു് പ്രയോഗിച്ചിരിക്കുന്നതെന്നു കാണിച്ച മി. നാരായണപിള്ള, ആട്ടക്കഥയെ ആധാരമാക്കി സാരസം സൌഗന്ധികപൎയ്യായമല്ലെന്നു തെളിയിച്ചതിന്റെ യുക്തി വിചിത്രമായിരിക്കുന്നു!

൩. ഭാരതമഞ്ജരി:— പത്മം സൌഗന്ധികമാണെന്നും, അതു് സ്വൎണ്ണവൎണ്ണമാണെന്നും കാണിക്കാൻ ആധാരമാക്കിയ ഇത്രയും യുക്തികളുടെ ദൌർബല്യം സ്വയം ഗ്രഹിച്ചിട്ടെന്നപോലെ, ഭാരതമഞ്ജരിയിൽ ക്ഷേമേന്ദ്രന്റെ

"വല്ഗൽ കാഞ്ചന പത്മാനി
തം ദൃഷ്ട്വാ ഹൃഷ്ടമുദ്യതം
വീരം ദശസഹസ്രാണി
രക്ഷസാം സമുപാദ്രവൻ"

എന്ന ശ്ലോകത്തേയും കൂടി ഉദ്ധരിച്ചു സ്വാഭിപ്രായം സ്ഥിരപ്പെടുത്തുവാൻ അദ്ദേഹം ഉത്സാഹിക്കുന്നു. എന്നാൽ ക്ഷേമേന്ദ്രൻ,

"വൈഡൂൎയ്യനാളരുചിരൈഃ
ശോണരത്നമയച്ഛദൈഃ
ഭൂഷിതാമുദ്ധതാമോദൈഃ
പുഷ്പൈഃ കനക കൎണ്ണികൈഃ"

എന്നിങ്ങനെഅതിൻെറനാളങ്ങൾവൈഡൂര്യരുചിരമായും, ഇതളുകൾ പത്മരാഗമയമായും അല്ലി കനകമയമായും നിർമ്മിച്ചിരിക്കുന്നതായി സുവ്യക്തമായി അവയവവർണ്ണനനിർദ്ദേശം ചെയ്തിരിക്കുന്നതു മി. നാരായണപിള്ള കണ്ടില്ലെന്നു വരുമോ? അതുകൊണ്ടു പ്രസ്തുത 'കാഞ്ചനപത്മ'പ്രയോഗത്താൽ ക്ഷേമേന്ദ്രൻ സൌഗന്ധികവർണ്ണം നിർദ്ദേശിക്കുന്നുവെന്നു പറയുന്നതു വാസ്തവവിരുദ്ധമാണെന്നു സ്പഷ്ടം. വൈത്തിപ്പട്ടരുടെ ആകൃതി പ്രകൃതികൾ വിസ്തരിച്ചു വർണ്ണിച്ചിട്ടുള്ള ചന്തുമേനവൻ, സന്ദർഭവശാൽ "ഈ വിദ്വാൻ" എന്നു പറയുന്നതു മാത്രം ആധാരമാക്കി, പട്ടരുടെ സ്വഭാവം അനുമിക്കുന്നതുപോലെ വിചിത്രമാണു്, മി. നാരായണപിള്ളയുടെ ഈ അനുമാനം. ഇത്തരം ഘട്ടങ്ങളിൽ, കവിമനോധർമ്മത്തിനു സ്വച്ഛന്ദവിഹാരമനുവദിച്ചുകൊടുക്കാതെ കാഞ്ചനശബ്ദത്തിൽ കാഞ്ചനവർണ്ണം ദർശിച്ചുകൊണ്ടുള്ള ഈ വാദഗതി അസാധു—അസാധു' എന്നു പറയേണ്ടിയിരിക്കുന്നു.

൪. കൌന്തേയവൃത്തം:- പത്മത്തിനു കാഞ്ചനനിറമാണെന്നു കാണിക്കുവാനുള്ള സംരംഭത്തിൽ വിദ്യാവാഗീശകവിയുടെ

പ്രകൃത്യാ പുണ്ഡരീകേ
സദൃശം പാണിപല്ലവേ
ധാര്യ്യമാണമിദം സദ്യോ
ദധേ കോകനദദ്യുതിം.

എന്ന ശ്ലോകം അദ്ദേഹം പകൎത്തുന്നു. ഈ ശ്ലോകത്തിൽ സൌഗന്ധികത്തെ 'ധവളവൎണ്ണ'ത്തിലാണു കവി വൎണ്ണിക്കുന്നതു്. സൌഗന്ധികം സ്വൎണ്ണവൎണ്ണത്തിലാണെന്നു സ്ഥാപിക്കുവാനാണല്ലൊ മി. നാരായണപിള്ള ക്ലേശിക്കുന്നതു്. സൌഗന്ധികം ധവളവൎണ്ണത്തിലും, രക്തവൎണ്ണത്തിലുമുണ്ടെന്നു പ്രമാണസമ്മതിയുണ്ടു്. രക്തവൎണ്ണത്തിലുള്ള സൌഗന്ധികത്തെക്കുറിച്ചു ഒരിടത്തും പ്രതിപാദിച്ചിട്ടുള്ളതായി മി. നാരായണപിള്ള ചൂണ്ടിക്കാണിച്ചിട്ടില്ല. ആ നിലയ്ക്കു തുള്ളലിലും മററും കാണുന്ന കനകകാഞ്ചനാദിപദങ്ങളാൽ വിശേഷിപ്പിക്കപ്പെടുന്നതു്. രക്തവൎണ്ണമായ സൌഗന്ധികമാണെന്നുള്ളതിനു പക്ഷാന്തരമില്ല തന്നെ. മി. നാരാരായണപിള്ളയുടെ സ്വൎണ്ണാൎത്ഥം സ്വീകരിയ്ക്കുന്നപക്ഷം ഇല്ലാത്ത വസ്തു ഉണ്ടെന്നു ധ്യാനിച്ചാലും പോരാ, ഉള്ള വസ്തുവിനെ ഇല്ലെന്നു ഗണിക്കേണ്ടിയും വരുന്നു. ഇതു സാഹസമല്ലെ!

൫. കല്യാണസൌഗന്ധികം ചമ്പു:— ഈ പ്രബന്ധത്തിൽ

"പലതരമിതതി ലളിതകനകനിറമതുകവരു-
മധികതരരുചിരദളജാലം"

എന്നിങ്ങനെ പ്രസ്താവിച്ചിരിക്കുന്നതു് അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടു ഇവിടത്തെ 'കനകനിറമതുകവരും' എന്നതു 'സൌഗന്ധികത്തിന്റെ സ്വൎണ്ണനിറം കാണിക്കുന്നു' എന്നു പറയുന്നു. ഇതിനു പ്രധാനമായി രണ്ടു് ആക്ഷേപ

ങ്ങൾ ഞാൻ കാണുന്നു. ഒന്നാമത് നിറം 'ദളജാല'സംബന്ധി മാത്രമെന്നാണ് ചമ്പൂവിൽ പറയുന്നതു്. രണ്ടാമതു് ഈ ദളജാലസംബന്ധിയായ നിറം'കനകനിറ'മല്ല; 'കനകനിറമിതു കവരുന്ന നിറ'മാണ്. "പങ്കജമൊട്ടിനൊടങ്കം പൊരുതു്" എന്ന നമ്പിയാരുടെ പ്രയോഗത്തിനു് എങ്ങനെ അർത്ഥം പറയുമോ എന്തോ? ശ്രീകൃഷ്ണൻ കാളിന്ദിയിൽ ഇറങ്ങിയപ്പോൾ

"അക്ഷ്പ്രഭയെജ്ജയിക്കുന്ന കാന്തിക-
ളക്കരെയൊക്കെ ജ്വലിക്കുന്നതെന്തുവാൻ?"

എന്ന നമ്പിയാരുടെ പ്രയോഗം കൃഷ്ണനിറത്തെ പരാമർശിക്കുന്നതിനാണോ? അതുകൊണ്ടു് ചമ്പൂവിലെ പ്രയോഗം അടിസ്ഥാനമാക്കി സൌഗന്ധികവർണ്ണം നിർണ്ണയിക്കുന്നതു് "രജ്ജുഖണ്ഡത്തിലെ പന്നഗബുദ്ധിപോലെ" അസത്യമായിരിക്കും എന്നു് സുവ്യക്തമാകുന്നു.

ഈ പരിശോധനയിൽനിന്നും പ്രമാണങ്ങളേയും അവയുടെ സ്വഭാവത്തേയും വ്യാഖ്യാനിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ വാദഗതി, കേവലം തെററിദ്ധാരണമൂലം വന്നുപോയിട്ടുള്ളതാണെന്നു് സുവിശദമാകുന്നു.

എന്നാൽ പ്രമാണങ്ങൾക്കു പുറമേ, സ്വമതം സ്ഥാപിക്കുന്നതിനു് പുതിയ ചില വാദമുഖങ്ങളും അദ്ദേഹം ഇപ്പോൾ കൊണ്ടുവരുന്നതായി 'ചിത്രവാരികാ'ലേഖനത്തിൽനിന്നും ഞാൻ മനസ്സിലാക്കുന്നു. അതിനാൽ ടി വാദമുഖ

ങ്ങളെങ്കിലും ഭദ്രപ്രതിഷ്ഠിതങ്ങളാണോ എന്നു് വിചാരണ ചെയ്യുന്നു:—

## വാദമുഖങ്ങളും അവയുടെ സ്വരൂപവും.

പാഞ്ചാലി, "കാഞ്ചനാഭം" എന്നും, ഭീമൻ "കാഞ്ചനപുഷ്പം" എന്നും പ്രയോഗിച്ചതു് രക്തവർണ്ണമായ സൌഗന്ധികത്തെ ഉദ്ദേശിച്ചാണെന്നു് ഞാൻ സാഹിത്യവിനോദിനിലേഖനത്തിൽ അഭിപ്രായപ്പെട്ടു; ദൃഷ്ടാന്തപൂർവ്വം എൻെറ അഭിപ്രായം സമർത്ഥിക്കുകയും ചെയ്തു. രക്തവർണ്ണമായ വസ്തുക്കളെ കനകകാഞ്ചനാദിപദങ്ങൾകൊണ്ടു് വിശേഷിപ്പിക്കുന്നതു് കവിസാധാരണയാണു്. ഉദയാസ്തമയവേളകളിലുള്ള ആദിത്യൻെറ രക്തവർണ്ണത്തെ കാഞ്ചനാദിപദങ്ങളാൽ കവികൾ വിശേഷിപ്പിക്കാറുണ്ടു്. ബാലാർക്കദ്യുതിയ്ക്കു് ഹേമപ്രഭ എന്നും പ്രയോഗമുണ്ടു്. ഇക്കാരണങ്ങളാൽ ആചാര്യസമ്മതം ലഭിച്ചിട്ടുള്ള സാക്ഷാൽ രക്തവർണ്ണമായ സൌഗന്ധികം, കവിഭാവനയിൽ പ്രതിഫലിക്കുമ്പോൾ കാഞ്ചനവർണ്ണമാകുന്നതു് സഹൃദയഹൃദയാഹ്ളാദകരമായിട്ടു് പരിണമിക്കുന്നു എന്നല്ലാതെ കാഞ്ചനശബ്ദപ്രയോഗംകൊണ്ടു് സ്വർണ്ണനിറമായ സൌഗന്ധികം ഉണ്ടെന്നു വാദിക്കരുതെന്നു് ഞാൻ പൂർവ്വലേഖനത്തിൽ യുക്തിയുക്തം പ്രസ്താവിച്ചു. മി. നാരായണപിള്ള ഈ അഭിപ്രായത്തോടു് വിയോജിക്കുന്നതിൻെറ സമ്പ്രദായം എപ്രകാരമാണെന്നു നോക്കാം:—

അദ്ദേഹം കുറെദൂരം എന്നെ അനുഗമിച്ചു. എങ്ങനെയെന്നാൽ, കവികൾ ഇപ്രകാരം സ്വാതന്ത്ര്യംകാണിക്കുമെന്നാണു് അദ്ദേഹത്തിൻേറയും അഭിപ്രായം. ഉദയസൂൎയ്യവൎണ്ണനം ചിലർ താമ്രമായും, മററുചിലർ രക്തമായും വൎണ്ണിക്കുമെന്നു് അദ്ദേഹം സമ്മതിക്കുന്നു. ബാലാദിത്യനെ മഹാഭാരതത്തിൽതന്നെ കനകവൎണ്ണനായി വൎണ്ണിക്കാറുണ്ടെന്നുള്ളതിനു് ഒരു ശ്ലോകവും അദ്ദേഹം ഉദ്ധരിക്കുന്നു. ഹേമമാലി എന്ന് സൂൎയ്യനെ പറയാറുണ്ടെന്നും അദ്ദേഹം എടുത്തുകാണിക്കുന്നു. ഈ പ്രയോഗം ബാലാൎക്കനോ വൃദ്ധാൎക്കനോ മാത്രമേ യോജിക്കയുള്ളു (?) എന്നതിലും അദ്ദേഹത്തിനു പക്ഷാന്തരമില്ല. ഇത്രയും എന്നെ പിൻതുടൎന്ന സ്ഥിതിക്കു് രക്തവൎണ്ണമായ സൌഗന്ധികത്തെ കവിമൎയ്യാദ അനുസരിച്ചു് കാഞ്ചനപുഷ്പമായി വൎണ്ണിക്കുന്നുഎന്നു് അദ്ദേഹത്തിനും പറയാതെ ഗത്യന്തരമില്ലെന്നാദിക്കായി! എന്നാൽ അങ്ങനെ പറഞ്ഞാൽ തനിക്കു് നില്പദമില്ലല്ലോ എന്നു്. തൽക്ഷണം ഗ്രഹിച്ചു് അദ്ദേഹം കാലുമാറുന്ന സമ്പ്രദായം നോക്കുക:— "അതുകൊണ്ടു് ബാലാൎക്കസദൃശദ്യുതി എന്നു പറഞ്ഞാൽ സ്വൎണ്ണവൎണ്ണം നിരസ്തമാകണമെന്നില്ല. കനകകാഞ്ചനാദിപ്രസ്താവനകളുമായി നിരപ്പാക്കാൻ ബാലാൎക്കസദൃശദ്യുതി എന്ന പദത്തെ സ്വൎണ്ണകാന്തിസ്ഫുരണവത്തു് എന്നു് വ്യാഖ്യാനിക്കേണ്ടതായി തോന്നുന്നു". ഈ "തോന്നൽ" അതീവ കഷ്ടം എന്നേ പറയേണ്ടു! എന്തെന്നാൽ, രക്തസൌഗന്ധി

കം ഉണ്ടെന്നു് അദ്ദേഹത്തിനു പൂൎണ്ണസമ്മതമാണു്. രക്ത വൎണ്ണമായ വസ്തുവിനെ കനകാദിവിശേഷണം ചെയ്തും കവികൾ വൎണ്ണിക്കുമെന്നു് അദ്ദേഹവും ദൃഷ്ടാന്തപ്പെടുത്തി. സ്വൎണ്ണസൌഗന്ധികം, കേവലം അനുമാനംകൊണ്ടു സാധിക്കേണ്ടതായിട്ടാണിരിക്കുന്നതെന്നും അദ്ദേഹം കാണിച്ചു. ഈ സ്ഥിതിക്കു് രക്തവൎണ്ണമായ സൌഗന്ധികത്തെ വിശേഷിപ്പിക്കുന്നവയാണു് കനകകാഞ്ചനാദി പദങ്ങൾ എന്നതു് തക്കമററ സംഗതിയാണു്. എന്നാൽ അദ്ദേഹം മറിച്ചാണു് വ്യാഖ്യാനിക്കുന്നതു്; ഭാഗ്യദോഷംകൊണ്ടു് അദ്ദേഹത്തിനു് അങ്ങനെയാണു് വ്യാഖ്യാനിക്കാൻ തോന്നുന്നതു്! പ്രാമാണികസമ്മതം ലഭിച്ചിട്ടുള്ള രക്തവൎണ്ണമായ സൌഗന്ധികത്തെ നിരസിക്കാൻതോന്നുന്നു!! അനുമാനസാദ്ധ്യമായ സ്വൎണ്ണസൌഗന്ധികം സാക്ഷാത്തായ വസ്തുവാണെന്നു് വിശ്വസിക്കാൻ തോന്നുന്നു!!! ചുരുക്കത്തിൽ അദ്ദേഹത്തിൻെറ വാദസ്വരൂപം താഴെ കാണിക്കാം:—

ഉള്ളവസ്തുവിനെ ഉണ്ടെന്നുകാണിക്കാൻ പ്രമാണങ്ങൾ ഉദ്ധരിക്കു; ഒടുവിൽ അതു് ഇല്ലെന്നു ശഠിക്കുക; ഇല്ലാത്തവസ്തുവിനെ ഇല്ലെന്നുകാണിക്കാൻ പ്രമാണങ്ങൾ കാണിക്കു; ഒടുവിൽ അതു് ഉണ്ടെന്നു ശഠിക്കുക; ഇതാണു് ദുശ്ശാഠ്യമെന്നു ഞാൻ പറഞ്ഞതു്. ഈ ന്യൂനത അദ്ദേഹം കണ്ടില്ലെന്നു വരുമോ?

പരമാൎത്ഥംപറഞ്ഞാൽ ഇപ്പോഠം എൻെറ അഭിപ്രായം ദൃഢപ്പെട്ടുന്നതേഉള്ളൂ. എന്തെന്നാൽ പറയാം:- സൌഗന്ധികം വെള്ളത്തയും ചുവന്നതുമുണ്ടു്. സൌഗന്ധികത്തെ "കൌന്തേയവൃത്ത"ത്തിൽ വിദ്യാവാഗീശകവി "ധവള"വൎണ്ണമായിട്ടു് വൎണ്ണിച്ചിരിക്കുന്നു. വേറെ പല കവികളും "കാഞ്ചനാഭ"മായും വൎണ്ണിച്ചിരിക്കുന്നു. ചുവന്നവസ്തുവിനെ കാഞ്ചനപദംകൊണ്ടു് കവികഠം വിശേഷിപ്പിക്കാറുണ്ടു്. സ്വൎണ്ണവൎണ്ണമായ സൌഗന്ധികം ഉണ്ടെന്നു പ്രമാണമില്ല. അതിനാൽ പ്രസ്തുതമായ സൌഗന്ധികത്തിൻെറ നിറം രക്തനിറമാണെന്നു് കണ്ണാടിയിലെന്നപോലെ കാണാൻകഴിയും. കവികളും സാമാന്യജനങ്ങളും ചെന്താമരയെ വ്യവഹാരസ്വാതന്ത്ര്യത്തിൽ പൊൽത്താമരയാക്കിപ്പറയുന്നതുകൊണ്ടു് ചെന്താമരയില്ലെന്നും, പൊൽത്താമര ഉണ്ടെന്നും പറയാനാണോ മി. നാരായണപിള്ള ഭാവിക്കുന്നതു്? ഇത്രയുംപറഞ്ഞതിൽനിന്നും കാഞ്ചനപുഷ്പം എന്നപ്രയോഗത്തിൽ വൎണ്ണത്തിനു് ഉപപത്തിഉണ്ടെന്നു് ഭ്രമിക്കുന്നതു സൎവ്വാബദ്ധമാണെന്നു് ആരും പറയുമല്ലോ. മി. നാരായണപിള്ളയുടേതായ "നിറം സംബന്ധിച്ച ഈ തോന്നൽ" ഉപസംഹരിക്കുന്നഭാഗം ഇവിടെ ഉദ്ധരിക്കേണ്ടതു് അത്യാവശ്യമായിവന്നിരിക്കുന്നു. "(മി. രാമൻനായർ) സ്വൎണ്ണശോഭയെ രക്തശോഭയെന്നു പറയുന്നതു് സാഹസവും അവാചകതാദോഷം ശങ്കിക്കാതേയും ആണു്". മി. നാരായണപിള്ളയുടെ ഈ പ്രസ്താ

PUBLIC LIB

വത്തിനടിസ്ഥാനം ഓർമ്മക്കുറവോ ചാപല്യമോ? സ്വർണ്ണശോഭയെ രക്തശോഭയെന്നു് ആരുപറഞ്ഞു? രക്തശോഭയെ സ്വർണ്ണശോഭമാക്കിപ്പറയാറുണ്ടെന്നല്ലേ ഞാൻ പ്രമാണപ്പെടുത്തിയതു്. അതിലുള്ള രക്ത സ്വർണ്ണപദങ്ങൾക്കു് സ്ഥാനഭേദംചെയ്തു് എന്റെ പ്രയോഗത്തെ വികൃതമാക്കി ദോഷകല്പനചെയ്തതു് യുക്തമോ? ഈ തകിടംമറിച്ചിലിന്റെഎല്ലാമർത്ഥം ദുരൂഹമായിരിക്കുന്നു! ഈ വിചാരം ഇവിടെ നില്ക്കട്ടെ.

ചിത്രവാരികാലേഖനത്തിൽ കാരണാന്തരങ്ങൾ കൊണ്ടെങ്കിലും തന്റെ മതം സ്ഥാപിക്കാൻ അദ്ദേഹത്തിനു് സാധിക്കുന്നുണ്ടോ എന്നു നോക്കുകതന്നെ. അർത്ഥനിയന്ത്രണത്തിനു് ഉപദർശകമായി അദ്ദേഹം തുള്ളൽകഥയിൽ കുബേരകിങ്കരന്മാരുടെ ഏകരീതിയിലുള്ള നാലു "പൊൻപൂ" പ്രയോഗങ്ങൾ എടുത്തു കാണിക്കുന്നു. അതിനെ ആധാരമാക്കി നാമധേയസൃഷ്ടി വ്യാഖ്യാനിക്കുകയും ചെയ്യുന്നു.

ഏതെങ്കിലും പുഷ്പസംബന്ധിയായ നാലുപ്രയോഗങ്ങൾ എണ്ണിത്തിട്ടപ്പെടുത്തിയ സ്ഥിതിക്കു്, പുഷ്പസംബന്ധിയായ പ്രയോഗങ്ങൾ എല്ലാംതന്നെ പരിശോധിച്ചു് ഒരു തീർപ്പു് കല്പിക്കേണ്ടതായിരുന്നു. അങ്ങനെ പരിശോധിച്ചിരുന്നെങ്കിൽ, സ്വർണ്ണാർത്ഥസൂചകമായ വാല്യക്കാരുടെ നാലു ജല്പനങ്ങൾ ഒഴിവാക്കിയാൽ പുഷ്പസംബന്ധമായ ഉദ്ദേശം ൧൦-ൽപരം അന്യപ്രയോഗങ്ങൾ അദ്ദേഹത്തിനു് കാണുവാൻ സാധിക്കുമായിരുന്നു. അതിൽനിന്നും

പുഷ്പവിശേഷണങ്ങളുടെ സമാനധർമ്മത്തെ ആസ്പദമാക്കി 'പൊൻ'ശബ്ദത്തെ വ്യാഖ്യാനിച്ചിരുന്നെങ്കിൽ എത്ര സമഞ്ജസമാകുമായിരുന്നു. ഈ അഭിപ്രായം അദ്ദേഹത്തിന്നു ത്യാജ്യമെങ്കിൽ, കവിവാക്യങ്ങളായ കൽഹാരം, സൌഗന്ധികം, നല്ലൊരു പുഷ്പം ചാരുതാമിയലും കൽഹാരം, ചന്തമേറും പുഷ്പം, വാടീടാത്ത പുഷ്പം എന്നീ പ്രയോഗങ്ങളും, ഭൃത്യന്മാരുടെയെല്ലാം യജമാനനായ ക്രോധവശൻെറ, 'കിളുത്തുണ്ടായൊരു പുഷ്പം, വിത്തേശനാഥൻെറ പുഷ്പം, കൽഹാരപുഷ്പം, അധികസൌഗന്ധികം ഇത്യാദി പ്രയോഗങ്ങളും, ഭൃത്യന്മാരുടെ, കൽഹാരം, അത്ഭുതമാകുന്ന കൽഹാരപുഷ്പങ്ങൾ, ആദിയായ പ്രയോഗങ്ങളും പാഞ്ചാലിയുടെ ആശ്ചര്യപുഷ്പം, മനോഹരപുഷ്പം തുടങ്ങിയ പ്രയോഗങ്ങളും യോജിപ്പിച്ചുനോക്കുമ്പോൾ, 'ശ്രേഷ്ഠമായ', 'ഭംഗിയുള്ള'എന്നിങ്ങനെ അർത്ഥംകിട്ടുമെന്നും ഈ അർത്ഥം ഭൃത്യന്മാരുടെ പൊൻപൂപ്രയോഗത്തോടു് സർവ്വഥാ നിരപ്പായിരിക്കുമെന്നും വിചാരിക്കുന്നതല്ലേ ന്യായത്തിന്നും യുക്തിക്കും ഇണങ്ങിക്കാണുന്നതു്.

"സംയോഗോ വിപ്രയോഗശ്ച
സാഹചര്യം വിരോധിതാ"

തുടങ്ങി കാവ്യപ്രകാശകാരൻെറ മതം അനുസരിച്ചു് പൊൻപദം വ്യാഖ്യാനിക്കുന്നതിനല്ലേ സഹൃദയത്വം? പൊൻപദം അതിൻെറ വിശേഷാർത്ഥത്തിൽ പ്രസ്തുത ഭാഗത്തു്

മാഹാത്മ്യാതിശയത്തെക്കാണിക്കുന്നതായി വ്യാഖ്യാനിക്കു ന്നതിലല്ലേ സ്വാരസ്യം? അല്ലാതെ മി. നാരായണപിള്ള യ്ക്കു് തോന്നുന്നതുപോലെ വ്യാഖ്യാനിക്കുന്നതോ ഉചിതം? അങ്ങനെയെങ്കിൽ, പൊൻപൂ, പൊന്നുകൊണ്ടുണ്ടാക്കിയ പൂവ് എന്നു മറെറാരുവിദ്വൽകേസരി വ്യാഖ്യാനിച്ച്, അ തിന്നുപപത്തിയും കാണിച്ചാൽ, കുബേരപുരിയിലെ സൌ ഗന്ധികം ആരുമാരും കണ്ടവരില്ലാത്തതുകൊണ്ടു്, ഇൗയു ള്ളവൻ കുഴങ്ങുകയേ നിവൃത്തിയുള്ളൂ.

എന്നാൽ പ്രസ്തുത ഘട്ടത്തിൽ മി. നാരായണപിള്ള യുടെ ഒരു യുക്തി ഞാൻ കണ്ടില്ലെന്നു വെയ്ക്കുന്നില്ല. അ ദ്ദേഹം പറയുന്നു:— "രാജാക്കന്മാരെ പൊന്നുതിരുമേനി എന്നു പറയുന്നതു ശരിതന്നെ. പക്ഷേ അവരുടെ ഉദ്യാ നത്തിലോ പുഷ്കരണിയിലോ ഉള്ള പുഷ്പത്തെ ആരും 'പൊൻപൂ' എന്നു പറയുന്നില്ല." ശുഭമസ്തു! ഭൃത്യന്മാർ പുഷ്പത്തെ പൊൻപൂവെന്നു് പറഞ്ഞു എന്നു് ആദ്യം; ആരും പുഷ്പത്തെ പൊൻപൂവെന്നു് പറയാറില്ല എന്നു് ഇപ്പോഠം. അല്പം ശാന്തമായി ചിന്തിച്ചിരുന്നെങ്കിൽ, ഉ ദ്യാനത്തിലും പുഷ്കരിണിയിലും മഞ്ഞനിറത്തിലുള്ള പു ഷ്പങ്ങഠം ഉണ്ടെങ്കിലും ആരും പൊൻപൂ എന്നു് വിളി ക്കാത്തതു് അതിൻെറ നിറത്തിന്നു് പ്രാധാന്യം കല്പിക്കാ ത്തതുകൊണ്ടാണെന്നും അതിനാൽ പൊൻപൂപ്രയോഗം നിറത്തെ ആധാരമാക്കിയല്ലെന്നും ബോധപ്പെട്ടുമായിരുന്നു. ഇതാണു് അറിഞ്ഞോ അറിയാതെയോ അദ്ദേഹം എ

ന്റെ അത്ഥത്തെ സമാദരിക്കുന്നുണ്ടെന്നു ഞാൻ പ്രസ്താവിച്ചു.

മി. നാരായണപിള്ളയുടെ ചിത്രവാരികാലേഖനത്തിൽ എന്നെ ഏററവും വിസ്മയിപ്പിച്ചതും വിസ്മയിപ്പിക്കുന്നതുമായ ഭാഗം കുബേരകിങ്കരന്മാരുടെ പുലമ്പലിനെ പ്രമാണമാക്കണമെന്നു് അദ്ദേഹം സ്ഥാപിക്കുന്ന ഭാഗമാണു്. അതു് പകത്തികൊള്ളുന്നു.

"ഈ കുബേരകിങ്കരന്മാർ കവിസങ്കല്പസൃഷ്ടികളാണെന്നു് മി. രാമൻനായർ സ്മരിക്കുന്നതായി തോന്നുന്നില്ല. അവരുടെ വാക്യങ്ങൾ കവിവാക്യങ്ങൾ തന്നെയാണു്. പക്ഷേ, ആനന്ദ്യത്തിനു് അതാതു പാത്രങ്ങൾക്കു യോജിച്ച ഭാഷയും ആശയവും കവി അവരുടെ മുഖത്തുനിന്നും വിനിർഗ്ഗമിപ്പിക്കുന്നു. പ്രയോജനാപേക്ഷയില്ലാതെ നീചപാത്രത്തിൽനിന്നുപോലും ഒരക്ഷരംപോലും പുറപ്പെടുകയില്ല" ഈ ആശയം മറെറാരു വിധത്തിൽ പറഞ്ഞാൽ കവിയുടെ വാക്യങ്ങൾതന്നെ പാത്രങ്ങളുടേയും വാക്യങ്ങൾ. കവിയുടെ എല്ലാ അക്ഷരങ്ങളിലും പ്രയോജനമുണ്ടു്. പാത്രങ്ങളിലെ എല്ലാ അക്ഷരങ്ങളിലും പ്രയോജനമുണ്ടു്. അതുകൊണ്ടു് കുബേരന്റെ വാല്യക്കാരുടെ എല്ലാ അക്ഷരങ്ങളും പ്രയോജനവത്താണു്. നമ്പ്യാർ സാഹിത്യലോകത്തിൽ അവതരിപ്പിച്ചിട്ടുള്ള സാക്ഷികളെ ക്രൂലങ്കഷമായി വിസ്തരിച്ചിട്ടുള്ള ഒരു പ്രാഡ്‌വിപാകനാണു് മേൽപ്രകാരം ഒരു വിധി പ്രസ്താവിച്ചതെന്നിരുന്നാൽക്കൂടി അതു് ജനങ്ങൾക്കു്

സ്വീകാൎയ്യമാകുകയില്ല. ഈ അഭിപ്രായം നിഷേധിച്ച് ഉപന്യസിക്കുന്നതു് പ്രകൃതത്തിൽ ആവശ്യമാണെന്നു് തോന്നുന്നില്ല. മി. നാരായണപിള്ളയോട്ട് യോജിച്ചുപോകുന്നതാണു് ഏതുകൊണ്ടും ഈ ഗദ്ധ്യവിൽ ആദായകരം. അതിനാൽ ഭൃത്യഭാഷണത്തെ മുഴുവൻ സത്യവാചകങ്ങളായി ഗണിച്ചു് ഞാൻ കുബേരപുരിയെ ധ്യാനിക്കട്ടെ! പൊൻപൂവിനു് സ്വൎണ്ണനിറമായ പൂവ് എന്നു് അൎത്ഥം കിട്ടിയാൽ വാദത്തെ അവസാനിപ്പിക്കാമല്ലോ.

'കൽഹാരപുഷ്പങ്ങൾ കട്ടുപറിക്കുന്ന കള്ളാ
നിനക്കടി കൊള്ളുമെന്നിങ്ങനെ'

ആണല്ലോ ഭൃത്യന്മാർ ഉപക്രമിക്കുന്നതു്. ഇതിനെ ആധാരമാക്കി വെളുത്ത പുഷ്പമാണു് സൌഗന്ധികം എന്നു് അദ്ദേഹം വാദിക്കാത്തതെന്തു്?

"ഒമ്പതുകൂട്ടം നിധിവെച്ചിരിക്കുന്ന
തമ്പുരാനിപ്പോളതിലും വിശേഷിച്ചു്
പൊമ്പൂവിലേറെയുണ്ടെന്നു ധരിക്ക നീ"

എന്ന കിങ്കരവാക്യം—നമ്പ്യാരുടെ വാക്യം—പൊൻപൂപമത്തിൻെറ അൎത്ഥം സുവ്യക്തമാക്കാൻ പൎയ്യാപ്തമല്ലേ. ഒമ്പതുകൂട്ടം നിധിയിലും ഇല്ലാത്തതായ എന്തോ ഒന്നു്, ഈ പൂവിൽ ഉണ്ടെന്നു് സ്പഷ്ടമായില്ലേ. ഈ 'എന്തോ ഒന്നു്' സ്വൎണ്ണനിറമെന്നാണോ മി. നാരായണപിള്ള പറയുന്നതു്? ഒമ്പതുകൂട്ടം നിധികളിൽ ഒന്നിലും ഇല്ലാത്തതോ ഈ സ്വൎണ്ണനിറം. കുബേരപുരി മുഴുവനും സ്വൎണ്ണമയമാക്കാൻ ഈ

വിത്തേശൻ അപ്രാപ്തനോ? അതിനാൽ കേവലം വർണ്ണ പ്രധാനമായ അർത്ഥമല്ല, പൊൻശബ്ദത്തിനുള്ളതെന്നു് സിദ്ധിച്ചുകഴിഞ്ഞല്ലോ. മംഗളപ്രധാനമായതിനാൽ തമ്പുരാൻ പൊന്നുപോലെ കരുതുന്ന ഈ പുഷ്പത്തെ ഭൃത്യന്മാർ പിന്നെ ഏതുപദംകൊണ്ടാണു് വിശേഷിപ്പിക്കേണ്ടതു്? നവനിധികൾ സൂക്ഷിക്കാൻകൂടി ഇത്ര വലിയ ഗാട്ട്, തമ്പുരാൻ ഇട്ടിട്ടുണ്ടോ? ഇതു കേവലം പൊന്നിന്റെ നിറം ഉള്ളതുകൊണ്ടോ? പൊൻപൂവിനെപ്പററിയല്ലാതെ

"പെൺപിറന്നോക്കന്യ സംസാരമില്ലടോ"

എന്നു് ഭൃത്യന്മാർ പറയുന്നതു് ഇതിന്റെ ഐശ്വര്യദ്ധിമയ്ക്കു് നിമിത്തമാകുന്നില്ല. സ്ത്രീവഗ്ഗത്തോടുള്ള ബഹുമാനംകൊണ്ടെങ്കിലും ഭീമൻ തന്റെ ഉദ്യമത്തിൽനിന്നും പിൻവാങ്ങട്ടെ എന്നുള്ള അവരുടെ അത്ഥഗർഭമായ

"തമ്പുരാനിപ്പോളുടുപ്പാൻ കൊടുക്കുന്ന
അമ്പതുമമ്പതും നിത്യം ചെലവുണ്ടു്"

എന്ന വാക്യത്തിന്റെ പ്രയോജനം മി. നാരായണപിള്ള എന്തെന്നു് വിചാരിക്കുന്നു? പ്രസംഗവശാൽ വെറും പുഷ്പശബ്ദം അവർ പലപ്രാവശ്യവും പ്രയോഗിക്കുന്നതിനു് മി: നാരായണപിള്ള പ്രയോജനം കാണിക്കേണ്ടതല്ലേ. പുഷ്പത്തെപ്പററി കൂടുതൽ അറിവുള്ള കിങ്കരത്തലവനായ ക്രോധവശൻ, പുഷ്പശബ്ദം നാലിടത്തു പ്രയോഗിച്ചിട്ടും ഒരിടത്തും പൊൻനിറമാക്കിപ്പറയാത്തതിനുള്ള ഹേതു അദ്ദേഹം ചൂണ്ടിക്കാണാഞ്ഞതെന്തു്?

ചിന്തിച്ചുകണ്ടാലിതിന്നൊത്ത രാജ്യമി-
ന്നന്തികംതന്നിലും ദൂരത്തുമില്ലെന്നു
സന്തതം ചൊല്ലുന്നു സർവ്വജനങ്ങളും"

എന്നുള്ള ഭൃത്യന്മാരുടെ വാക്കുകൾ സത്യംതന്നെയൊ? അങ്ങനെ എങ്കിൽ, അത്തു പൊന്നിൻെറ നിറമുള്ള പുഷ്പം ഉള്ളതുകൊണ്ടൊ, മംഗളത്തെ ചെയ്യുന്ന പുഷ്പമുള്ളതുകൊണ്ടോ? തമ്പുരാൻ എവിടെനിന്നോ കൊണ്ടുവന്നു എന്നു ഭൃത്യന്മാരും 'ഇള്ളിബില്ലിസുതൻെറ കളികേളീകളും തന്നിൽ കിളിർത്തുണ്ടായ പുഷ്പം' എന്നു ക്രോധവർണ്ണം പറയുന്നതിൽ ആരുടെ വാക്കിനാണു് പ്രയോജനം? മേനോക്കിയച്ചന്മാരും പട്ടരച്ചന്മാരും മററും അവിടെ ഉണ്ടായിരുന്നതായി പ്രസ്താവിക്കുന്നതും സത്യമെന്നോ? ഈവിധമുള്ള പ്രശ്നങ്ങൾക്കു മി. നാരായണപിള്ളയുടെ സമാധാനം അറിവാൻ ഞാൻ ജിജ്ഞാസുവാണു്.

പ്രകൃതഘട്ടത്തിൽ, മി. നാരായണപിള്ളയുടെ ചില സംശയങ്ങൾ പരിഹരിക്കാൻ ഞാനും കടപ്പെട്ടവനാണല്ലോ. അദ്ദേഹം സംശയിക്കുന്നു; പുഷ്കരണിയിലെ പുഷ്പങ്ങൾ മംഗളത്തെ ചെയ്യുന്നതായിരുന്നെങ്കിൽ ഭീമൻ അപഹരിക്കാൻ ഇടവന്നതെങ്ങിനെ? തുള്ളൽക്കഥ സൂക്ഷ്മമായി വായിച്ചിരുന്നെങ്കിൽ, ഈ സംശയം സ്വയം പരിഹരിക്കാമായിരുന്നു. ഭീമൻ സൌഗന്ധികസരസ്സിൽ കടന്നു് പുഷ്പാപഹരണം നടത്തിയതു് എപ്രകാരമാണെന്നു് നോക്കാം; വളരെപതിഞ്ഞമട്ടിലാണു്.

"ചാടീ മെല്ലവേ, പുഷ്പവാടിയിൽ ഭീമസേനൻ
മോടിയിൽ മുടിതന്നിൽ ചൂടി നല്ലൊരു പുഷ്പം"

പൂച്ച എലിയെ പിടിക്കാൻ പോകുന്നതുപോലെ ആണ്, "കല്ലും മരങ്ങളും തല്ലീത്തകർത്തുകൊണ്ടു" ഉദ്ധതാഹങ്കാരഗംഭീരപൂരുഷനാ"യിത്തിരിച്ച ഭീമൻ ഈ പുഷ്പവാടിയിൽ പ്രവേശിക്കുന്നതു്. ഈ പ്രവേശത്തോട് എത്ര നിരപ്പായിരിക്കുന്നു.

"കൽഹാരപുഷ്പങ്ങൾ കട്ടുപറിക്കുന്ന
കള്ളാ"! എന്നുള്ള ഭൃത്യന്മാരുടെ ഭർത്സനം.

ഒരു പുഷ്പം തസ്കരവൃത്തി അവലംബിച്ചെങ്കിലും, തട്ടിയെടുത്തു് തലയിൽ ചൂടിയാലേ രക്ഷയുള്ളു എന്നു ഭീമൻ കണ്ടതുകൊണ്ടല്ലേ മെല്ലവേ പുഷ്പവാടിയിൽ ഇറങ്ങുന്നതു്. അതു കാണുവാനുള്ള കണ്ണു് നിരുത്തരവാദികളായ ഭൃത്യന്മാർക്കു് ഉണ്ടായിരുന്നില്ല. പുഷ്പം എന്തു പിഴച്ചു? അതിൻെറ മംഗളാത്മകതയെ വൃഥാ അപലപിക്കുന്നതെന്തിനു്? 'കട്ടു'പറിച്ചിട്ടും ഭീമനിൽ പ്രസാദിക്കുന്നില്ലേ! യക്ഷലക്ഷവും ഭീമനും തമ്മിൽ ഉണ്ടായ പോരാട്ടത്തിൽ "ചാകുമാത്രം പുനരാർക്കും ലഭിച്ചീല എന്നു" ഒന്നല്ല രണ്ടുപ്രാവശ്യം കവി എടുത്തുപറയുന്നതു് ഈ പുഷ്പത്തിൻെറ മംഗളാത്മകതയെ നമ്മുടെ തലയിൽ അടിച്ചുകയററുന്നതിനല്ലേ. ഇത്രയും പറഞ്ഞതുകൊണ്ടു് മി. നാരായണപിള്ളയുടെ പ്രസ്തുത സംശയം 'ഇങ്ങിനി വരാതവണ്ണം' നശിച്ചിരിക്കുമെന്നു് വിശ്വസിക്കുന്നു.

എന്നാൽ അദ്ദേഹം ഒരു സംശയത്തിനുംകൂടി അധീനനായിത്തീരുന്നു. ഭീമന്റെ അപഹരണാനന്തരം, കുബേരപുരിയിൽ അവശേഷിച്ച സൌഗന്ധികത്തെ കല്യാണസൌഗന്ധികമെന്നു് എങ്ങനെ വിളിക്കാം? എന്നാണു്. തുള്ളൽക്കഥ അവധാനപൂർവ്വം വായിച്ചിരുന്നെങ്കിൽ ഈ സംശയവും സ്വയംപരിഹരിക്കാമായിരുന്നു. നോക്കുക:—

"യക്ഷലക്ഷത്തെയും തൽക്ഷണം മാരുതി
ക്ഷിപ്രംഗദകൊണ്ടു് താഡിച്ചു മണ്ടിച്ചു
പുഷ്പങ്ങളെല്ലാമറുത്തു സ്വരൂപിച്ചു
കെട്ടിത്തലയിലെടുത്തു പുറപ്പെട്ടു" എന്നും
"ചന്തമേറും നല്ല പുഷ്പങ്ങളൊക്കവേ
ദ്രൌപദി തന്നുടെ കൈയിൽ കൊടുത്തിതു."

എന്നും പറഞ്ഞിരിക്കകൊണ്ടു് ഒരൊററ എണ്ണംപോലും കുബേരപുരിയിൽ ബാക്കിവെച്ചിരുന്നില്ലെന്നു് സ്പഷ്ടമാണു്. അതുകൊണ്ടുതന്നെ ആയിരിക്കണം ഭൃത്യന്മാർ തുള്ളൽക്കഥയിൽ ഇതിനുശേഷം ഒരക്ഷരവും മിണ്ടാത്തതും. ഇത്രയും പറഞ്ഞതുകൊണ്ടു് ഈ സംശയവും പരിഹരിക്കപ്പെട്ടു എന്നു് വിശ്വസിക്കട്ടെയോ?

തുള്ളൽക്കഥാപ്രതിപാദനത്തെ അപഗ്രഥിച്ചു്, അദ്ദേഹം ഒരനുമാനത്തിനുകൂടി സന്നദ്ധനാകുന്നതു് വക്തവ്യമത്രേ. ആ അനുമാനം എന്താണെന്നെങ്കിൽ പറയാം:— കഥാപാത്രങ്ങളിൽ വെച്ചു് ഹനുമാനാണു് പ്രഥമമായി കല്യാണസൌഗന്ധികശബ്ദം പ്രയോഗിക്കുന്നതു്. പിന്നീ

ട്ട് ഭൃത്യന്മാരാണു് ഈ ശബ്ദം പ്രയോഗിക്കുന്നതു്. കവി നേരത്തെതന്നെ കല്യാണസൌഗന്ധികം എന്നു് നാമധേയം സൃഷ്ടിച്ചു. പാഞ്ചാലിയും ഭീമനും ഈ ശബ്ദം പ്രയോഗിക്കുന്നില്ല. ഇതിൽനിന്നും പാഞ്ചാലിയെ സംബന്ധിച്ച മംഗളത്തിനു് പ്രസക്തിയില്ലാതെ വരുന്നു എന്നദ്ദേഹം അനുമിക്കുന്നു; പ്രസക്തി ഉണ്ടായിത്തീരുന്നു എന്ന അനുമാനത്തിനാണു് അദ്ദേഹം യുക്തികൾ കാണിച്ചതു്. അതെങ്ങനെ എന്നാൽ പുഷ്പത്തിനുള്ള മംഗളാത്മകത്വം പാത്രങ്ങളിൽ വെച്ചു് പ്രഥമമായി ദർശിക്കുന്നതു ദിവ്യജ്ഞനായ ഹനൂമാനാണു്; ഭീമനോ പാഞ്ചാലിയോ അല്ലഎന്ന കവിമർമ്മം മി. നാരായണപിള്ള ഗ്രഹിക്കാൻ മുതിരാത്തതു് വ്യസനകരമെന്നേ പറയേണ്ടു. പാഞ്ചാലിയുടെ 'കാമസംപ്രാപ്തി'വരുത്തിക്കൊടുക്കുന്നതോടുകൂടി ഈ പുഷ്പലബ്ധിയാൽ വനവാസക്ലിഷ്ടരായ പാണ്ഡവരുടെ ഭാവി ശുഭോദർക്കമായിപ്പരിണമിക്കുമെന്ന ഹനൂമാൻെറ ആശംസ എന്തിനു് വിസ്മരിക്കുന്നു? "കൈക്കലാക്കിക്കൊണ്ടു പോകെടോ പാണ്ഡവാ" എന്ന ഹനൂമൽ വാക്യത്തിൽ ഗർഭിതമായ തിടുക്കത്തേയും നിർബന്ധത്തേയും അനുഗ്രഹത്തേയും കവിമർമ്മജ്ഞന്മാർ ഗ്രഹിക്കയില്ലെന്നു് നമ്പ്യാർ വിചാരിക്കുമോ? തിരിച്ചുവന്നു് തന്നെക്കാണണമെന്നില്ലെന്നുകൂടി ധ്വനിപ്പിച്ചു് ഭീമനെ ത്വരിപ്പിക്കുന്ന ഹനൂമാൻെറ, പാണ്ഡവവിജയാഭിലാഷം എത്ര ഉചിതപൂർവം, കവി ഈ വരിയിൽ അടച്ചിരിക്കുന്നു. "പെണ്ണിൻെറ ചൊൽകേട്ടു ചാ

ടിപ്പുറപ്പെട്ട പൊണ്ണനായ" സഹജൻെറ ഈ ഉദ്യമം കേവലം നിറമുള്ള പുഷ്പം പറിക്കാനായിരുന്നെങ്കിൽ, ഹനൂമാൻ അനുകൂലിക്കുമായിരുന്നു എന്ന് എങ്ങനെ വിശ്വസിക്കാം? എന്നാൽ പാഞ്ചാലിയാകട്ടെ, ഭീമനാകട്ടെ ഈ മംഗളാത്മകത്വം ദർശിച്ചിരുന്നില്ലെന്ന് കരുതിക്കൂട്ടി കാണിച്ച കവിയുടെ ഔചിത്യം മി: നാരായണപിള്ള അന്യഥാ വ്യാഖ്യാനിക്കുന്നതു് അത്ഭുതമായിരിക്കുന്നു! ക്രമവൈപരീത്യവിചിത്രമായ യുക്തികൾ പലതും വാരികാലേഖനത്തിൽ കാണുന്നതിനെപ്പററി പ്രകൃതത്തിൽ ചിന്തിക്കുവാൻ ഞാൻ വിചാരിക്കുന്നില്ല.

ഈ പരിശോധനയുടെ ഫലമായി കല്യാണശബ്ദത്തിന് സ്വർണ്ണാർത്ഥമാണു് മുഖ്യം എന്ന മതം നിരസിക്കത്തക്കതാണെന്നു പ്രത്യക്ഷപ്പെട്ടല്ലോ. സ്വർണ്ണാർത്ഥം മുഖ്യമല്ല എന്നു തെളിഞ്ഞ സ്ഥിതിക്ക് മംഗളാർത്ഥമാണു് മുഖ്യം എന്നു പറയാതെതന്നെ സിദ്ധിക്കുന്നു; എങ്കിലും മംഗളാർത്ഥം ബഹുധാ ഉചിതമെന്ന് ഒന്നുരണ്ടുതെളിവുകൾകൂടി കാണിച്ചു് സ്ഥാപിക്കുന്നതു് അപ്രകൃതമാകയില്ലല്ലോ.

"കല്യാണസൌഗന്ധികം" എന്ന പേരിൻെറ ആശയം ചിന്തിച്ചു് കല്യാണപദം മംഗളാർത്ഥത്തിലാണു് സൌഗന്ധികപദത്തോടു തൊടുത്തിട്ടുള്ളതു് എന്നു തെളിയിച്ചാൽ, കേവലം മർക്കടമുഷ്ടികൊണ്ടല്ലാതെ ഈ അർത്ഥം നിഷേധിക്കുവാൻ തരമില്ലെന്നു് എല്ലാവർക്കും ബോധമാകുന്ന

താണു്. ധ്രുവചരിതം തുള്ളലിൽനിന്നും "കല്യാണസൌഗന്ധികം" എന്നപേരിൽ ഒരു രൂപകം ഉണ്ടായിരിക്കണമെന്നു ഞാൻ അഭ്യൂഹിച്ചിരുന്നു. ആ രൂപകം കണ്ടുകിട്ടുവാനിടയായി. ആ ഗ്രന്ഥത്തിൽ കല്യാണകൻ എന്നൊരുഗന്ധർവ്വനെ പ്രവേശിപ്പിച്ചു്, ഭീമനും ഹനൂമാനും തമ്മിലുള്ള കലഹത്തെ ഒതുക്കിത്തീർത്തു് അവർക്കു് കല്യാണം (മംഗളം) വരുത്തിവെയ്ക്കുന്നതായി പ്രത്യേകം പ്രതിപാദിച്ചിരിക്കുന്നതുകൊണ്ടു്, കല്യാണശബ്ദത്തിനു് മംഗളാർത്ഥമാണു് സംജ്ഞാകാരൻ വിവക്ഷിച്ചിട്ടുള്ളതെന്നു്, കുംഭം ൧൦-ാംനു- ചൊവ്വാഴ്ചയിലെ മലയാളമനോരമ പത്രദ്വാരാ ഞാൻ പ്രമാണം ഹാജരാക്കി. മി. പിള്ള ഈ പ്രമാണത്തെ ധിക്കരിക്കാൻ ഒരുമ്പെട്ടുകാണുന്നതു് അത്രപന്തിയായില്ല. എന്റെ ഭാഗ്യംകൊണ്ടോ നിർഭാഗ്യംകൊണ്ടോ ആ പ്രമാണത്തെ കഴിഞ്ഞ മേടമാസത്തെ സാഹിത്യപരിഷത് ത്രൈമാസികം പുസ്തകം ൨- ലക്കം ൧-ൽ ഉള്ളൂർ പരമേശ്വരയ്യരവർകൾ പ്രായേണ ഉദ്ധരിച്ചിട്ടുണ്ടു്. മേടം ആദ്യം പുറപ്പെട്ട ഈ ത്രൈമാസികം വായിച്ചിരുന്നെങ്കിൽ, വാരികാലേഖനത്തിലെ ആശയങ്ങൾ, ലേഖകനിൽതന്നെ അമന്നു് ഒളിക്കുമായിരുന്നു എന്നാണു് എന്റെ പൂർണ്ണവിശ്വാസം. വായിച്ചിരുന്നെങ്കിൽ "ജാതമൃതമോ മൃതജാതമോ ആയ പ്രബന്ധം തുച്ഛമോ മെച്ചമോ എന്നറിയുന്നില്ല. അതു നമ്പ്യാർ കണ്ടിട്ടുണ്ടെന്ന മതം വെറും വിതണ്ഡയിൽനിന്നു് വിദൂരത്തിലല്ലാ ത

ല്ക്കാലം നില്ക്കുന്നതു്" എന്ന അദ്ദേഹത്തിന്റെ പ്രസ്താവ ത്തിന്നു് കാരണാന്തരങ്ങൾ തേടേണ്ടതായി വരുന്നു. പ്രസ്തു ത രൂപകം ജാതമൃതമല്ല, സുലഭലഭ്യമാണെന്നും; (മൃതജാത മല്ല, ലബ്ധപ്രതിഷ്ഠിതമാണെന്നും;) ഉച്ഛിഷ്ടമല്ല, മെച്ചമാണെ ന്നും, നമ്പ്യാർ കാണുകമാത്രമല്ല, അനുകരിക്കകൂടി ചെയ്തെ ന്നും കാര്യബോധമുള്ള ഉള്ളൂരവർകൾ ത്രൈമാസികത്തിൽ ഉപന്യസിച്ചിരുന്നു. ധ്രുവചരിതം തുള്ളലിൽനിന്നുതന്നെ നമ്പ്യാർ പ്രസ്തുതരൂപകം കണ്ടിരുന്നു എന്നു തെളിഞ്ഞിരി ക്കെ, കണ്ടിരുന്നോ? എന്ന ആശങ്ക എത്രമേൽ അനാസ്പദ മാണെന്നു് അദ്ദേഹം ഒന്നു ചിന്തിച്ചാൽ നന്നു്. മി. പര മേശ്വരയ്യരുടെ പ്രസ്തുതമായ കല്യാണപദവിചാരണയുടെ പ്രകൃതമായ ഒരു ഭാഗം ഞാൻ ഉദ്ധരിച്ചുകൊള്ളട്ടെ.

ക. "കല്യാണസൌഗന്ധികം ഭാഷാചമ്പു ശ്രീമൂ ലം ഗ്രന്ഥാവലിയിൽ ആറാമത്തെ പുസ്തകമായി ഞാൻത ന്നെ പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്. ആ ഗ്രന്ഥത്തിന്നു് കല്യാ ണസൌഗന്ധികം എന്നു പേർ നല്കിക്കാണുന്നുണ്ടെങ്കിലും അതിനകത്തെങ്ങും കല്യാണപദം പ്രയോഗിച്ചിട്ടില്ല.

ഖ. ഭാരതഗാഥാകാരന്റെ സമകാലികനെന്നു് ഞാനുദ്ദേ ശിക്കുന്ന അനന്തഭട്ടൻ (?) ഭാരതചമ്പുവിൽ കൽഹാരം, ഹല്ലകം, സൌഗന്ധികം ഈ പദങ്ങൾകൊണ്ടേ പെരു മാറുന്നൊള്ളു. ന. ക്രി. പി. പതിന്നാലാം ശതകത്തി ന്റെ ആരംഭത്തിൽ ജീവിച്ചിരുന്ന ബാലഭാരതകാരനായ അഗസ്ത്യഭട്ടനും കല്യാണപദം പ്രയോഗിക്കുന്നില്ല. ഗ. സൌഗന്ധികാഹരണ വ്യായോഗത്തിന്റെ അവസ്ഥയും

KOTTAYAM PUBLIC LIBRARY KOTTAYAM

ആ പദത്തെ സംബന്ധിച്ച് ഭിന്നമല്ല.

ക്രി. പി. പതിനൊന്നാംശതകത്തിൽ ജീവിച്ചിരുന്ന ക്ഷേമേന്ദ്രമഹാകവി ഭാരതമഞ്ജരിയിൽ പുഷ്കരാഹരണം എന്നാണ് പ്രസ്തുതകഥക്ക് പേരിടുന്നത്. അദ്ദേഹമാകട്ടെ, വ്യാസഭഗവാനാകട്ടെ പ്രയോഗിക്കാത്ത കല്യാണപദം എവിടെനിന്നും കിട്ടി എന്നു പറയാം.

..................................................................................................

..................................................................................................

"നീലകണ്ഠകവിയുടെ കൃതിയായി കല്യാണസൌഗന്ധികവ്യായോഗം എന്നൊന്നുണ്ട്. ആ വ്യായോഗത്തിൽ കവി ഇതിവൃത്തത്തിൽനിന്ന് ചില വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ട്. ഭീമസേനൻ ഹനുമാനെക്കാണുന്നതിനുമുമ്പുതന്നെ സരസ്സിലേക്കു പോകുകയും സൌഗന്ധികങ്ങൾ ഹരിക്കുകയും സൂക്ഷിപ്പുകാരനായ രാക്ഷസനെ ഓടിക്കുകയും ചെയ്യുന്നു. അനന്തരം ദേവേന്ദ്രനാൽ പ്രയുക്തനായ കല്യാണകൻ എന്ന വിദ്യാധരനും അദ്ദേഹത്തിൻെറ പത്നി ഗുണമഞ്ജരിയും രംഗപ്രവേശംചെയ്യുന്നു. സ്വർഗ്ഗലോകത്തിൽനിന്ന് അവർ ഭൂമിയിലേക്കുവരുമ്പോൾ വായു പ്രതികൂലമായി ചരിക്കുന്നതുകണ്ട്

"ഭവന്മിത്രസ്യ ശക്രസ്യ
ശാസനാത്തവ മിത്രയോഃ
ഹനുമദ് ഭീമയോ കർത്തും
കല്യാണം ഗമ്യതേ മയാ"

"അല്ലയോ വായോ! അങ്ങയുടെ ഇഷ്ടനായ ദേവേന്ദ്രൻെറ

ആജ്ഞയനുസരിച്ചു്, "അങ്ങയുടെ പുത്രന്മാരായ ഹനുമാനും ഭീമനും കല്യാണകത്തെ (പ്രത്യഭിജ്ഞാരൂപമായ മംഗലത്തെ) നൽകുവാനാകുന്നു ഞാൻ പോകുന്നതു്" എന്നു പറയുന്നു. അതുകേട്ടു് വായു അനുകൂലനായിത്തീരുന്നു.

"ഹനുമാനും വൃകോദരനും അന്യോന്യം ആരെന്നറിയാതെ കഠോരമായിട്ടു യുദ്ധം ചെയ്യുന്നതിനു ഭാവിക്കുമ്പോൾ കല്യാണകൻ ഇടയ്ക്കു നിന്നുകൊണ്ടു്

"ഹനുമാൻ ഭീമ! യുവയോർ-
ഭ്രാത്രോർ ജ്യേഷ്ഠ കനിഷ്ഠയോഃ
മാരുത്യോഃ കിമിദം ഘോര-
മസാമ്പ്രത മുപസ്ഥിതം?"

"അല്ലയോ ഹനുമൻ! ഭീമസേന! ജ്യേഷ്ഠാനുജന്മാരും വായുനന്ദനന്മാരുമായ നിങ്ങൾ തമ്മിൽ അനുചിതമായ ഈ ഘോരയുദ്ധം എന്തുകൊണ്ടു സംഭവിക്കുന്നു?" എന്നു ചോദിക്കുന്നു. അപ്പോൾ സഹോദരന്മാർ തമ്മിൽ സ്നിഗ്ദ്ധന്മാരായി ഭീമസേനൻ അഭിവാദനം ചെയ്കയും ഹനുമാൻ ആശീർവദിക്കുകയും ചെയ്യുന്നു. പിന്നീടു് ഹനുമാൻ വിദ്യാധരൻ ആരെന്നു ചോദിക്കുകയും അതിനു മറുപടിയായി അദ്ദേഹം "ഞാൻ ദേവേന്ദ്രന്റെ സേവകനായ കല്യാണകൻ എന്ന വിദ്യാധരനാകുന്നു; നിങ്ങൾക്കു് രാമലക്ഷ്മണന്മാർക്കെന്നപോലെയുള്ള ഭ്രാതൃത്വം നിങ്ങളെ ധരിപ്പിക്കുന്നതിനുവേണ്ടി എന്റെ സ്വാമി എന്നെ നിങ്ങളുടെ സന്നിധിയിലേക്കയച്ചു" എന്നു പറകയും ചെയ്യുന്നു. ഈ 'രാമ' പദം കേട്ട

പ്പോൾ ഹനൂമാൻ മൂർച്ഛിതനായും ഭീമനും കല്യാണകനും സമാശ്വസിപ്പിക്കുകയും ചെയ്യുന്നു...........ഇത്രയും പ്രസ്താവിച്ചതിൽ നിന്നും കല്യാണസൌഗന്ധികം എന്നു് ഈ വ്യായോഗത്തിന്നു് പേരുവന്നതു് കല്യാണകനെന്ന വിദ്യാധരൻ ഹനൂമാനും ഭീമസേനനും കല്യാണത്തെ ചെയ്യുന്നതുകൊണ്ടാണെന്നു് വിശദമാകുന്നുണ്ടല്ലോ. കല്യാണകനെന്ന പേർതന്നെ കവി വിദ്യാധരന്നു് അന്വൎത്ഥമായി നൽകിയതായിരിക്കണം."

മിസ്റ്റർ പരമേശ്വരയ്യരുടെ ഈ അഭിപ്രായം മി. നാരായണപിള്ള കണ്ടിരിക്കയില്ല എന്ന വിശ്വാസത്താലാണു്, കുറച്ചധികം പകർത്തിയതു്. മൃതജാതമല്ല ഈ രൂപകം എന്നു് ഇനിയെങ്കിലും ധരിച്ചാൽ നന്നു്.

രണ്ടാമത്തെ ആക്ഷേപത്തിനും സമാധാനമായി ജാതമൃതമല്ലെന്നും നമ്പ്യാർ കണ്ടിട്ടുണ്ടെന്നും കാണുക മാത്രമല്ല അനുകരിക്കയും ചെയ്തിട്ടുണ്ടെന്നും ഉള്ളതിനു ഉള്ളൂരിന്റെ ത്രൈമാസികാലേഖനം വായിച്ചാൽ മതിയാകുമായിരുന്നു. അതിനാൽ കുറച്ചുഭാഗംകൂടി അതേ ലേഖനത്തിൽ നിന്നും കാണിക്കാൻ ഞാൻ നിർബന്ധിതനാണു്. ഉള്ളൂർ പറയുന്നതു നോക്കുക:—

൧) "കാർത്തികതിരുനാൾ മഹാരാജാവു് മഹാഭാരതത്തെ ആണു് പ്രായേണ അനുകരിക്കുന്നതെന്നു വരികിലും അദ്ദേഹത്തിനു് കല്യാണസൌഗന്ധികവ്യായോഗവും ഉപജീവ്യമായിരുന്നു എന്നു വെളിപ്പെടുന്നു.

൨) "ഇനി കുഞ്ചൻനമ്പിയാർ പ്രസ്തുത വ്യായോഗം വായിച്ചിരുന്നു എന്നുള്ളതിനു രണ്ടുദാഹരണങ്ങൾ കാണിക്കാം.

പച്ചക്കദളിക്കുലകൾക്കിടയ്ക്കിടെ
മെച്ചത്തിൽ നന്നായ് പഴുത്ത പഴങ്ങളും,
ഉച്ചത്തിലങ്ങനെ കണ്ടാൽപവിഴവും
പച്ചരത്നക്കല്ലുമൊന്നിച്ചു കോർത്തുള്ള
മാലകൾകൊണ്ടു വിതാനിച്ചു ദിക്കെന്നു
മാലോകരൊക്കെയും ശങ്കിക്കുമാറുള്ള
ലീലാവിലാസേന നില്ക്കുന്ന വാഴകൾ
.............................................."
പക്ഷികൾ വന്നിപ്പഴുത്ത പഴങ്ങളെ
ഭക്ഷിക്കുമാറില്ല പേടികൊണ്ടാരുമേ."

എന്നു് അദ്ദേഹം കദളീവനഘട്ടത്തിൽ ഗാനം ചെയ്യുന്നു. വ്യായോഗകാരൻ

"വാതേരിതപ്രചലനീലദലാകുലോയം
പക്വൈകപാടലഫലൈശ്ശബളീതഃ കദളീവനാന്തഃ
ആഭാതിവിദ്രുമലതാ വിടപൈഃ പ്രഭിന്നഃ
തുങ്ഗതരങ്ഗ പരികീർണ്ണ ഇവാംബുരാശിഃ."

എന്നും "നകിഞ്ചിന്മൃഗപക്ഷിഭിരപിപരിണതം ഫലമത്രലുപ്യതേ" എന്നും വർണ്ണിക്കുന്നു. പവിഴവും പച്ചക്കല്ലും കലർന്നതുപോലെയെന്നു് നമ്പിയാർ; നീലദലങ്ങളുണ്ടാകയാൽ പവിഴക്കൊടികളോടുകൂടിയ സമുദ്രമെന്നു് നീലക

ണ്ഠൻ. പക്ഷികൾ പഴുത്ത ഫലങ്ങൾ ഭക്ഷിക്കുന്നില്ലെന്ന് നമ്പിയാർ, മൃഗങ്ങളും പക്ഷികളും ഭക്ഷിക്കുന്നില്ലെന്നു നീലകണ്ഠൻ. ഈ വർണ്ണനം ഇതരഗ്രന്ഥങ്ങളിൽ ഇല്ലാത്തതാണെന്നുകൂടി ഇവിടെ വക്തവ്യമായുണ്ട്.

൩.) തന്റെ വിക്രമപ്രക്രമങ്ങൾ ഹനൂമാൻ തന്നെ ആളറിയിക്കാതെ പറഞ്ഞുകേൾപ്പിക്കുന്ന ഘട്ടത്തിൽ നമ്പിയാരുടെ ഭീമസേനൻ

"ശ്രീരാമദാസൻ പവനാത്മജനത്രേ
ശ്രീഹനൂമാൻ മഹാവീര്യ്യപരാക്രമൻ;
അദ്ദേഹമെങ്ങു ഭവാനെങ്ങു ഹാഹന്ത!
ദുർദ്ദേഹവൃദ്ധപ്ലവംഗ! മതി മതി!
പക്ഷീന്ദ്രനുണ്ട് ഗരുഡനെന്നോർത്തിട്ട്
മക്ഷികക്കൂട്ടം മദിക്കും കണക്കിനെ."

എന്നു പറയുന്നു. വ്യായോഗത്തിലെ ഹനൂമാൻ

"സ്വൈരം ഗോഷ്പദവദ്വിലംഘ്യ ജലധിം
നക്തഞ്ചരാണാം ഗണാൻ
ഹത്വൈരാവതദന്തകോടി ലിഖിതൈ-
ർവ്വക്ഷഃ സ്ഥലൈർ ഭീഷയാൻ
പ്ലുഷ്ട്വാ യേന പുരാകരൈർദ്ദിനകൃതോ-
പ്യസ്പൃഷ്ട പൂർവ്വാ ഭയാ—
ല്ലങ്കാകിന്ന സവാനരോ വദജഗ-
ത്യസ്മിൻ നവാ വിശ്രുതഃ?"

എന്നു തന്റെ പരാക്രമത്തെ പ്രശംസിക്കുകയും അതിനു

ഭീമസേനൻ "സോപി പാനരസ്തമപി പാനരഃ!" എന്നു തൻെറ പൂച്ഛരസത്തെ പ്രകടിപ്പിക്കയും ചെയ്യുന്നു. ഇതിൽ നിന്നെല്ലാം നമ്പ്യാർ തൻെറ ധ്രുവചരിതം തുള്ളലിൽ സ്മരിക്കുന്ന കല്യാണസൌഗന്ധികം പ്രസ്തുത വ്യായോഗം തന്നെയെന്നു് വ്യക്തമാകുന്നു."

ഈ പ്രമാണം സജീവമല്ലേ. കല്യാണപദത്തിന്നു് മംഗളാൎത്ഥമേ സംജ്ഞാകാരൻ വിവക്ഷിച്ചിട്ടുള്ളു എന്നതു് നിഷേധിക്കാൻ സാധിക്കാത്തവിധം സ്ഥാപിച്ചുകഴിഞ്ഞില്ലേ? "സംജ്ഞാകാരൻ സ്വൎണ്ണാൎത്ഥംകൂടി വിവക്ഷിച്ചിട്ടുണ്ടെങ്കിൽ നമ്പിയാർ അതു കണ്ടിരുന്നു എന്നും അതിൽ സ്വൎണ്ണാൎത്ഥത്തെ പുരസ്കരിച്ചു"എന്നും മി. രാമൻനായൎക്കു് എന്തുകൊണ്ടു് വിശ്വസിച്ചുകൂടാ? എന്നു മി. പിള്ള സാഹിത്യവിനോദിനീലേഖനത്തിൽ ശക്തിമത്തായി പ്രശ്നം ചെയ്തിരുന്നു. അതിന്നു സമാധാനമായി, സംജ്ഞാകാരൻ സ്വൎണ്ണാൎത്ഥം വിവക്ഷിച്ചിട്ടില്ലെന്നും, അതുകൊണ്ടു് നമ്പിയാർ സ്വൎണ്ണാൎത്ഥത്തെ സ്വീകരിച്ചിട്ടില്ലെന്നും കാണിക്കാൻ കല്യാണസൌഗന്ധികം രൂപകത്തിൻെറ കഥ പറഞ്ഞു് ഞാൻ ഫലിപ്പിച്ചു. ഇപ്പോഴം, ചിത്രവാരികയിൽ അദ്ദേഹം അങ്ങനെ ഒരു രൂപകം ഉണ്ടായിരുന്നോ? ഉണ്ടായിരുന്നെങ്കിൽ പ്രചാരമുണ്ടായിരുന്നോ? പ്രചാരമുണ്ടായിരുന്നെങ്കിൽ നമ്പിയാർ കണ്ടിരുന്നോ? എന്നിങ്ങനെ ഒന്നിനൊന്നിനു് സംശയങ്ങൾ മെടഞ്ഞു മെടഞ്ഞു അതിൽ ഉറച്ചു നില്ക്കാൻ ഭാവിക്കുന്നു. ഇതു അപകടമാണെന്നു് കാണി

ക്കാൻവേണ്ടി മാത്രമാണ് കുറെ നീളത്തിൽ ഉള്ളൂരിനെ ഞാൻ ഉദ്ധരിച്ചതു്. എന്നാൽ മി: പരമേശ്വരയ്യരുടെ 'സ്വിശുദ്ധത'യ്ക്കു് ഒരുദാഹരണംകൂടി പ്രസ്തുത ലേഖനത്തിൽ നിന്നും എടുത്തുകാണിക്കാതെ ഇരുന്നാൽ ഞാൻ അദ്ദേഹത്തോടും മി. നാരായണപിള്ളയോടും ഉത്തരം പറയേണ്ടി വരും. രണ്ടുവാചകങ്ങൾ എടുത്തെഴുതിയാൽ മാത്രം മതി എനിക്കു് അപരാധത്തിൽനിന്നു് ഒഴിയുന്നതിന്നു്. ഇതത്രേ വാചകങ്ങൾ:—

"നമ്പിയാർ കല്യാണസൌഗന്ധികം വ്യായോഗം വായിച്ചിരുന്നു എങ്കിലും അദ്ദേഹം 'കല്യാണസൌഗന്ധിക' പദത്തിനു കേവലം സ്വർണ്ണമായ സൌഗന്ധികം എന്നേ അർത്ഥം കല്പിച്ചിരുന്നുള്ളു എന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. "പൊൻപൂവിലേറെയുണ്ടെന്നു ധരിക്ക നീ" എന്നിങ്ങനെ നമ്പിയാർ തന്നെ പാടിയിരിക്കുന്ന സ്ഥിതിക്കു് കല്യാണപദത്തിന്നു് സ്വർണ്ണമെന്നൊരർത്ഥം അദ്ദേഹം കല്പിച്ചിരുന്നു എന്നു് നിശ്ചയമായി അനുമാനിക്കാം; അതു് എന്റെ മാന്യസ്നേഹിതൻ ശ്രീമാൻ നാരായണപിള്ള സാഹിത്യവിനോദിനീലേഖനത്തിൽസാധിച്ചിട്ടുണ്ടു്." ഈ സഹൃദ്ഭാവം വർദ്ധിക്കുമാറാകട്ടെ! കല്യാണപദം യാതൊരു കവികളും സ്വർണ്ണാർത്ഥത്തിൽ ഉപയോഗിച്ചിട്ടില്ലെന്നു് പ്രമാണസഹിതം മി. അയ്യർ സ്ഥാപിക്കുന്നു. എന്നാൽ നമ്പ്യാർ മാന്യ സ്നേഹിതൻ പറയുമ്പോലെ സ്വർണ്ണാർത്ഥത്തിലാണു് പ്രയോഗിച്ചിട്ടുള്ളതെന്നു് ഔപചാരികമായി പി

ൻതാങ്ങുവാൻ അദ്ദേഹം ബദ്ധപ്പെടുന്നു. തൽക്ഷണം സത്യവിരുദ്ധമായ പ്രസ്താവത്തിൽ ചകിതനായോ എന്നുതോന്നുമാറു് മഹാകവി

"അശ്വത്ഥാമാ ഹതയിതി പൃഥാസൂനുനാസ്പഷ്ടമുക്ത്വാ
സ്വൈരം ശേതേ ഗജയിതികില വ്യാഹൃതം സത്യവാചാ."

എന്ന നയം അഭിനയിച്ച് "എന്നാൽ മി. രാമൻനായർ പറയുന്ന മംഗളാൎത്ഥവും അസംഗതമല്ല" എന്നുപറഞ്ഞു് നിശ്വസിക്കുന്നു. കുബേരപുരിയിലെ സൌഗന്ധികത്തെ വൎണ്ണിക്കുമ്പോൾ ഏതെങ്കിലുംകവികൾ കല്യാണപദം സ്വൎണ്ണാൎത്ഥത്തിൽ പ്രയോഗിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിനു് 'നഹിനഹി' എന്നു് ഉച്ചൈസ്തരം ഉൽഘോഷിക്കാൻ മി. പരമേശ്വരയ്യർ സന്നദ്ധനാണെന്നു മാത്രം പറഞ്ഞുകൊണ്ടു് ഈ വിചാരം ഇവിടെ നിൎത്തുന്നു.

സാഹിത്യസത്യാന്വേഷണം മാത്രം പുരസ്കരിച്ചാണു് ടി പ്രശ്നം ഞാൻ സഹൃദയലോകത്തിൽ അവതരിപ്പിച്ചതു്. ഇതഃപൎയ്യന്തം കാണുവാനിടയായ പണ്ഡിതലേഖനങ്ങളിലെ സാരാംശം അധികരിച്ചു് ഒരഭിപ്രായം പറയേണ്ടതു് എന്റെ ചുമതലയാണു്. പ്രമാണങ്ങളെപ്പററി അവധാനപൂൎവ്വം പരിചിന്തനം ചെയ്തിട്ടും നമ്പ്യാരുടെ വിവക്ഷ മംഗളം എന്നുതന്നെയാണെന്നു് സ്ഫടികസ്ഫുടമായി തെളിഞ്ഞിരിക്കുന്നു. എല്ലാ വിശേഷണങ്ങളും 'ശ്രേഷ്ഠമായ' എന്ന അൎത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നു എന്നല്ലാതെ അതിൽ കൂടുതലായ അൎത്ഥകല്പനയ്ക്കു് യാതൊരവ

കാശവും ഇല്ലാത്തതാണ്. 'കല്യാണവർണ്ണമായ' എന്നുകൂടി ഏതെങ്കിലുമൊരു കവി നിരുദ്ദേശകമായിട്ടെങ്കിലും പ്രസ്തുത സൌഗന്ധികത്തെ വിശേഷിപ്പിച്ചിരുന്നെങ്കിൽ മി. നാരായണപിള്ളയുടെ വാദം ചിന്താർഹമെങ്കിലുമാകുമായിരുന്നു. അങ്ങനെ പ്രയോഗിച്ചിട്ടില്ലെന്നല്ല, കല്യാണപദത്തെ മംഗളാർത്ഥത്തിൽ നിർവിശങ്കമായി സംഘടിപ്പിച്ചും കാണുന്നു. സുസമ്മതമായ മംഗളാർത്ഥം നമ്പ്യാർ പുനഃപുനഃ ഉൽഘോഷിച്ച് തുള്ളൽക്കഥയിൽ കല്യാണപദം പ്രവേശിപ്പിച്ചിട്ടുമുണ്ട്. അവിടെയെങ്ങുംതന്നെ കല്യാണപദത്തിന് സ്വർണ്ണാർത്ഥം ചേതകയുമില്ല. "നേരായ മാർഗ്ഗം വെടിഞ്ഞുനടന്നി"ട്ടെന്തു കാര്യം? ഈ ഒററത്തെളിവ് ഒന്നാംതരം തെളിവല്ലേ? ഏതർത്ഥത്തിലാണെന്നു് നോക്കുക:-

൧) പ്രയോഗിച്ചുകാണുകിൽ
കല്യാണമല്ലോ കവികൾക്കു സന്തതം.

(ധനേച്ഛുവായ നമ്പ്യാർ ധാരാളം പൈസ കിട്ടണമെന്നു് ഉദ്ദേശിക്കുന്നായിരിക്കാം? അല്ലേ?

൨) കല്യാണശീലനാം കാർമ്മുകിൽ വർണ്ണൻ

(കാർമുകിൽവർണ്ണന്റെ നിറം സ്വർണ്ണത്തിന്റെ നിറമെന്നോ?)

൩) കൽഹാരപുഷ്പം ഹരിച്ചോരു ഭീമന്റെ
കല്യാണവിക്രമം വർണ്ണിച്ചുചൊല്ലുവാൻ

(ഭീമന്റെ സ്വർണ്ണവിക്രമം അല്ലേ?)

ഈ വരികൾ എത്രയോ ഉദ്ദേശപൂർവ്വകമാണ്. കഥാ

പ്രാരംഭത്തിലുള്ള വരികളാണിവ. മുഖ്യാൎത്ഥം പോയിട്ട് സ്വൎണ്ണാൎത്ഥത്തിൻെറ ഛായയെങ്കിലും നമ്പ്യാരുടെ മനസ്സിൽ വീശിയിരുന്നെങ്കിൽ എത്ര ഭംഗിയായി പ്രാസപ്രിയനായ നമ്പ്യാർ

'കല്യാണപുഷ്പം ഹരിച്ചോരു ഭീമൻെറ
കല്യാണവിക്രമം വൎണ്ണിച്ചു ചൊല്ലുവാൻ'

എന്നിങ്ങനെ ഉപക്രമിക്കുമായിരുന്നു. ഈ തത്വം മി. നാരായണപിള്ള ചിന്തിക്കാത്തതെന്തു്?

ര) മംഗളം, ചാരു, കല്യാണം, ശുഭം, ശുഭം.

(ഇവിടെ മംഗളം ചാരു സ്വൎണ്ണം എന്നോ അൎത്ഥം? കല്യാണശബ്ദത്തിൻെറ പൎയ്യായപദങ്ങൾ എത്ര ഉദ്ദേശപൂൎവ്വകം സംബന്ധിപ്പിച്ചിരിക്കുന്നു. എന്നിട്ടും മി. നാരായണപിള്ള ഈ അസംബന്ധം എഴുന്നെള്ളിക്കുന്നല്ലോ!)

"പല കൃതികളുടേയും ഒടുവിൽ മംഗളവാചകം നമ്പ്യാർ പ്രയോഗിക്കുന്നുണ്ടു്." എന്നുള്ളതിനു് കാളിയമൎദ്ദനം, പൌണ്ഡ്രകവധം, ഘോഷയാത്ര, കിരാതം ഇത്യാദി തുള്ളൽക്കഥകളുടെ അവസാനവരികൾ പരിശോധിച്ച മി. നാരായണപിള്ള പ്രസ്തുത കൃതികളിൽ എവിടെയെങ്കിലും കല്യാണപദം സ്വൎണ്ണാൎത്ഥത്തിൽ പ്രയോഗിച്ചിട്ടുണ്ടോ എന്നു് നോക്കാത്തതു് കഷ്ടമല്ലേ.

കിരാതം തുള്ളൽക്കഥയിൽ

"കല്യാണിമാരെക്കണ്ടാലില്ലാതെയാകും ധൈൎയ്യം"

"കല്യാണാകാരാശംഭോ" ഇത്യാദിയിൽ സ്വൎണ്ണാൎത്ഥം സം

ക്രമിപ്പിച്ചുനോക്കട്ടെ!

"കനകനിറമുടയ", "കനകംമൂലം കാമിനിമൂലം" "പൊന്നുള്ളേടം പണമുള്ളേടം" തുടങ്ങിയ വരികളിൽ എവിടെയെങ്കിലും സ്വർണ്ണാർത്ഥം മുഖ്യാർത്ഥമായി ധരിച്ചിട്ടുള്ള നമ്പ്യാർ ഒരു കല്യാണപദംകൂടി ആ അർത്ഥത്തിൽ ഇരിക്കട്ടെ എന്നു് വിചാരിക്കാത്തതു പ്രാസസംബന്ധമായ നമ്പ്യാർക്കുള്ള അപ്രാപ്തികൊണ്ടാണെന്നു് മി. പിള്ള വ്യാഖ്യാനിക്കുമോ?

അതുപോലെതന്നെ, അദ്ദേഹം അവസാനവാചകം പരിശോധിച്ച ഘോഷയാത്രയിലെ

"കല്യാണവാരിരാശി............

കല്യാണമരുളുക കല്യാണി വാണിദേവി"

എന്നിങ്ങനെയുള്ള ആവർത്തിച്ചുള്ള കല്യാണപദപ്രയോഗങ്ങളിൽ ശ്ലേഷോത്ഥാപിതമായെങ്കിലും സ്വർണ്ണാർത്ഥം പ്രയുക്തമായിട്ടുണ്ടെന്നു് അദ്ദേഹത്തിനു് പറയാൻ ധൈര്യമുണ്ടോ?

പ്രസ്തുത തുള്ളൽക്കഥയിലെ

"കനകമണിഞ്ഞൊരു കരിവരകണ്ഠേ"

"കനകാഞ്ചിതമാം വെൺചാമരവും"

ഈ പ്രയോഗങ്ങളിൽ ഒരിടത്തെങ്കിലും കല്യാണപദം സ്വർണ്ണാർത്ഥത്തിൽ നിവേശിപ്പിക്കാൻ വൃത്തരീതി മാററാത്തതെന്തു്?

പൌണ്ഡ്റകവധത്തിലെ

"ഹേമകുണ്ഡലംകൊണ്ടു വിളങ്ങുന്ന മുഖാംഭോജം"
ഇത്യാദിപ്രയോഗങ്ങളിൽ വാസ്തവത്തിൽ നമ്പ്യാർ കല്യാണപദമാണു് വിവക്ഷിക്കുന്നതു് എന്നു് വിചാരിക്കണമോ?

നളചരിതം തുള്ളൽക്കഥയിലെ

എ) "സ്വർണ്ണപ്രഭാചാരുവർണ്ണം വിളങ്ങിടുമന്നങ്ങൾ"
ബ) "പത്തരമാററുള്ള തങ്കത്തിനൊത്തൊരു പത്രങ്ങൾ"
സ) "ഹേമപങ്കേരുഹംതന്നിൽവിളങ്ങുന്നപൂമധുപാനവും"
ഡ) "കനകമയാകൃതി ആകിയന്നിന്നെ"
ഇ) "കനകസമാനകളേബരനാം നീ" ഇത്യാദി പ്രയോഗങ്ങളിലാകട്ടെ,

സ്യമന്തകം തുള്ളലിലെ

"എട്ടെട്ടുഭാരംപൊന്നു ദിനംപ്രതി
മുട്ടാതെതരുമമ്മണിരാജൻ"

തുടങ്ങി സ്വർണ്ണാർത്ഥത്തിൽ കല്യാണപദത്തെ പ്രവേശിപ്പിക്കാവുന്ന ഘട്ടങ്ങളിലാകട്ടെ,

രുക്മിണീസ്വയംവരം തുള്ളൽക്കഥയിലെ

"പൊന്നരഞ്ഞാണം തോൾവള കടകം,"
"കാഞ്ചനമണിഗണശോഭിതമാം മണി,"
"രുക്മപ്രകാരംപോലെ രൂപപ്രകാരത്തോടും".

എന്നീ പ്രയോഗങ്ങളിലാകട്ടെ, കല്യാണപദം പ്രവേശിപ്പിക്കാത്തതു് സ്വർണ്ണാർത്ഥമായിട്ടു് ഈ പദം നമ്പ്യാർ സ്മരിക്കക്കൂടി ചെയ്തിട്ടില്ലെന്നുള്ളതിനു് ചൈതന്യയുക്തമായ സാക്ഷിത്വം വഹിക്കുന്നില്ലേ. എന്നിട്ടും കല്യാണശബ്ദത്തിനു് സ്വർണ്ണാർത്ഥമാണു് നമ്പ്യാർ വിവക്ഷിച്ചിട്ടുള്ളതെന്നു് മി. നാരായണപിള്ള 'ആണ'യിട്ടു് പറയുന്നു! എങ്ങനെ വിശ്വസിക്കും? അപ്രയുക്തമായ പദം പ്രയോഗിച്ചെന്നു് തെളിയിച്ചു് ആ വരകവിയുടെ കാവ്യത്തിൽ ദോഷം ആരോപിക്കാനാണോ ഭാവം?

കല്യാണപദത്തിനു് നിഘണ്ടുക്കളിൽ സ്വർണ്ണംഎ

നുകൂടി ഒരത്ഥം കൊടുത്തിട്ടുണ്ടു് എന്നുകരുതി, ആലോചിക്കാതെ സ്വർണ്ണാത്ഥത്തിൽ എത്ര കവികൾ ഉപയോഗിച്ചിട്ടുണ്ടെന്നുകൂടി നോക്കേണ്ടതല്ലായിരുന്നോ? കല്യാണഘൃതം, കല്യാണഗുളം, കല്യാണക്ഷാരം തുടങ്ങിയ മരുന്നുകളിൽ എത്രമാത്രം പൊന്നുചേരുന്നുണ്ടു്? കല്യാണഗുളത്തിന്റേയും കല്യാണക്ഷാരത്തിന്റേയും നിറമെന്തു്? കല്യാണക്ഷാരം കണ്ടാൽ കരിക്കട്ടപോലാണെന്നു് ഏതുവൈദ്യനും പറഞ്ഞുതരുമായിരുന്നു. വാഗ്ഭടാചാര്യൻ തന്റെ അഷ്ടാംഗഹൃദയത്തിൽ

"ത്രികടു ത്രിപടുശ്രേഷ്ഠാ
ദന്ത്യരുഷ്കര നാഗരം,
ജർജ്ജരം സ്നേഹമൂത്രാക്തം
അന്തർധൂമം വിപാചിതം" എന്ന യോഗത്തിൽ എത്രമാത്രം പൊന്നു വിധിച്ചിട്ടുണ്ടു്. കല്യാണത്തിനു് പൊന്നു് എന്നത്ഥത്തിൽ എത്ര പ്രയോഗങ്ങൾ മി. പിള്ളയ്ക്കു് ഉദ്ധരിക്കാൻസാധിക്കുമെന്നറിഞ്ഞാൽകൊള്ളാമായിരുന്നു.

കല്യാണത്തിനു് സ്വർണ്ണം എന്നത്ഥമുള്ളതുപോലെ വേറെയും പല അർത്ഥങ്ങളുണ്ടു് എന്നു് ഞാൻ പറഞ്ഞിരുന്നു. "കല്യാണമക്ഷയേ സ്വർഗ്ഗേ" എന്ന മേദിനീകോശത്തേയും ഞാൻ ഉദ്ധരിച്ചിരുന്നു. എന്റെ ഉദ്ധാരണം ശരിയോ എന്നദ്ദേഹം ആശങ്കിക്കുന്നു. 'അക്ഷയസ്വർഗ്ഗേ' എന്നല്ലേ എന്നു് സംശയിക്കുന്നു. സംശയിക്കേണ്ട ഓർമ്മപ്പിശകുകൊണ്ടാണു് അദ്ദേഹംഇങ്ങനെ സംശയിക്കുന്നതു്. അക്ഷയസ്വർഗ്ഗേ എന്നാവാൻ തരമില്ല.

"കല്യാണം ത്വുത്സവേ ക്ലീബം
മംഗലേക്ഷയ ശർമ്മയോ"

എന്ന നാനാർത്ഥാവസംക്ഷേപപാഠവും, "കല്യാണം അക്ഷയേ സ്വർണ്ണേ" എന്ന വിശ്വവും അദ്ദേഹത്തിന്റെ

സംശയത്തെ ദൂരീകരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ കല്യാണസൌഗന്ധികവ്യാഖ്യാനത്തിൽ "കല്യാണവർണ്ണമായ സൌഗന്ധികം എന്നു വേണ്ടിടത്തു് മധ്യമപദലോപിയായി വർണ്ണശബ്ദം ലോപിപ്പിച്ചു്, കല്യാണസൌഗന്ധികം എന്നു് 'ശാകപാർത്ഥിവാദി'പോലെ സമാസം എന്നു് പ്രസ്താവിച്ചുകാണുന്നു. കല്യാണകരമായ, കല്യാണരൂപമായ, കല്യാണവർണ്ണമായ എന്നിങ്ങനെയെല്ലാം അർത്ഥത്തിൽ മധ്യമപദം പ്രവേശിപ്പിക്കാമെന്നിരിക്കെ, വർണ്ണശബ്ദംതന്നെ ലോപിച്ചതു് ഏതു സൂത്രപ്രകാരമാണെന്നു് അറിഞ്ഞാൽകൊള്ളാമായിരുന്നു.

ഏതദ്കാരണങ്ങളാൽ മംഗളം എന്നർത്ഥം അല്ലാതെ നമ്പ്യാർ സ്മരിക്കപോലും ചെയ്തിട്ടില്ലെന്നു് ഞാൻ ഉറപ്പിപറയുന്നു. വനപർവ്വത്തിൽ എന്നല്ല മഹാഭാരതത്തിൽ തന്നെ സൌഗന്ധികകഥ എത്രയോ സുന്ദരമാണു്? എത്രയോ പ്രധാന സംഭവമാണു്? വനവാസക്ലേശിതരായ പാണ്ഡവന്മാക്കു് ഈ സൌഗന്ധികം എന്തെന്തു സൌഭാഗ്യത്തെ വരുത്തിവെച്ചില്ല! രാമായണത്തിലെ സുന്ദരകാണ്ഡത്തെ പരാമർശിച്ചു് ഭോജചമ്പുവിൽ കാണുന്ന

"സൌഖ്യാവഹസ്യപവനാത്മജനീയമാന
രാമാംഗുലീയക വിലോകനവാസരസ്യ
സത്യം കലാം ശതതമീം ഭുവിനൈവഭേജേ
പാണിഗ്രഹോത്സവദിനം ജനകാത്മജായാ

എന്ന ശ്ലോകം അനുസ്മരിക്കുമ്പോൾ താദൃശമായ ഒരു ഘട്ടത്തിൽ ആഹ്ലാദൈകകാരണമായ സൌഗന്ധികത്തിൽ മംഗളാർത്ഥം നാനാപ്രകാരേണ യോജിക്കുന്നതായി സഹൃദയന്മാർ സമ്മതിക്കാതിരിക്കുമോ?

ലേഖനം അല്പം നീണ്ടുപോയി. എല്ലാവരും കാര്യങ്ങൾ ഗ്രഹിക്കണമെന്ന വിചാരംകൊണ്ടു് ചില ഭാഗങ്ങൾ കുറച്ചു് അധികം വിസ്തരിച്ചതാണു് കാരണം. ഏതെങ്കി

ലും എൻെറ പ്രസ്തുത ലേഖനവും 'മയ്യാദാനിയ്യാസമയ'മാണെന്നു് അദ്ദേഹത്തിനു് ബോധ്യമായാൽ ഞാൻ ധന്യനായി. അതോ ഞാൻ നിയ്യാസശബ്ദത്തെ തെററി വ്യാഖ്യാനിച്ചിരിക്കുമോ? അദ്ദേഹത്തിന്റെ പ്രയോഗങ്ങളിൽ സാധാരണ കാണുന്ന അസാധാരണത്വം എന്നെ

"സേവ്യമാനോ സുഖസ്പശൈഃ
സാലനിയ്യാസഗന്ധിഭിഃ

എന്ന പദപ്രയോഗം സ്മരിപ്പിക്കയും തദ്കാരണത്താൽ "മട്ടിപ്പശ"പോലെ സുഗന്ധത്തെ ചെയ്യുന്ന മയ്യാദ എന്നിങ്ങനെ നിയ്യാസശബ്ദത്തെ വ്യാഖ്യാനിക്കുകയും ചെയ്കയാലാണു് ഞാൻ 'ധന്യനായി'എന്നു പറഞ്ഞതു്.

ചിത്രവാരികയിൽ, മി. നാരായണപിള്ള, ഞാൻ "മനോരമ എന്നു പറയുന്ന? പത്രത്തിൽ" എഴുതിയിരുന്ന ലേഖനം കണ്ടതായി പ്രസ്താവിക്കുന്നു. പത്രത്തെ സംബന്ധിച്ച മന്ദഹാസം ഈവിധത്തിൽ സ്ഫുരിപ്പിക്കേണ്ടതില്ലായിരുന്നു. എൻെറ താമസസ്ഥലവും പത്രം പുറപ്പെടുന്ന സ്ഥലവും കോട്ടയമായതുകൊണ്ടു് മാത്രം ഇപ്രകാരം സംഭവിച്ചു എന്നേയുള്ളു. മനോരമപ്പത്രം ചവററുകൊട്ടയിൽ തള്ളപ്പെടേണ്ടതാണെങ്കിൽ കൂടി, "ജാതിനാമാദികൾക്കല്ല ഗുണഗണം"എന്ന പ്രമാണപ്രകാരം അല്പം ചിലരെങ്കിലും, ചില അവസരങ്ങളിൽ, ഒന്നു കണ്ണോടിച്ചേക്കാമെന്നാണു് ഇപ്പോഴും എൻെറ പൂർണ്ണവിശ്വാസം. മനോരമയിൽ എഴുതിയ കററം ഞാനേററുമുള്ളനു; എന്നാൽ ആ ഒരൊററക്കാരണംകൊണ്ടു് എൻെറ അഭിപ്രായം ഉപേക്ഷ്യമായിത്തീരുമോ? ഇതിൽ ചില അച്ചടിപ്പിശകുകൾ പററിയിട്ടുണ്ടു്; 'ചിത്രവാരികാലേഖന'ത്തിൽ കാണുന്ന അച്ചടിപ്പിശകുകൾ ഞാൻ ചൂണ്ടിക്കാണിച്ചിട്ടോ, അന്യഥാ വ്യാഖ്യാനിച്ചിട്ടോ ഇല്ല എന്നദ്ദേഹം ഓത്താൽ നന്നു്.

## 8

# കല്യാണസൗഗന്ധികവാദപ്രതിവാദം.

(എൻ. പരമേശ്വരൻപിള്ള ശാസ്ത്രി, കോളേജ്, കോട്ടയം.)

KOTTAYAM PUBLIC LIBRARY

### ലേഖനസംഗ്രഹം.

"ഇതേവരെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രസ്തുത വാദപരമായ ലേഖനങ്ങളിൽ വെച്ചു് മി. പി. കെ. നാരായണപിള്ള മലയാളരാജ്യം ചിത്രവാരികയിൽ എഴുതിയിരിക്കുന്ന ലേഖനമാണു് ശ്രദ്ധേയമായി എനിക്കു് തോന്നിയിരിക്കുന്നതു്. ആ ലേഖനത്തിൽ, സൌഗന്ധികകഥ തുടങ്ങുന്ന ഭാരതപദ്യത്തെ ഉദ്ധരിച്ചുകൊണ്ടു് മി. നാരായണപിള്ള സൌഗന്ധികം പത്മജാതി ആണെന്നു് പറഞ്ഞുകാണുന്നു. എനിക്കു്, ഈ പദ്യത്തിൽനിന്നു് സൌഗന്ധികത്തിനു് പത്മസാദൃശ്യം മാത്രമേ വ്യാസർ വിവക്ഷിച്ചിട്ടുള്ളതായി തോന്നുന്നുള്ളു. "പ്രകൃത്യാ പുണ്ഡരീകേണ സദൃശം" എന്നാണു് വിദ്യാവാഗീശൻ പറഞ്ഞുകാണുന്നതു്. ഇവിടെ പുണ്ഡരീകത്തോടു സദൃശം എന്നല്ലാതെ പുണ്ഡരീകം എന്നല്ലല്ലോ പറഞ്ഞിരിക്കുന്നതു്. താഴെ ഉദ്ധരിക്കുന്ന പദ്യങ്ങളും എന്റെ ഈ അഭിപ്രായത്തെ വളരെ അനുകൂലിക്കുന്നുണ്ടു്!

എ) "കാമം സജഗ്രാഹതതോംബുജാനീ"

ബി.) "ഉൽപാട്യജഗ്രാഹതതോംബുജാനി
സൌഗന്ധികാന്യുത്തമഗന്ധവന്തി"

൩.) തേ സൎവേ ത്വരിതംഗത്വാ ദദൃശുസ്തത്രകാനനേ
പത്മസൌഗന്ധികവതീം നളിനീം സുമനോരമാം."

ഒന്നാംപദ്യത്തിൽ, സൌഗന്ധികപുഷ്പങ്ങൾ വെള്ളത്തിൽ മുളക്കുന്നവയെന്നൎത്ഥം വരുന്ന അംബുജശബ്ദംകൊണ്ടും രണ്ടാംപദ്യത്തിൽ, സൌഗന്ധികങ്ങൾ വെള്ളത്തിൽ മുളക്കുന്നവയും ഉത്തമ ഗന്ധമുള്ളവയും എന്നൎത്ഥം വരുന്ന പദങ്ങൾകൊണ്ടും, സംശയത്തിനു വകയില്ലാത്ത വിധം വ്യാസർ പ്രസ്താവിച്ചിരിക്കുന്നു. മൂന്നാമത്തെ പദ്യത്തിൽ സൌഗന്ധികങ്ങളും പത്മങ്ങളും ഭിന്നപദാൎത്ഥങ്ങളാണെന്നും ആ മഹാകവി വ്യക്തമാക്കിയിരിക്കുന്നു. മേൽ ഉദ്ധരിച്ച പദ്യങ്ങളെ അവധാനപൂൎവ്വം അദ്ധ്യയനംചെയ്യുന്നപക്ഷം സൌഗന്ധികത്തെ പത്മമെന്ന് നിൎദ്ദേശിച്ചിരിക്കുന്നതുഅംബുജം(വെള്ളത്തിൽ ജനിക്കുന്നതു്)എന്ന അൎത്ഥത്തിൽ മാത്രമാണെന്നും സാക്ഷാൽ പത്മമെന്ന അൎത്ഥലല്ലെന്നും സുസ്പഷ്ടമാകുന്നതാണ്.

കുബേരനളിനിവൎണ്ണനയിലെ ൧) ദിവ്യാംകനകപുഷ്കരാം, ൨) ജാതരൂപമയൈ പത്മൈഃ ഛന്നാംപരമഗന്ധിഭിഃ, ൩) കാഞ്ചനൈൎവിമലൈ പത്മൈഃ ദദൎശവിപുലാം നദീം ഇത്യാദി ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ടു് "ഇവിടെ പുഷ്കരാദിശബ്ദങ്ങൾ സൌഗന്ധികാൎത്ഥങ്ങളാണെന്ന്" മി. പി. കെ, അഭിപ്രായപ്പെടുന്നു. ഇപ്രകാരമനുമാനിക്കാൻ തെററിദ്ധാരണമൂലമല്ലാതെ ഒരു മാൎഗ്ഗവുമില്ല. ഈ വസ്തു

ത വെളിവാക്കുന്നതിന് മേൽപറഞ്ഞഭാഗങ്ങളെ സമഗ്ര മായി പകർത്തേണ്ടിയിരിക്കുന്നു:—

"പരിവൃത്തേ ഽഹനിതതഃ പ്രകീർണ്ണ ഹരിണേ വനേ
കാഞ്ചനൈർ വിമലൈ പത്മൈഃ ദദർശവിപുലാം നദീം
ഹംസകാരണ്ഡകയുതാം ചക്രവാകോപ ശോഭിതാം.
രചിതാമിവ തസ്യാദ്രേർമാലാം വിമല പങ്കജാം.
തസ്യാം നദ്യാംമഹാസത്വഃ സൌഗന്ധികവനം മഹൽ
അപശ്യൽപ്രീതിജനനം ബാലാർക്ക സദൃശദ്യുതി"

ഈ പ്രകരണത്തിൽനിന്നും കാഞ്ചനപത്മവും സൌഗന്ധികകുസുമവും യഥാർത്ഥത്തിൽ എത്രമാത്രം വിഭിന്നമായിരിക്കുന്നുവോ അത്രദൂരം അവകൾതമ്മിൽ വൈജാത്യം സ്ഫുരിക്കത്തക്കവിധം കാഞ്ചനപത്മങ്ങളെപ്പററി പ്രസ്താവിച്ചതിനുശേഷം വളരെ വരികളും വർണ്ണനകളും കഴിഞ്ഞിട്ടാണ് "സൌഗന്ധികവന"ത്തെ വ്യാസർ നിബന്ധിച്ചിട്ടുള്ളതു്. ഇവിടെ പത്മൈഃ എന്നു് കാണുന്നതു് അവയോടു സഹിതയായ നദി എന്നർത്ഥത്തിലാണു്. ഇപ്രകാരമുള്ള നദിയിൽ (ഭീമസേനൻ) സൌഗന്ധികവനത്തെ കണ്ടു എന്നു് പൃഥക്കായിട്ടാണു് വ്യാസർ വർണ്ണിച്ചിരിക്കുന്നതു്. ഈസ്ഥിതിക്കു് കാഞ്ചനപത്മങ്ങളെ സൌഗന്ധികാർത്ഥങ്ങളായിട്ടു് വ്യാഖ്യാനിക്കുന്നതു് യാതൊരുവിധത്തിലും വിഹിതമല്ല. "ദിവ്യാം കനകപുഷ്കരാം എന്ന പദ്യഭാഗം അടങ്ങിയിരിക്കുന്ന പ്രകരണത്തിൻെറ സ്ഥിതിയും ഇതുതന്നെ. ദിവ്യസൌഗന്ധികങ്ങളാൽ ആ പുഷ്കര

ണി ആവൃതമായിരിക്കുന്നതുപോലെ, അതു കനകപുഷ്ക്ക രങ്ങളോടുകൂടിയതും ജാതരൂപമയങ്ങളായ പത്മങ്ങളെക്കൊണ്ടു് പൂൎണ്ണവും ആയിരിക്കുന്നു. ഈ വ്യാസവചനങ്ങളെ സൌഗന്ധികാൎത്ഥങ്ങളായി വ്യാഖ്യാനിക്കുന്നതിന്നു് ഈ ഭാഗം ഒരുവിധത്തിലും വഴങ്ങുന്നില്ല. ഇങ്ങനെയിരിക്കെ മി. പി. കെ. ഉദ്ധരിച്ചിട്ടുള്ള ടി ശബ്ദങ്ങൾ സൌഗന്ധികാൎത്ഥങ്ങൾ അല്ലെന്നും ടി ഭാരതഭാഗങ്ങളിൽനിന്നും സൌഗന്ധികം സ്വൎണ്ണവൎണ്ണമാണെന്നു് സിദ്ധിച്ചിട്ടില്ലെന്നും ഇവിടെ വിശേഷിച്ചു് പറയേണ്ടതില്ലല്ലോ.

ഭാരതമഞ്ജരിയിൽ സൌഗന്ധികത്തെ കാഞ്ചനപത്മമായി വൎണ്ണിച്ചിട്ടുണ്ടെങ്കിലും, കൌന്തേയവൃത്തത്തിൽ സൌഗന്ധികത്തെ ധവളവൎണ്ണമായിട്ടാണു് വൎണ്ണിച്ചിരിക്കുന്നതു്. ഇതിൽനിന്നും സൌഗന്ധികത്തിന്റെ വൎണ്ണവ്യവസ്ഥ വരുന്നില്ലല്ലോ.

ഇനി, തുള്ളൽക്കഥയിലെ കല്യാണപദത്തെപ്പററി ചിന്തിക്കാം. തുള്ളലിലെ കാഞ്ചനാഭം ഇത്യാദി പ്രസ്താവനകളെ ആധാരമാക്കി 'സൌഗന്ധികത്തിന്റെ നിറം സ്വൎണ്ണവൎണ്ണമാണെന്നു് കവി സ്ഫുടികസ്ഫുടമായി പ്രതിപാദിച്ചിരിക്കുന്നു" എന്നും "അതുകൊണ്ടു് സ്പഷ്ടമാകുന്നതു് സ്വൎണ്ണാൎത്ഥം കല്യാണപദത്തിൽ ശൃംഖലിതമാകുന്നു" എന്നും മി. പി. കെ. പറയുന്നു.

ശരി! "വല്ഗൽ കാഞ്ചനപത്മാനി
തം ദൃഷ്ട്വാ ഫൽഗുമദ്യുതം"

എന്നു് ഭാരതമഞ്ജരിയിൽ സൌഗന്ധികത്തെ കാഞ്ചനപത്മമായി വർണ്ണിച്ചിട്ടുള്ള ക്ഷേമേന്ദ്രൻ, സൌഗന്ധികവർണ്ണമടങ്ങിയ പ്രസ്തുത കഥാഭാഗത്തിനു് എന്തു സംജ്ഞയാണു് നൽകിയിരിക്കുന്നതെന്നും ആ സംജ്ഞയാൽ സ്വർണ്ണാർത്ഥം ശൃംഖലിതമായിട്ടുണ്ടോ എന്നും മി. പി. കെ. ചിന്തിക്കാത്തതെന്തു്? ഈ കഥാഭാഗത്തിനു് 'പുഷ്കരാഹരണം' എന്ന ക്ഷേമേന്ദ്രന്റെ നാമകരണത്തിൽ സ്വർണ്ണാർത്ഥം ശൃംഖലിതമായിട്ടുണ്ടെന്നു വാദിക്കാൻ തരമില്ലല്ലോ. ഈ യുക്തി അനുസരിച്ചു്, തുള്ളൽക്കഥയിൽ നമ്പിയാർ സൌഗന്ധികത്തെ സ്വർണ്ണവർണ്ണമായി പ്രതിപാദിച്ചിരിക്കുന്നു എന്ന വാദത്തിനുവേണ്ടി സമ്മതിക്കുന്ന പക്ഷത്തിലും, കല്യാണസൌഗന്ധികത്തിലെ 'കല്യാണ' പദത്തിൽ സ്വർണ്ണാർത്ഥം ശൃംഖലിതമല്ലെന്നു് നിസ്സന്ദേഹം മനസ്സിലാക്കാം.

ഇനി, നമ്പ്യാരുടെ കാഞ്ചനാഭം തുടങ്ങിയ വാക്യങ്ങളിൽനിന്നു് സൌഗന്ധികത്തിന്റെ നിറം സ്വർണ്ണനിറമാണെന്നു് സിദ്ധിക്കുകയില്ലെന്നു് കാണിക്കാം. എങ്ങിനെയെന്നാൽ:— "കണ്ടാലുമാശ്ചര്യപുഷ്പമെൻ വല്ലഭാ കണ്ടാൽ മനോഹരം കാഞ്ചനാഭം ശുഭം" എന്ന ഒന്നാമത്തെ വാക്യം പാഞ്ചാലി ഭീമനോടു് പറയുന്നതാണു്. സൌഗന്ധികത്തിന്റെ വർണ്ണം വളരെ കൌതുകാവഹമായിരിക്കുന്നു എന്നു വ്യക്തമാക്കി ഭീമസേനന്റെ ദിദൃക്ഷയെ ഉദ്ദീ

പിപ്പിക്കുന്നതിനാണ് പാഞ്ചാലി 'കാഞ്ചനാഭം' എന്ന പദംകൊണ്ടു ആ "ആശ്ചര്യപുഷ്പ"ത്തെ വിശേഷിപ്പിച്ചതു; അല്ലാതെ, 'ആശ്ചര്യപുഷ്പ'ത്തിൻെറ വർണ്ണത്തെ അതേരൂപത്തിൽ നിർവചിക്കുകയല്ല ചെയ്തതു്. എന്തെന്നാൽ "കാഞ്ചനാഭം" എല്ലാവരും കണ്ടിട്ടുള്ളതായിരിക്കെ ആ വർണ്ണത്തിനു സാധാരണത്വമല്ലാതെ ആശ്ചര്യകരത്വമില്ലാത്തതിനാൽ, അതു, ലോകത്തിൽ ദുർലഭമായ 'ആശ്ചര്യപുഷ്പ'ത്തിൻെറ വർണ്ണമായിട്ടു, പറയുന്നതു ശരിയായിരിക്കുകയില്ലെന്നുള്ളതാകുന്നു. അതിനാൽ പാഞ്ചാലിയുടെ ഈ വാക്യത്തിൽനിന്നും സൌഗന്ധികവർണ്ണം സാക്ഷാൽ സ്വർണ്ണവർണ്ണം തന്നെയാണെന്നൂഹിക്കുന്നതു യുക്തിവിരുദ്ധമാകുന്നു. രണ്ടാമത്തെ വാക്യത്തിൽ കാഞ്ചനപുഷ്പം എന്നു കാണുന്നതു ഭീമസേനൻ, പാഞ്ചാലി പറഞ്ഞ പുഷ്പത്തെത്തന്നെയാണു് താൻ പരാമർശിക്കുന്നതെന്നു താദാത്മ്യതാ ദൃഢതയ്ക്കായിട്ടു സൌഗന്ധികാർത്ഥത്തിൽ ഉപയോഗിക്കുന്നതാണു്. ഭീമനോ, കവിയോ സൌഗന്ധികത്തിൻെറ വർണ്ണത്തെ വ്യക്തമാക്കുന്നതിനല്ല "കാഞ്ചനപുഷ്പം" എന്നു പറയുന്നതു്. പാഞ്ചാലി പറഞ്ഞ പുഷ്പത്തെ തെററാതെ നിർദ്ദേശിക്കുന്നതിനായിട്ടാണു പ്രസ്തുത പദത്തെ ഇവിടെ പ്രയോഗിച്ചിരിക്കുന്നതു എന്നു താല്പര്യം. പാഞ്ചാലി പറഞ്ഞ ആ ശബ്ദംതന്നെ (കാഞ്ചന) ഭീമൻെറ വാക്കിലും (കാഞ്ചനപുഷ്പം) കാണുന്നു എന്നുള്ളതു എൻെറ ഈ അഭിപ്രാ

യത്തെ ദൃഢീകരിക്കുന്നുണ്ടു്. അതിനാൽ ഈ രണ്ടാമത്തെ വാക്യത്തിലെ കാഞ്ചനപ്രയോഗത്തിൽനിന്നും സൌഗന്ധികത്തിൻെറ നിറം സ്വർണ്ണവർണ്ണമാണെന്ന അഭിപ്രായപ്പെടുന്നതു അടിസ്ഥാനരഹിതമാണെന്ന കാണാവുന്നതാണു്.

അടുത്തതായി കുബേരകിങ്കരവ്യവഹാരം അടിസ്ഥാനമാക്കി പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായത്തെപ്പററി പരിശോധിക്കാം. ഭീമസേനൻ കുബേരനളിനിയിൽ ഇറങ്ങി സൌഗന്ധികപൂക്കളെ കൈക്കലാക്കുന്നതുകണ്ടു കോപാവേഗാദികളാൽ പരിഭ്രാന്തചിത്തരായ കിങ്കരന്മാർ ഭീമസേനനെ ഭത്സിക്കുന്ന സന്ദർഭത്തിലാണു് ഈ 'പൊൻപൂ'പ്രയോഗങ്ങൾ കിടക്കുന്നതു്. സന്ദർഭസ്വഭാവം നോക്കുമ്പോൾ ഈ കിങ്കരന്മാർ പറയുന്നതൊന്നും വിവേകപൂർവ്വകമല്ലെന്ന മനസ്സിലാക്കാവുന്നതാണു്. പ്രസ്തുത കവി തന്നെ കോപാക്രാന്തരായ കഥാപാത്രങ്ങളെയും, ഉൽക്കണ്ഠാഭരിതരായ കഥാപാത്രങ്ങളെയും വർണ്ണിച്ചിരിക്കുന്നതു നോക്കുക. ഇതെല്ലാം പ്രമാണമാക്കുന്നപക്ഷം എത്രയോ പുതുമയുള്ള അഭിപ്രായങ്ങളും അനുമാനങ്ങളും നമുക്കു സ്വീകരിക്കേണ്ടിവരുമെന്നതിനു കണക്കില്ല. സംഭ്രാന്തചിത്തരും, വിവേകഭ്രഷ്ടരുമായ കഥാപാത്രങ്ങൾ പറയുന്നതു കവി സൂക്തികളായി കല്പിക്കുന്നതു ശരിതന്നെയെന്നു സമ്മതിക്കുന്ന സാഹിത്യവിമർശകന്മാർ വളരെ ചുരുങ്ങുമെന്നാണു എനിക്കു തോന്നുന്നതു്. അതെങ്ങനെയുമിരിക്കട്ടെ.

ഈ കുബേരകിങ്കരവാക്യങ്ങളിൽ കാണുന്ന 'പൊൻപൂ'പദത്തെ ആധാരമാക്കി "സൗഗന്ധികം സ്വർണ്ണവർണ്ണമാണെന്നു "സ്ഫടികസ്ഫുടമാക്കിയിരിക്കുന്നു" എന്നു പറഞ്ഞിരിക്കുന്നതു അബദ്ധമാണെന്നു താഴെ ഉപപാദിച്ചുകാണിക്കാം:—

ഭീമൻ പറഞ്ഞതുപോലെ "കാഞ്ചനപുഷ്പ"മെന്നെങ്കിലും കുബേരകിങ്കരന്മാർ ഒരിക്കൽപോലും പറഞ്ഞുകാണുന്നില്ലല്ലോ. ആ പദപ്രയോഗം പ്രസ്തുത തുള്ളലിന്റെ വൃത്തത്തിനു വളരെ യോജിച്ചുമിരിക്കുന്നു. പൌനരുക്ത്യദോഷത്തെ നിവാരണം ചെയ്യുന്നതിനായിട്ടെങ്കിലും കാഞ്ചനപുഷ്പത്തെ ഈ സന്ദർഭത്തിൽ കവിക്കു പ്രയോഗിക്കാമായിരുന്നു. 'പൊൻപൂ' എന്നതു സൌഗന്ധികത്തിന്റെ നാമധേയമായി ധരിച്ചു ഈ കിങ്കരന്മാർ വ്യവഹരിക്കുന്നതാണെന്നു പറയുവാനും തരമില്ല. കല്യാണസൌഗന്ധികം എന്ന സംജ്ഞ, തുള്ളലിൽ, ഹനൂമാനെക്കഴിഞ്ഞാൽ അവർ മാത്രമെ പറയുന്നുള്ളു. കിങ്കരാഗ്രേസരനായ ക്രോധവശൻ 'പൊൻപൂ' എന്ന ശബ്ദമെ ഉപയോഗിക്കുന്നില്ല. അയാൾ സ്വർണ്ണവർണ്ണം ധ്വനിക്കുന്ന മറേറതെങ്കിലുമൊരു പദം എടുപ്പിച്ചെങ്കിലും സൌഗന്ധികത്തെപ്പററി നിർദ്ദേശിക്കുന്നില്ല, എന്നുള്ളതു മി. പി. കെ. യുടെ പ്രസ്തുത വാദത്തിനു ശക്തിമത്തായ ഒരു എതിർതെളിവാണു്. അതുകൊണ്ടു് കുബേരകിങ്കരന്മാർ 'പൊൻപൂ' എന്നു പറ

യുന്നതു പൂവിൻെറ സ്വർണ്ണവർണ്ണത്തെ വ്യക്തമാക്കുന്ന തിനല്ലെന്നും, ടി പൊൻപദം ഭൃത്യന്മാരുടെ ഉപചാരവാക്കായിട്ടോ, പുഷ്പത്തിൻെറ ശ്രേഷ്ഠതാദ്യോതകമായിട്ടൊ, ഉചിതജ്ഞനായ കവി പ്രയോഗിച്ചതായിരിക്കണമെന്നും ഊഹിക്കുന്നതാണു ന്യായ്യം. 'പൊൽത്താർമാനിനി' എന്നതു 'വാരിജസംഭവ' എന്ന അൎത്ഥത്തിലല്ലെ കവികൾ പ്രയോഗിക്കുന്നതു്? "പൊന്നും കാക്കച്ചി സുന്ദര" എന്ന വാക്യത്തെയെടുത്തുവച്ചുകൊണ്ടു കാക്കയുടെ നിറം സ്വൎണ്ണവൎണ്ണമാണെന്നു വ്യാഖ്യാനിക്കുന്നതു വാസ്തവവിരുദ്ധമായിരിക്കുകയില്ലെ?

നമ്പ്യാരുടെ കഥാപാത്രങ്ങളിൽനിന്നും സൌഗന്ധികത്തിൻെറ നിറം സ്വൎണ്ണവർണ്ണമാണെന്നു സങ്കല്പിക്കുന്നതിനു യാതൊരു മാൎഗ്ഗവുമില്ലെന്നു മേല്പറഞ്ഞതിൽനിന്നു നമുക്കു മനസ്സിലാക്കാമല്ലൊ. അതുകൊണ്ടു ഇനി, ഈ വാദനിർണ്ണയത്തിനായി നമ്പ്യാരെത്തന്നെ ശരണം പ്രാപിക്കാം. പ്രസ്തുത തുള്ളൽക്കവിതയിലെ ജീവനാഡിയായിരിക്കുന്നതു സൌഗന്ധികകുസുമമാണല്ലൊ. അതുകൊണ്ടു ആ കുസുമത്തെപ്പററി ഔചിത്യഭംഗം ബാധിക്കാതെ എത്രമാത്രം വൎണ്ണിച്ചാലും അതു അധികമായിപ്പോകയില്ല. പ്രസ്തുത പുഷ്പത്തിൻെറ സൌരഭ്യാതിശയം, സൌഭാഗ്യം, ദൌൎലഭ്യം, ഇതെല്ലാം അതു ഒരാശ്ചൎയ്യപുഷ്പം തന്നെയെന്നു വ്യക്തമാകത്തക്ക വിധം നമ്പ്യാർ വൎണ്ണിച്ചിട്ടുണ്ടു്. അതിൻെറ ഉത്തമഗന്ധത്തെപ്പററി

"തണ്ടാർമധുരസം തെണ്ടിപ്പറക്കുന്ന
വണ്ടുകളെല്ലാം മുരണ്ടു കുതൂഹലം
പൂണ്ടുവനങ്ങളിൽ പണ്ടുള്ള പുഷ്പങ്ങൾ
കൊണ്ടുള്ളനുഭവം തെണ്ടുന്നതല്ലെന്നു
കണ്ടുടൻ വൃന്ദവും കൊണ്ടുപുറപ്പെട്ടു
മണ്ടിവരുന്നതും" എന്നിങ്ങനെയുള്ള അനേകം വരികൾ വിനിയോഗിച്ചു വർണ്ണിച്ചിരിക്കുന്നതു നോക്കുക.

നമ്പ്യാർ, ഈ പുഷ്പത്തിന്റെ പ്രധാനഗുണം ഗന്ധാധിക്യമൊന്നു മാത്രമാണെന്നാണു സങ്കല്പിക്കുന്നതെന്നു കവിതാരംഭത്തിൽ ഈ പുഷ്പത്തെപ്പററി "സൌഗന്ധിക"മെന്ന നാമംകൊണ്ടു നിർദ്ദേശിച്ചിരിക്കുന്നതിൽനിന്നൂഹിക്കാം. നോക്കുക:—

"ഗന്ധവാഹത്താൽ സമാഹൃതമായൊരു
സൌഗന്ധികംകണ്ടു കൌതുകാൽ പാഞ്ചാലി
ഗന്ധവാഹാത്മജൻതന്നോടു ചൊല്ലിനാൾ"

എന്നാൽ സൌഗന്ധികമെന്നു കവിതയ്ക്കു നാമകരണം ചെയ്യാതെ "കല്യാണസൌഗന്ധിക"മെന്നു ഗ്രന്ഥനാമം നല്കാനുള്ള യുക്തിയെന്തെന്നൊരു ചോദ്യത്തിനിവിടെ അവകാശമുണ്ടു്. ഈ ചോദ്യത്തിനു സമാധാനം മുൻപറഞ്ഞ പദ്യത്തിൽ കവി ഗ്രഥനംചെയ്തിട്ടുണ്ടു്. അതായതു സൌഗന്ധികം സമാഹരിച്ചതു ഗന്ധവാഹനനാണു്. ഒരു അപൂർവ്വവസ്തു ആരു കൈകാര്യം ചെയ്യുന്നുവോ അയാൾ

ക അതിനെപ്പററിയുള്ള വിവരങ്ങളെല്ലാം അറിയാമെന്നു സങ്കല്പിക്കുന്നതു ലോകസ്വഭാവമാണു്. അതിനാൽ സൌഗന്ധികത്തെക്കുറിച്ചുള്ള വിവരങ്ങൾ ഗന്ധവാഹനനെപ്പോലെ പരമ്പരാഗതമായിട്ടു ഗന്ധവാഹാത്മജനു് അറിയാമെന്ന ആ അഭിപ്രായം കവിക്കുള്ളതായി ടി പദ്യത്തിൽ നിന്നു വ്യക്തമാകുന്നു. അതുകൊണ്ടാണു് ഹനൂമാൻ പറഞ്ഞ "കല്യാണസൌഗന്ധികം" എന്ന നാമധേയംകൊണ്ടു കവി ഗ്രന്ഥത്തിനു നാമകരണം ചെയ്തതു്. പ്രസ്തുത പുഷ്പത്തെ സംബന്ധിച്ചിടത്തോളം വ്യാസവചനത്തെക്കാൾ ഹനൂമത്‌വചനത്തിനു പ്രാമാണ്യമുണ്ടെന്ന അഭിപ്രായത്തിലാണു് സൌഗന്ധികമെന്നു നാമകരണം ചെയ്യാതെ, ഹനൂമാൻ പറഞ്ഞതിനെ അടിസ്ഥാനമാക്കി നാമകരണം ചെയ്തതു്, എന്നൂഹിക്കുന്നതു യുക്തിയുക്തമായിരിക്കുമെന്നു വിശ്വസിക്കുന്നു. ഇവിടെ അവശ്യം വക്തവ്യമായ ഒരു സംഗതിയുള്ളതു ഹനൂമാൻ ഈ കല്യാണപദത്തെ മംഗളമെന്ന അൎത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നുവെന്നതാണു്. എന്തെന്നാൽ വിരക്തനായ ഹനൂമാനു് ലൌകികമായ സ്വൎണ്ണവൎണ്ണം വിശിഷ്യ വക്തവ്യമായി തോന്നാനിടയില്ലല്ലൊ.

സൌഗന്ധികത്തിന്റെ വൎണ്ണംകൂടി, ഹനൂമാൻ പറയുന്ന ആ സൌഗന്ധികത്തിൽ അഭിഹിതമായിട്ടുണ്ടെന്ന വ്യഖ്യാനിക്കുന്നതു, ഭീമസേനനു ആ പുഷ്പം തിരഞ്ഞു കണ്ടുപിടിക്കുന്നതിനുള്ള ബുദ്ധിമുട്ടു ലഘൂകരിക്കുവാനാണെന്നു കരുതുന്ന

പ്പിക്കുന്നതിൽ ഹനൂമദുപദേശം കലാശിക്കുന്നുവെന്നു പറയുന്നതിന്നു സമമാകുന്നു. ഈ പുഷ്പത്തിന്റെ പ്രധാന ലക്ഷണം സൌരഭ്യാതിശയമാണു്. സുവർണ്ണവർണ്ണം കൂടി അതിന്റെ ലക്ഷണമാണെന്നു പറയുമ്പോൾ സൌരഭ്യാധിക്യവും, സ്വർണ്ണവർണ്ണവും കലർന്നിട്ടുള്ള പുഷ്പം ഭീമനു തേടേണ്ടതായി വരുന്നു. ഇങ്ങനെ നമ്പ്യാരുടെ ഭീമസേനനു് വർണ്ണവും വാസനയും സൂക്ഷിക്കേണ്ടിവരുമ്പോൾ വ്യാസന്റെ ഭീമസേനനു വാസനാതിശയം മാത്രം സൂക്ഷിച്ചാൽ മതിയാകുന്നതാണു്. ഭാരതത്തിലും തുള്ളലിലും ഹനൂമാനെ പ്രവേശിപ്പിക്കുന്നതു ഭീമസേനന്റെ സൌഗന്ധികാഹരണത്തെ സുകരമാക്കുന്നതിനാകുന്നു. എന്നാൽ മുൻപറഞ്ഞതുപോലെ തുള്ളലിൽ കല്യാണപദത്തിനു സ്വർണ്ണവർണ്ണമെന്നർത്ഥം കല്പിക്കുന്നപക്ഷം ഹനൂമാന്റെ ഉപദേശംകൊണ്ടു ഭീമനു സൌഗന്ധികാന്വേഷണത്തിന്നു കൂടുതൽ പ്രയാസം നേരിടുകയാണു ചെയ്യുന്നതു്. അതുകൊണ്ടു കഥാഗതിയനുസരിച്ചു നോക്കിയാലും കവിതാരീതിയനുസരിച്ചു നോക്കിയാലും സൌഗന്ധികത്തിന്റെ നിറം സ്വർണ്ണവർണ്ണമാണെന്നു സിദ്ധിക്കുന്നതല്ല. കല്യാണപദത്തിൽ സ്വർണ്ണാർത്ഥം ശൃംഖലിതമായിട്ടുണ്ടെന്നു പറയുന്നതും പരമാർത്ഥമായിരിക്കുകയില്ല.

എന്റെ അഭിപ്രായത്തിൽ നമ്പ്യാർ സൌഗന്ധികത്തിന്റെ വർണ്ണമായി സങ്കല്പിക്കുന്നതു വ്യാസൻ പറഞ്ഞിരിക്കുന്ന 'അർക്കാഭ' തന്നെയാണെന്നാകുന്നു. മഹർഷിക്കുള്ള

ദിവ്യദൃഷ്ടി തനിക്കില്ലാത്തതിനാൽ സൌഗന്ധികവർണ്ണത്തെ സാക്ഷാൽക്കരിക്കുന്നതിനു് നമ്പ്യാർ സ്വന്തം ഭാവനാദൃഷ്ടിയെ വ്യാപരിപ്പിക്കുന്നില്ല. അതാണു സൌഗന്ധികത്തിന്റെ സൌരഭ്യാതിശയത്തെപ്പററി മാത്രം മേല്പറഞ്ഞ പ്രകാരം അദ്ദേഹം വർണ്ണിക്കുന്നതു്. വ്യാസനും സൌഗന്ധികസൌരഭ്യത്തെ സവിശേഷം വർണ്ണിച്ചിട്ടുണ്ടു്:—

"ഉൽപാട്യ ജഗ്രാഹ തതോംബുജാനി
സൌഗന്ധികാന്യുത്തമഗന്ധവന്തി."

"സൌഗന്ധികാന്യുത്തമഗന്ധവന്തി" എന്നതിനെ വ്യാഖ്യാനിക്കുന്നപക്ഷം പ്രസ്തുത പുഷ്പത്തെക്കുറിച്ചു എന്തെങ്കിലും പറയാനുണ്ടെങ്കിൽ അതിന്റെ ഉത്തമഗന്ധത്തെക്കുറിച്ചു മാത്രമെയുള്ളു വെന്നാകുന്നു.

പാഞ്ചാലി ഈ ദിവ്യപുഷ്പത്തിന്റെ അക്കാലയെത്തന്നെയാണു് ഒരു സ്ത്രീയുടെ ഭാഷയിൽ, ലോകത്തിലേക്കും വർണ്ണസൌഷ്ഠവമുള്ള കാഞ്ചനത്തിന്റെ ശോഭയായി വ്യവഹരിക്കുന്നതു്. മഹാകവിപ്രയോഗവും അക്കാലയെ സ്വർണ്ണവർണ്ണമായി അനുവദിക്കാമെന്നതിനനുകൂലപ്രമാണമായിരിക്കുന്നുണ്ടു്. മേല്പറഞ്ഞ ഭാഗങ്ങളിൽനിന്നു ഗ്രന്ഥാന്തഭാഗത്തിൽ ഒരിടത്തും സൌഗന്ധികവർണ്ണം 'സ്വർണ്ണവർണ്ണമാണെന്നു സ്ഥാപിക്കുന്നതിനു യാതൊരു സൂചനയുമില്ലെന്നും; എത്രമാത്രം ചുഴിഞ്ഞുനോക്കിയാലും സൌ

ഗന്ധികവർണ്ണനം ഗ്രന്ഥനാമധേയത്തിൽനിന്നു ഉദ്ബുദ്ധമാകത്തക്കവിധം അതിന്നു നമ്പ്യാർ പ്രാധാന്യം കല്പിച്ചിട്ടുള്ളതായി കണ്ടുപിടിക്കാൻ സാധിക്കയില്ലെന്നും മനസ്സിലാക്കാവുന്നതാണു്.

സൌഗന്ധികത്തിന്നു് സ്വതെ മംഗളകരത്വമുണ്ടെങ്കിലുമില്ലെങ്കിലും അതു സമാഹരിച്ച ഭീമൻെറ വിക്രമപ്രക്രമത്തെയാണു് നമ്പ്യാർ മംഗളമാക്കി വർണ്ണിച്ചിരിക്കുന്നതു്. ഗ്രന്ഥാരംഭത്തിൽ കവിചെയ്യുന്ന വസ്തുപ്രതിജ്ഞയെപ്പററി നോക്കുക:—

"കൽഹാരപുഷ്പം ഹരിച്ചോരു ഭീമൻെറ
കല്യാണവിക്രമം വർണ്ണിച്ചുചെല്ലുവാൻ"

ഈ പ്രതിജ്ഞ താൻ നിർവ്വഹിച്ചുവെന്നു കാണിക്കുന്നതിനാണു് കഥാവസാനത്തിൽ "ചാക്കുമാത്രം പുനരാക്കും ലഭിച്ചീല" എന്നു "കൽഹാരപുഷ്പം ഹരിച്ച" ഭീമൻെറ പ്രഹരമേററു പരക്കപ്പററിയ കുബേരകിങ്കരന്മാരെക്കൊണ്ടു് കവി പറയിക്കുന്നതു്.

കല്യാണപദത്തെ നമ്പ്യാർ മംഗളാത്ഥത്തിലാണു് പ്രയോഗിച്ചിട്ടുള്ളതെന്നു കല്യാണവിക്രമം എന്നു മേലുദ്ധരിച്ച സമസ്തപദത്തിൽനിന്നു നിസ്സന്ദേഹമായി മനസ്സിലാക്കാമെന്നിരിക്കെ അതിന്നു സ്വർണ്ണാത്ഥം വ്യാഖ്യാനിക്കുന്നതു അടിസ്ഥാനരഹിതമാണല്ലൊ. ടി പദത്തെ കുഞ്ചൻ നമ്പ്യാർ സ്വർണ്ണാത്ഥത്തിൽ എവിടെയെങ്കിലും പ്രയോ

ഗിച്ചിട്ടുള്ളതായി ഒരു ഉദാഹരണം ഉദ്ധരിക്കാതെ ഈ അപ്രസിദ്ധാത്ഥമതിനുണ്ടെന്നു വ്യാഖ്യാനിക്കുന്നതു ഒരിക്കലും നിമ്മത്സരബുദ്ധികളായ നിരൂപകന്മാക്ക് യോജിക്കുന്നതല്ല.

കല്യാണസൌഗന്ധികം രൂപകത്തെപ്പററി മി. പി. കെ. ക്കു യാതൊരറിവുമില്ലെന്നു് അദ്ദേഹംതന്നെ സമ്മതിക്കുന്നുണ്ടു്. എന്നിരുന്നിട്ടും ആ ഗ്രന്ഥം നമ്പ്യാർ കണ്ടിട്ടുണ്ടെന്നുള്ള മതം "വെറും വിതണ്ഡയിൽനിന്നു വിദൂരത്തില"ല്ലെന്നു് തീത്തു അഭിപ്രായപ്പെടുന്നതിനു് അദ്ദേഹത്തിനു യാതൊരു സങ്കോചവുമില്ല. ഇതാണു ശരിയായിട്ടുള്ള "ധൃഷ്ടപ്രസ്താവന". മി. ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ പ്രസ്തുത രൂപകത്തെക്കുറിച്ചു സാഹിത്യപരിഷത്തു ത്രൈമാസികത്തിൽ ചിലതെല്ലാം പ്രസ്താവിച്ചിട്ടുള്ളതിൽ പ്രസ്തുത രൂപകം കുഞ്ചൻനമ്പ്യാർ കണ്ടിരിക്കണമെന്നു ഏതാണ്ടു് സ്ഥാപിച്ചിട്ടുണ്ടു്.

ഈ രൂപകത്തിൻെറ ഉപലബ്ധിയെകുറിച്ചു എനിയ്ക്കിവിടെ ഒരുവാക്കു പറവാനുണ്ടു്. ആ ഗ്രന്ഥം മി. സി. ഐ. രാമൻനായരുടെ ആവശ്യപ്രകാരം ഇക്കഴിഞ്ഞ കുംഭമാസം ആരംഭത്തിൽ പരിശോധനയ്ക്കായി ഞങ്ങാം ഒരുമിച്ചിരുന്നു വായിക്കയും, അതിൻെറ കഥാഗാത്രത്തിലെ മമ്മഭാഗം മനോരമയിൽ ടി മാസം ൩൦-ാംനു- പ്രസിദ്ധം ചെയ്യുകയുമുണ്ടായി. ആ ഗ്രന്ഥത്തെ സമഗ്രമായ

പൊതുജനസമക്ഷമവതരിപ്പിക്കുന്നതിനുവേണ്ടി, ഗാഢമായി ആലോചിച്ചു ഒരവതാരിക എഴുതുന്നതിന് ശ്രമിച്ചുവരവെയാണ് പ്രസ്തുത ഗ്രന്ഥത്തെ അധികരിച്ച് ഇക്കഴിഞ്ഞ മേടത്തിലെ സാഹിത്യപരിഷത്തു ത്രൈമാസികത്തിൽ മി. ഉള്ളൂർ ഒരു ലേഖനം പ്രസിദ്ധപ്പെടുത്തിക്കാണുകയുണ്ടായത്. നൂതനഗ്രന്ഥങ്ങളെ, ഉപജ്ഞാതാവെന്ന നിലയിൽ പ്രസിദ്ധംചെയ്യുന്നതിനുള്ള മി. ഉള്ളൂരിന്റെ ഉൽക്കണ്ഠ അഭിനന്ദാർഹം തന്നെ!

മി. പി. കെ. നാരായണപിള്ളയുടെ ലേഖനത്തിൽ കാണിച്ചിട്ടുള്ള പ്രമാണങ്ങളും പ്രതിഭാസങ്ങളും പുരസ്കരിച്ച് കല്യാണസൌഗന്ധികത്തിലെ കല്യാണപദത്തിന് സ്വർണ്ണാർത്ഥം വ്യാഖ്യാനിക്കുന്നതു് ശരിയല്ലെന്നും ആ വ്യാഖ്യാനം കവിവിവക്ഷയ്ക്കു് വിപരീതമാണെന്നും മംഗളാർത്ഥമാണ് വ്യാഖ്യേയമെന്നും ഉപപാദിച്ചു കാണിക്കുന്നതിനാണ് ഞാൻ ശ്രമിച്ചിട്ടുള്ളതു്."

## 9

# കല്യാണവാദം

(ശ്രീമന്നാരായണയോഗിയുടെ സാഹിത്യവിനോദിനീ ലേഖനത്തിന് ഒരു മറുപടി)

By

"സൂക്ഷ്മദർശി"

൧൧൦൯ മേടം ലക്കത്തിലെ സാഹിത്യവിനോദിനിയിൽ കല്യാണവാദം എന്ന തലക്കെട്ടിൽ പത്രാധിപ്രായമായി ഒരു ലേഖനം കാണുവാനിടയായി. വാദപ്രതിവാദവലയത്തിൽനിന്നും വളരെ അകന്നുനിന്നുകൊണ്ട് "മാധ്യസ്ഥദീക്ഷാനയം" സ്വീകരിച്ച് 'അതുമിതും' എഴുതിക്കൂട്ടിയിരുന്ന പ്രസ്തുത ലേഖനം നിരുപകദൃഷ്ട്യാ ഉപേക്ഷ്യമായിട്ടാണ് എനിക്കു തോന്നിയതു്. എന്നാൽ ഇപ്പോഴും, ടി ലേഖനത്തിലെ ആശയങ്ങൾ വീർപ്പിച്ചും, കൂടുതലായി ശ്രുതിസ്മൃതികളെ ആശ്ലേഷിച്ചും അദ്വൈതപരമായ ഒരഭിനവവ്യാഖ്യാനവുമേന്തി ഒരു ശ്രീമന്നാരായണയോഗി, വിനോദിനിയുടെ ഇടവം ലക്കത്തിലും പ്രത്യക്ഷപ്പെട്ടു കാണുന്നു. പ്രമാണങ്ങളടിലമായ പ്രസ്തുത ലേഖനം സാരവത്തായി തോന്നിയേക്കാമെന്നുള്ളതിനാൽ, ഞാൻ ഈ മറുപടി എഴുതുന്നതാണ്.

യോഗിയുടെ ഉദ്ദേശം ചുരുക്കിപ്പറഞ്ഞാൽ ഈ വാദപ്രതിവാദസമരത്തിൽ ഒരഭിപ്രായം പ്രകടനം ചെയ്യുക; "കല്യാണസൌഗന്ധികവാക്യ"ത്തിൻെറ അൎത്ഥം ശരിയായി പ്രകാശിപ്പിക്കുക; ആ "വാക്യ"ത്തെ തിരിച്ചും പിരിച്ചും വ്യാഖ്യാനിച്ച് ആ കഥ മുഴുവനും അതിൽ അന്തർലീനമായി കിടപ്പുണ്ടെന്നു തെളിയിക്കുക ഇത്രയുമാണു്.

എനിക്കാദ്യമായി പറയാനുള്ളതു്, പ്രസ്തുതമായ വാദപ്രതിവാദസമരത്തിൽ ഒരഭിപ്രായം പ്രകടിപ്പിക്കാൻ ഒരുങ്ങുന്ന ഒരുവൻ,—ഒരു യോഗിയായാലും—വാദപ്രതിവാദത്തിൻെറ വലയപരിധിയെപ്പററി അഭിജ്ഞനായിരിക്കണമെന്നുള്ളതാണു്. തൻെറ കല്യാണസൌഗന്ധികം തുള്ളലിൽ നമ്പിയാർ, കല്യാണപദത്തിനു വിവക്ഷിച്ചിരിക്കുന്ന മുഖ്യാൎത്ഥമാണു് വാദവിഷയം. അതിനെ സംബന്ധിച്ച അഭിപ്രായമാണു് വാദത്തിൽ പങ്കെടുക്കുന്ന മാന്യൻ ന്യായമായി പ്രകടിപ്പിക്കേണ്ടതു്. എന്നാൽ ശ്രീമന്നാരായണയോഗി അതു ചെയ്തുകാണുന്നില്ല.

രണ്ടാമതു് കല്യാണസൌഗന്ധികവാക്യത്തിൻെറ അൎത്ഥം ശരിയായി പ്രകാശിപ്പിക്കുന്നതിനുള്ള അദ്ദേഹത്തിൻെറ യത്നം എത്രമേൽ ഫലപ്പെട്ടിട്ടുണ്ടെന്നു് ചിന്തിക്കാം. കല്യാണസൌഗന്ധികവാക്യം, കൃഷ്ണദ്വൈപായനകൃതമായ മൂലഭാരതത്തിൽ കാണുന്നില്ലെന്ന പരമാൎത്ഥം, പ്രകൃതത്തിൽ അദ്ദേഹം വിസ്മരിച്ചിരിക്കുന്നു

തായി തോന്നുന്നു. "ഈ കഥയും ഉൽപത്തിയും മഹാഭാരതത്തിലാണെന്നു് അദ്ദേഹം പറയുന്നു. കല്യാണസൌഗന്ധികം എന്ന നാമധേയം മൂലഭാരതത്തിൽ ഇല്ലെന്നുള്ളതാണു്, ഞങ്ങളുടെ അന്വേഷണത്തിനും ലേഖനപരമ്പരയ്ക്കും കാരണമായിത്തീർന്നതു്. അതു് അദ്ദേഹം അറിഞ്ഞിരുന്നെങ്കിൽ, കല്യാണസൌഗന്ധികം എന്ന വാക്യത്തിനു് അത്ഭുതപൂർവ്വവും അയഥാർത്ഥവുമായ ഒരു "ലക്ഷ്യാർത്ഥ"വിചാരത്തിനു് തുനിയുകയില്ലായിരുന്നു എന്നു് വേണം വിശ്വസിക്കാൻ. അദ്ദേഹത്തിൻെറ പ്രസ്തുത ലേഖനത്തിൽ പലേടത്തായി ചിതറിക്കിടക്കുന്ന ആശയങ്ങൾ ഒന്നിപ്പിച്ചുനോക്കിയാലും, യോഗി വ്യാസസൌഗന്ധികത്തെ "കല്യാണസൌഗന്ധിക"മെന്നു് തെററിദ്ധരിക്കുന്നതായി അനുഭവപ്പെടുന്നു. അദ്ദേഹത്തിൻെറ അറിവിനായിക്കൊണ്ടു് ചുരുക്കത്തിൽ പറയുന്നു; സൌഗന്ധികകഥ എന്നാണു് വ്യാസഭാരതത്തിൽ. യോഗിയുടെ ഭാഷയിൽ "നാടോടി തുള്ളൽക്കാരുടെ പാട്ടിലാക്കിയ നമ്പ്യാരും" മററു നാടോടികളുമാണു് കല്യാണസൌഗന്ധികം എന്നു് നാമകരണം ചെയ്തതു്. ഈ നാടോടികളുടെ മാത്രമായിട്ടുള്ള നാമകരണത്തിൽ വേദാന്താർത്ഥപ്രസക്തി ഉണ്ടെന്നു് എന്നദ്ദേഹം വാദിക്കയുമില്ലല്ലോ. പുരാണകഥാകർത്താവായ വ്യാസർ—മൂലഭാരതത്തിൻെറ സൃഷ്ടികർത്താവു്—സൌഗന്ധികകഥ എന്നു മാത്രം പറഞ്ഞിരിക്കെ, യോഗിയുടെ അർത്ഥകല്പന അനാസ്പദമല്ലെ എന്നു് അദ്ദേഹം ചിന്തിക്കട്ടെ! പൌരാണികകഥകൾക്കു് അന്തരാർത്ഥം ഉണ്ടോ

കാമെന്നുള്ളതു് അത്ഭുതമല്ല. പാണ്ഡവന്മാരെ സംബന്ധിച്ച ആന്തരാർത്ഥം അന്യത്ര ചേർത്തിട്ടുണ്ടു്. എന്നാൽ കഥാനാമധേയത്തിൽനിന്നു് ഇപ്രകാരമൊരു "കസൃഷ്ടി" ആദ്യമായിട്ടാണു് കാണാനും കേൾക്കാനും ഇടയായതു്! അതിലും വിശേഷിച്ചു, വ്യാസഭഗവാൻെറ "സൌഗന്ധികം" എന്നു മാത്രമായ ആ ദിവ്യനാമധേയത്തിൽനിന്നു് ഇങ്ങനെ ഉത്ഭാവനം ചെയ്തില്ലെന്നെങ്കിലും, ദിവ്യതത്തിൻെറ വൈഭവത്തിൽ വിശ്വസിച്ചെങ്കിലും സമാധാനപ്പെടാമായിരുന്നു. യോഗി ഒരു കാര്യം ആലോചിച്ചില്ല തീർച്ചതന്നെ. മന്ത്രങ്ങളുടെ അക്ഷരസംഖ്യയ്ക്കും അവയുടെ അത്ഭുതമഹാത്മ്യത്തിനും തമ്മിൽ ദൃഢബന്ധമുണ്ടെന്നു് 'ശതാക്ഷരി' എന്നും മററും മുഴക്കത്തിൽ പറയുന്ന യോഗിയും സമ്മതിക്കുമല്ലോ. എന്നിരിക്കെ, വ്യാസഭഗവാൻെറ തനി'സൌഗന്ധിക'ശബ്ദത്തോടു് മററതെങ്കിലും അക്ഷരമോ ഉപവാദമോ ലൌകികന്മാരായ വല്ല സരസന്മാരും ലൌകികോദ്ദേശമാധാരമാക്കി ചേർത്താൽ അതും ആർഷമാക്കി വ്യാഖ്യാനിക്കുന്നതു് സർവ്വാബദ്ധമാണെന്നു് യോഗി ഇനിയെങ്കിലും ധരിക്കണമെന്നപേക്ഷ. അതിനാൽ ഈ പ്രലപനത്തിനു് ഉത്തരം പറയേണ്ട ആവശ്യമേ ഇല്ലെങ്കിലും, രണ്ടുവാക്കു പറയുന്നതു് ശ്രുതിയും മന്ത്രങ്ങളുമെല്ലാം ഈ വിദ്വാൻ വേണ്ടപോലെ ഗ്രഹിക്കാതെ തോന്നിയപോലെ വ്യാഖ്യാനിച്ചിട്ടുള്ളതുകൊണ്ടും കല്യാണസൌഗന്ധികത്തെപ്പററിയുള്ള അജ്ഞതനഗ്നമാക്കിയിട്ടുള്ളതുകൊണ്ടും മാത്രമാകുന്നു.

ശ്രീമന്നാരായണയോഗി പറയുന്നു:—"കല്യാണ സൌഗന്ധികകഥയെ ഗാനം ചെയ്തിട്ടുള്ള കവികളും വ്യാഖ്യാനിച്ചിട്ടുള്ളവരും കഥയ്ക്കു വിഷയമായ കല്യാണ സൌഗന്ധികം ഒരു പുഷ്പമാണെന്നു് പദ്യരൂപത്തിലും ഗദ്യരൂപത്തിലും നിർദ്ദിഷ്ടപ്പെടുത്തിയാലും അതു് ഒരു പുഷ്പമാകയില്ല തീർച്ചതന്നെ." ഈ യോഗിയുടെ ഈ വൈരാഗ്യബുദ്ധി പ്രസ്തുത്യമാണു്! എങ്കിലും അദ്ദേഹം ഒരു കാര്യം വിസ്മരിച്ചതിൽ പരിതപിക്കേണ്ടിയിരിക്കുന്നു! വാദപ്രതിവാദക്കാരുടെ കല്യാണപദവും സൌഗന്ധികപദവും ലൌകികഭാഷയെ അടിസ്ഥാനമാക്കിയുള്ളതാണു്; വൈദികഭാഷയെ ആസ്പദമാക്കിയല്ല പാണിനിമഹർഷി, "ലൌകികഭാഷ"യിൽ "വൈദികഭാഷാ"നിയമങ്ങൾ ആധാരമാക്കരുതെന്നു് അനുശാസിച്ചിട്ടുള്ളതു് നാരായണയോഗിയും അറിഞ്ഞിരിക്കണമല്ലോ. അഥവാ അറിഞ്ഞിട്ടില്ലെങ്കിൽ താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

"ഛന്ദസിലിട്"

വ്യാഖ്യാനം. ഭൂതസാമാന്യേ ധാതോഃ ലിട്

"ഛന്ദസി........കപസുകാനൌ ച."

"ഭാഷായാം സദവസശ്രുവഃ

വ്യാ. 'ഏഭ്യോലിടിഭാഷായാം കപസുഃ'

ഈ ശാസ്ത്രപ്രസ്താവത്തിൽനിന്നും വൈദികഭാഷാനിയമങ്ങളും കാവ്യഭാഷാനിയമങ്ങളും രണ്ടാണെന്നു് മനസ്സിലാക്കാമല്ലോ.

കാവ്യരൂപത്തിലുള്ള "കല്യാണസൌഗന്ധികപദത്തെപ്പററിയാണു് വിചാരണ, ശാസ്ത്രത്തിലുള്ളതല്ല. "Coleridge പറയുന്നതു നോക്കുക:—"കാവ്യത്തിൻെറ വിപരീതം ശാസ്ത്രമാണു്. ശാസ്ത്രത്തിൻെറ പ്രയോജനാതത്ത്വോപദേശവും കാവ്യത്തിൻെറ ആനന്ദമാകുന്നു." കവിയുടെ കമ്മം കാവ്യം; 'കുങ്', ശബ്ദെ' എന്നുള്ള ധാതുവിൽ നിന്നുണ്ടായതാകകൊണ്ടു് ശബ്ദിക്കുന്നവൻ അതായതു ആഹ്ലാദകരങ്ങളായ ശബ്ദങ്ങളെ പ്രയോഗിക്കുന്നവനാണു് കവി. ശാസ്ത്രപ്രസിദ്ധമായ ശബ്ദാത്ഥനിബന്ധത്തിൽനിന്നു് പദങ്ങളുടെ അത്ഥം കാവ്യത്തിൽ വ്യത്യാസപ്പെട്ടുമെന്നു താല്പയ്യം .

കാവ്യത്തിൻെറ പരമപ്രയോജനം വേദശാസ്ത്രാദികളെപ്പോലെ അദ്വൈതാത്മാനുരൂപമായ മോക്ഷമാണെന്ന ധാരണ വെച്ചുംകൊണ്ടു്, ഓരോ പദത്തിലും നമ്മുടെ യോഗി "ഏകമേവാ ദ്വിതീയം ബ്രഹ്മ" എന്നതത്വം കണ്ടെത്തുന്നതായി വിചാരിക്കേണ്ടിവരുന്നു. കാവ്യത്തിൽ നിന്നുണ്ടാവുന്ന രസാനുഭവം തന്നെ മോക്ഷമാണെന്നു പറഞ്ഞാൽ യോഗി വിശ്വസിക്കുമെന്നു തോന്നുന്നില്ല. ഈ വിചാരം ദീർഘിപ്പിക്കുന്നില്ല. എങ്ങനെങ്കിലും ഒരു പദത്തിനുതന്നെ കാവ്യഭാഷയിലും വൈദികഭാഷയിലും പ്രത്യേകം പ്രത്യേകം അത്ഥമായിരിക്കും എന്നുപറഞ്ഞാൽ യോഗവും ഭോഗവും പോലെ ഭിന്നമാകാം; എന്നുതന്നെയുമല്ല, വ്യാകരണകാവ്യങ്ങളെല്ലാം ശബ്ദത്തിൻെറ സ്വരൂപത്തെ ആസ്പദമാക്കിയിട്ടുള്ളതും ആകുന്നു. എന്നുവെച്ചാൽ വ്യാകരണവിധി അനുസരി

ച്ച് കല്യാണം എന്നും സൌഗന്ധികം എന്നും ശബ്ദ രൂപമുള്ള പദങ്ങൾതന്നെ ആയിരിക്കണം. ഇതിലേക്കു പ്രമാണമായി പാണിനിസൂത്രം ഉദ്ധരിക്കുന്നു:—

"സ്വരൂപം ശബ്ദസ്യാശബ്ദസംജ്ഞാ"

ശബ്ദസ്യസ്വരൂപമേവ അസ്മിൻശബ്ദശാസ്ത്രേ വിശേഷ്യതയാഗ്രാഹ്യതെ,നതത്വത്ഃ" വിശ്വത്തിന്റെ മിത്രം എന്ന ഉദാഹരണത്തിൽ വിശ്വ,മിത്രശബ്ദങ്ങൾ മാത്രമേ ഗ്രഹിക്കപ്പെടാൻ പാടുള്ളു. അല്ലാതെ, 'കൃൽസ്നബന്ധു' എന്ന ആ പദങ്ങളുടെ പര്യായങ്ങൾ സ്വീകരിക്കാൻ പാടില്ല; എന്നു ശബ്ദശാസ്ത്രനിയമം. നമ്മുടെ യോഗി പ്രമാണപ്പെടുത്തുന്ന 'കല്യാണതമം' 'സുഗന്ധിം പുഷ്ടിവർദ്ധനം' എന്നീ പ്രയോഗങ്ങൾ പോരാ. അതിനാൽ പ്രസ്തുതപ്രയോഗങ്ങളെ ആധാരമാക്കിയുള്ള അത്ഥകല്പന ശബ്ദശാസ്ത്രവിരുദ്ധമാണെന്നു സ്പഷ്ടം.

യോഗിയുടെ സിദ്ധാന്തസ്ഥാപനത്തിനുള്ള രണ്ടാമത്തെ യുക്തി:— "പരമേശ്വരൻ കല്യാണഗുണത്തിന്റെ ധാമാവുമാണു്. കല്യാണഗുണങ്ങൾ ഏവ?

ബ്രഹ്മചര്യം യശസ്സത്യം ബ്രഹ്മചര്യം
തപോ വൈരാഗ്യം മനൈശ്വര്യം

ഇങ്ങനെ സപ്തഗുണങ്ങൾ ചേന്നിട്ടാണു് കല്യാണപദത്തിന്റെ അത്ഥത്തെ പ്രകാശിപ്പിക്കുന്നതു്."

മുൻകാണിച്ച ഈ പദ്യം കല്യാണത്തിന്റെ ഗുണങ്ങളെപ്പററി തന്നെ പ്രതിപാദിക്കുന്നതാണെന്നു സമ്മതിച്ചാൽ കൂടി, ഇവയെല്ലാം കല്യാണഗുണങ്ങൾ എന്ന

ല്ലാതെ, ഇവ മാത്രമേ കല്യാണഗുണങ്ങൾ ആകയുള്ളൂ എന്നു പദ്യത്തിൽനിന്നു വെളിവാകുന്നുണ്ടോ? കൂടാതെ അദ്ദേഹം തുടന്നു പറയുന്നു "ഈ സപ്തഗുണങ്ങളെയും പ്രണവത്തിന്റെ വ്യാഹൃതികൾ എന്നും ചൊല്ലുന്നുണ്ട്" ഈ വാക്യത്തിൽ നിന്നും, യോഗി കല്യാണഗുണങ്ങൾ എന്നു പറഞ്ഞവ ആ ഗുണങ്ങൾതന്നെയല്ല, മററൊന്നിന്റെ വ്യാഹൃതികളും കൂടി ആണെന്നു വരുന്നു. മററൊന്ന് എന്നു പറഞ്ഞതു പ്രണവവുമാണ്. പൃഥിവിക്കു ഗന്ധമാണ് ഗുണം. ഗന്ധമുള്ളതെല്ലാം പൃഥിവിയുമാണ്. (ഗന്ധമുണ്ടാക എന്നു പറഞ്ഞാൽ സമവായ സംബന്ധേന ഗന്ധമുണ്ടായിരിക്കണമെന്നാണ് വിവക്ഷ) അതുപോലെ കല്യാണത്തിനും പ്രണവത്തിനും സമാനഗുണമാണുള്ളതെന്നു വരികിൽ കല്യാണവും പ്രണവവും ഒന്ന് എന്നു സിദ്ധിക്കുന്നു. വീണ്ടും "ഏകമേവാദ്വിതീയം ബ്രഹ്മ" എന്ന മതംതന്നെ. ഇതു ലൌകികൾക്കു സുഗ്രഹമല്ല. "നമ്പ്യാരെപ്പോലെയുള്ള നാടോടികളും," എഴുത്തച്ഛനെപ്പോലെയുള്ള വന്ദ്യന്മാരും, മൂലഗ്രന്ഥകാരനായ വ്യാസഭഗവാനും (?) 'കല്യാണസൗഗന്ധികവാക്യാർത്ഥത്തെകഥയിൽക്കൂടെപ്രകാശിപ്പിച്ചതു തെററിപ്പോയി' എന്ന് എന്തുച്ചത്തിൽ നിലവിളിച്ചാലും യോഗിക്കു മതിയാകുന്നതല്ല എന്ന് അദ്ദേഹം തന്റെ ലേഖനത്തിൽ 'മുക്കറ'യിടുന്നു. യോഗത്തിൻപരകോടിയിൽ സ്വയം......എന്തുമായിക്കൊള്ളൂ! സാധാരണക്കാരെയും സഹൃദയന്മാരെയും വിഷമിപ്പിക്കരുതെന്നപേക്ഷ.

കല്യാണത്തിന്റെ സപ്തഗുണങ്ങളാണ് എന്നു പറയുന്ന യോഗി അടുത്തവരിയിൽ "തേജോമയത്തെ രൂപം കല്യാണതമം..... ..."എന്നുള്ള പാഠത്തെ പഠിപ്പിച്ചിട്ട് ഇവിടെ തേജസ്സുമാത്രമാണ് കല്യാണതമം എന്നു പറഞ്ഞുകാണുന്നു. ശ്രീ തുടങ്ങി ഏഴും കല്യാണഗുണങ്ങളാണെന്നു പറഞ്ഞിട്ട് ഈ ഗുണങ്ങൾക്കു തമ്മിൽ തമ്മിൽ ഡിഗ്രിവ്യത്യാസമുണ്ടെന്നു കാണിക്കാൻ ഉപകരിക്കുന്ന വാക്യം ഉദ്ധരിച്ചതു് എന്താണെന്നു മനസ്സിലാകുന്നില്ല. "അസാരഃ സംസാരഃ" എന്ന പ്രമാണമായിരിക്കാം ഇതിന്നു കാരണം അല്ലേ?

യോഗിയുടെ മൂന്നാമത്തെ യുക്തി മൃത്യുഞ്ജയമഹാമന്ത്രത്തിന്റെ മൂന്നാംപാദത്തിൽ തൂങ്ങിക്കിടക്കുന്നു. അദ്ദേഹം പറയുന്നതു നോക്കുക:—

"ത്ര്യംബകം യജാമഹേ സുഗന്ധിം പുഷ്ടിവർദ്ധനം

ഉർവ്വാരുകമിവബന്ധനാൽ മൃത്യോർമുക്ഷീയമാമൃതാൽ.

എന്നുള്ളതു മൃത്യുഞ്ജയമന്ത്രമാണ്. എന്നാൽ മൃത്യുവിനെ ജയിക്കുന്നതിന്നുള്ള മന്ത്രമാണെന്നു താല്പര്യം. (താല്പര്യം പറഞ്ഞുതന്നതിൽ നമസ്കാരം! സ.പ.) ഈ മന്ത്രത്തിൽ സുഗന്ധിം പുഷ്ടിവർദ്ധനം എന്ന പദങ്ങളെ എടുത്തു് അവയുടെ അർത്ഥത്തെ ചിന്തിക്കുമ്പോൾ സൌഗന്ധികം എന്ന പദത്തിന്റെ അർത്ഥംസുഗന്ധിം പുഷ്ടിവർദ്ധനം എന്നാണെന്നു കാണും. ഈ മന്ത്രത്തിലെ 'സുഗന്ധിം' എന്ന പദമാണ് സൌഗന്ധികമായതു്." ക്രമവൈപരീത്യവിചിത്രമായ യു

കതിക്ക് മൂർദ്ധാഭിഷിക്തോദാഹരണമാണ് മേലുദ്ധരിച്ചത്. സൌഗന്ധികം എന്ന പദത്തിന്റെ അർത്ഥം സുഗന്ധിം പുഷ്ടിവർദ്ധനം എന്നാണെന്ന് ആദ്യം പറയുന്നു. ഈ സൌഗന്ധികം എന്ന പദം തന്നെ അദ്ദേഹത്തിന് എവിടെ നിന്നു കിട്ടി എന്നൊരു ചോദ്യത്തിനവകാശം തരുന്നു. ഉത്തരം 'ഊഹധൂമികയിൽനിന്ന്' എന്നായിരിക്കാനെ തരമുള്ളു. അടുത്ത വരിയിൽ അദ്ദേഹം 'സുഗന്ധിം' എന്ന പദമാണ് സൌഗന്ധികമായത് എന്നും പറയുന്നു. ഇതാണ് ക്രമവൈപരീത്യവിചിത്രമെന്നു പറഞ്ഞത്. യുക്തി ഏതുവിധവുമാകട്ടെ! ഈ അലൌകികവ്യാഖ്യാനം വളരെ അസുന്ദരവുമായിരിക്കുന്നു. അതെപ്രകാരമെന്നു പറയാം.

മഹാമൃത്യുഞ്ജയ മന്ത്രം ഈവിധമാണു തുടങ്ങുന്നത്:—

"ഓം അസ്യമൃത്യുഞ്ജയമഹാമന്ത്രസ്യവസിഷ്ഠായഋഷയേനമഃ

* * * * *

ത്ര്യംബകം യജാമഹേസുഗന്ധിം പുഷ്ടിവർദ്ധനം

ഉർവ്വാരുകമിവ ബന്ധനാൽ മൃത്യോർമുക്ഷീയ

മാമൃതാൽ"

ചോട്ടിൽ വരച്ചിട്ടുള്ളതു് അംഗന്യാസമന്ത്രാക്ഷരങ്ങളാം ആണ്. ഈ മന്ത്രത്തിലെ 'സുഗന്ധിം' കല്യാണസൌഗന്ധികത്തിലെ സൌഗന്ധികമായി ഈ യോഗിദർശിച്ചതെങ്ങിനെ എന്ന ചോദ്യത്തിന് അദ്ദേഹത്തി

TAYAM PUBLIC LIBR

ൻെറ സമാധി മാത്രമേ സമാധാനമായി കാണുന്നുള്ളു. വാദവിഷയമായ പദം സൌഗന്ധികം എന്നാണു്. അദ്ദേഹം വിചാരണ ചെയ്യുന്നതാകട്ടെ 'സുഗന്ധിം' എന്ന പദമാണു്; എന്നിട്ടു്, ഈ വേദഭാഷയിൽ നിന്നും കാവ്യത്തിലെ സൌഗന്ധികത്തെ വ്യുൽപാദിപ്പിക്കുന്നു! ഈ മന്ത്രം, ഭസ്മധാരണക്രിയയിലും പ്രവേശിപ്പിച്ചിട്ടുള്ളതാണു്. 'ത്ര്യംബകം യജാമഹേ'ത്യാദിമന്ത്രംകൊണ്ടു വെള്ളംക്കൂട്ടി ഭസ്മം കുഴച്ചു് ധരിക്കണമെന്നു് തന്ത്രരത്നാവലിയിൽ വിധിച്ചിട്ടുണ്ടു്.

മൃത്യുഞ്ജയമന്ത്രം യഥാവിധി ഹവനംചെയ്താൽ, ഭയങ്കരമായ ഭ്രാന്തു് അസാദ്ധ്യരോഗം, മുതലായവ ശമിക്കുമെന്നുള്ള ശാരദാതിലകകാരൻെറ അഭിപ്രായവും യോഗി കണ്ടിരിക്കുമല്ലോ!

ഏതെങ്കിലും യോഗി നമ്പ്യാരേപ്പോലുള്ള നാടോടികൾ ഉപയോഗിച്ച കല്യാണസൌഗന്ധികത്തിനു നാൽകുന്ന അർത്ഥം വായനക്കാർ അറിയുന്നതു കൌതുകപ്രദമായിരിക്കും. അദ്ദേഹം പറയുന്നതു നോക്കുക. "വരുവാൻപോകുന്ന ഭാരതയുദ്ധത്തിൽ ഭീമസേനനെ സംഹരിക്കാതിരിക്കണമെന്നുള്ള പാഞ്ചാലിയുടെ അഭിമതമാണ് ഭീമസേനനെ കല്യാണസൌഗന്ധികത്തിന്നായിട്ടയക്കുവാൻ പ്രേരിപ്പിച്ചിട്ടുള്ളതു്. ആ മൃത്യുഭയത്തെ തീർക്കുവാനായിട്ടു് ശ്രീപരമേശ്വരനെ ഭജിക്കുവാനായിട്ടു് ഭീമസേനനെ പാഞ്ചാലി നിയോഗിക്കുകയും പരമേശ്വരൻെറ അനുഗ്രഹമായ് കല്യാണസൌഗന്ധികം ഭീമസേനൻ തപസ്സുകൊണ്ടു് അർപ്പിക്കയും ചെയ്തു. ഭീമസേന

ൻെറ ബലവൃദ്ധിക്കും വീര്യവൃദ്ധിക്കും ശ്രീപരമേശ്വരനെ ഭജിക്കുവാനായി ഭീമസേനൻ കാട്ടിലേക്കു പോയി. ആ ഭജനം പരമേശ്വരനെ പ്രസാദിപ്പിച്ചിട്ട് മൃത്യുഭയവിമോചനവും അതിൻെറ ഫലമായ അമൃതത്വവും ഭീമസേനന ലഭിക്കയും ചെയ്തു. അതാണ് പാഞ്ചാലി ആവശ്യപ്പെട്ട കല്യാണസൌഗന്ധികം:"

'നമ്പ്യാരെപ്പോലുള്ളവരുടെ' നാമകരണത്തിൽ യോഗി ദർശിക്കുന്നയോഗ്യത നവ്യവും ഭവ്യവുമായിരിക്കുന്നു. വ്യാസഭഗവാൻ കല്യാണസൌഗന്ധികം എന്ന് പറഞ്ഞില്ലെങ്കിൽ വേണ്ട! കല്യാണസൌഗന്ധികം എന്നു ആരെങ്കിലും പറഞ്ഞുപോയൊ തൽക്ഷണം നമ്മുടെ യോഗി ഈ രൂപത്തിൽ വ്യാഖ്യാനിക്കാൻ തയ്യാറാകും.

മഹാഭാരതകഥതന്നെ കല്പിതമാണെന്നും, പാൎത്ഥന്മാർ കല്പിതകഥാപുരുഷന്മാരാണെന്നും, യുധിഷ്ഠിരൻ സൽസ്വഭാവത്തിനും, ഭീമൻ അപരിഷ്കൃതശക്തിക്കും അൎജ്ജുനൻ യുദ്ധസാമൎത്ഥ്യത്തിനും, നകലസഹദേവന്മാർ മറേറാരോ ഗുണങ്ങൾക്കും ദൃഷ്ടാന്തങ്ങളാണെന്നും മററുമുള്ള വിദ്വാന്മതങ്ങൾ എത്ര സയുക്തികമാണ് പ്രതിപാദിച്ചുകാണിച്ചിട്ടുള്ളതെന്നു യോഗി ഒന്നു ചിന്തിച്ചാൽ നന്ന്. കാളിദാസൻെറ അഥവാ കൃതവാഗ്ദ്വാരെ......എന്ന പദ്യത്തിൽ അഥവാ (പ്രഥയോത്ഭേദ) വിധാവയായ (രാജ്ഞിയാൽ സ്ഥാപിക്കപ്പെട്ടതായ) വാഗ്ദ്വാരെ (വൎത്തമാനകമ്പി) എന്നിങ്ങനെ കലിയുഗത്തിലെ കമ്പിഏൎപ്പാടിനെ പരാമൎശിക്കുന്നതായി ഒരു സരസൻ വ്യാഖ്യാനിച്ചിട്ടുള്ളതും ഹൃദയംഗമമായി

തോന്നുന്നുണ്ട്. എന്നാൽ യോഗിയുടെ കല്യാണവ്യാഖ്യാനം കാവ്യപരിപഠിഷുക്കൾക്ക് മമ്മഭേദകമാണ്.

ഇനി കൽഹാരാപരപര്യായമുള്ള സൌഗന്ധികം പുഷ്പമാണെന്നും അതു് ഗന്ധപ്രധാനമാണെന്നും അദ്ദേഹം ആശ്ലേഷിക്കുന്ന മന്ത്രതന്ത്രാദികൾ പ്രമാണപ്പെടുത്തിക്കാണിച്ചു് എന്റെ ലേഖനം ഉപസംഹരിക്കാം.

മൃത്യുഞ്ജയമന്ത്രം പ്രണീതമാകുന്നതിനു് എത്രയോ മുമ്പുമുതൽ ആയ്യന്മാർ ആകാശത്തേയും, വരുണനേയും അഗ്നിയേയും മററും ദേവതകളായി ഗണിച്ചു് ആരാധിച്ചുവന്നിരുന്നു. യജ്ഞം മുതലായ ക്രിയകൾക്ക അഗ്നി അത്യാവശ്യമായിതീന്നതുകൊണ്ടു് ഈ ദേവനു് കുറെ പ്രാധാന്യം സിദ്ധിച്ചു. സകല ഹോമങ്ങൾക്കും 'അഗ്നിമുഖവിധി' ഒന്നുതന്നെ. സിദ്ധമന്ത്രന്മാരും സ്വകീയമായോ പരകീയമായോ വല്ലഹവനവും കഴിക്കുന്നതായിരുന്നാലും ആദ്യമായി വിധിപ്രകാരം 'അഗ്നിമുഖവിധി ആചരിക്കണം. ഇതു് സവ്വമന്ത്രതന്ത്രസാധാരണയാണു്. "ശാരദാതിലകം" "മേരുാദിതന്ത്രങ്ങൾ" "ത്രിപുരാസാരസമുച്ചയം" ഇതെല്ലാം അഗ്നിയുടെ സ്വഭാവത്തെ വ്യക്തമാക്കുന്നവയാണു്. ശുഭാവഹമായ അഗ്നിയുടെ ഗന്ധലക്ഷണം താഴെപറയുംപ്രകാരമാണ്:—

"നാഗചമ്പകപുന്നാഗപാടലായൂഥികാന്നിഭഃ
പത്മേന്ദീവരകൽഹാരസർപ്പിർഗ്ഗുഗ്ഗുലുസന്നിഭഃ
പാവകസ്യശുഭോഗന്ധഃ

അഗ്നിയുടെ ഗന്ധം– നാഗപൂവ്, ചെമ്പകപ്പൂ പുന്നപ്പൂവ്, പാതിരിപ്പൂവ്, അമ്പഴപ്പൂവ്, താമര

പ്പൂവ്, സൌഗന്ധികപ്പൂവ്, നെയ്യ്, ഗുഗ്ഗുലു എന്നിവ കളുടെ ഗന്ധംപോലെ ഇരുന്നാൽ ശുഭമാകുന്നു. സൌഗന്ധികം പൂവാണെന്നും അതിന് സുഗന്ധമാണുള്ളതെന്നും എത്രസുസ്പഷ്ടമായി പ്രാചീനാചാര്യന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. "സൌഗന്ധികം തുകല്ഹാരം" എന്നപ്രമാണവും അനിഷേധ്യമല്ലേ! ഏതെങ്കിലും ഈ വാദപ്രതിവാദസമരത്തിൽ, യോഗി, ഈ വേദാന്തവുമേന്തി മുന്നോട്ടുവന്നതു് വളരെ അനുചിതമായിപ്പോയി. ഒരു യോഗി, കല്യാണപദത്തെപ്പററി ധ്യാനിക്കുമ്പോഠം തന്ത്രസമുച്ചയത്തിലെ

"പദ്മരാഗസദൃശപ്രഭോജ്ജ്വലാ
സുപ്രഭാവരുണദിശ്യവസ്ഥിതം
യാമഹാരജതപുഷ്പസന്നിഭാ
ഗന്ധവാഹദിശി സാതിരക്തിക" എന്ന ഭാഗമോ × × × × ×

ലോഹിതാന്യാകരാലാഖ്യാകാലീതാമസ്യ ഈരിതഃ
ഏതാസപ്തനിയുജ്യന്തേക്രൂരകർമ്മസുമന്ത്രിഭിഃ
സ്വസ്വനാമസമാഭാസ്യർജ്ജിഹ്വാ:കല്യാണരേതസാം"

എന്ന ഭാഗമോ ഉദ്ധരിച്ചു്, സ്വർണ്ണപുഷ്പസാന്നിദ്ധ്യത്തേയോ, കല്യാണശബ്ദത്തിന് സ്വർണ്ണാർത്ഥത്തേയോ കാണിച്ചു്, വല്ലതുമൊക്കെപ്പറഞ്ഞാലും അതു അത്രവളരെ അസംഗതമാകയില്ലായിരുന്നു. വിനോദിനിയുടെ എട്ടുപേജുകളിൽ ആയി പരത്തിഎഴുതിയിട്ടുള്ള യോഗിയുടെ ലേഖനത്തിൽ ൨ പേജുകളിൽമാത്രമേ പ്രസ്തുത

വാദത്തെ സ്പർശിക്കുന്ന ആശയങ്ങൾ ചെലുത്തിക്കാനുള്ളു. ബാക്കിയുള്ളതെല്ലാം കല്യാണവും കാശിയും, ഗായത്രി മുതലായ മന്ത്രപാഠങ്ങളുംകൊണ്ടു് വ്യാകുലിതവും, ഒരു പാറപ്പുറംപോലെ പ്രാകൃതവും ആണെന്നും പറയാതെ കഴികയില്ല. യോഗിയുടെ ലേഖനം വായിച്ചുതീൎന്നപ്പോൾ ഭഗവാൻ ഗാനം ചെയ്ത

"യാമിമാംപുഷ്പിതാം വാചം പ്രവദന്ത്യവിപശ്ചിതഃ
വേദവേദരതാഃ പാർത്ഥനാന്യദസ്തീതിവാദിനഃ"—തുടങ്ങിയ ഏതാനും പദ്യങ്ങൾ സ്മരണയിൽ വരുന്നു.

## 10

### സി. ഐ. രാമൻനായർ.

ശ്രീമന്നാരായണയോഗിയുടെ അലൌകികവ്യാഖ്യാനം അടങ്ങിയ ലേഖനം ആപാദചൂഡം അവലോകനം ചെയ്തതിൽ, അതിനു വാദപ്രതിവാദവിഷയവുമായിയാതൊരു സംബന്ധവുമില്ലെന്നു് ബോദ്ധ്യം വന്നതിനാൽ, തൽക്കാലം ഒന്നും പറയേണ്ട ആവശ്യമില്ലെന്നു നിക്കു തോന്നുന്നു.

# XI

"പ്രഭോരയുക്തംയുക്തംസ്യാൽ
യുക്തംഹീനസ്യദോഷകൃൽ
രാഹോരപ്യമൃതം മൃത്യുഃ
വിഷം രുദ്രസ്യഭൂഷണം"

൧൧൦൯ മിഥുനം ൨൦-ാംനു-യിലെ "മലയാളരാജ്യം" ദിനപത്രത്തിൽ, എന്റെ "വാദപ്രതിവാദ"ത്തിനു് "പ്രത്യുത്തരം" ശ്രീമാൻ പി. കെ. നാരായണപിള്ള പ്രസിദ്ധപ്പെടുത്തുകയുണ്ടായി. 'മലയാളരാജ്യം' പത്രത്തിൽ പത്രാധിപരുടെ (മ. പ.) വകയായ ഒരു 'കുറിപ്പും' പ്രത്യക്ഷപ്പെട്ടു. "ഞങ്ങളുടെ പംക്തികളിൽ മി. നാരായണപിള്ളയുടെ പ്രസ്തുത ലേഖനത്തോടുകൂടി ഈ "കല്യാണസൌഗന്ധികവാദപ്രതിവാദം" അവസാനിപ്പിച്ചിരിക്കുന്നു" എന്നു ചുരുക്കം. ടി ലേഖനത്തിനുള്ള മറുപടി ആണു് വിഭാഗം ൧൨-ൽ ചേർത്തിരിക്കുന്നതു്. മി. നാരായണപിള്ള, എന്റെ അർത്ഥത്തിന്റെ അസാധുത്വംവെളിപ്പെടുത്തിയതിനു് പ്രമാണപ്പെടുത്തിയിട്ടുള്ള, സാഹിത്യവിനോദിനിപത്രാധിപരുടെ അഭിപ്രായം, "മലയാളി"പത്രത്തിൽഅപരിചിതനായ ഒരു മാന്യലേഖകന്റെ പ്രസ്താവം, റാവുസാഹേബ് ഉള്ളൂർ എസ്. പരമേശ്വരയ്യരുടെ പ്രസ്താവം, എന്നിവ യഥാക്രമം ൧൩, ൧൪, ൧൫ എന്നിങ്ങനെ അക്കമിട്ടു് വേർതിരിച്ചിട്ടുണ്ടു്. ഉദ്ധരണികളിൽ അവിടവിടെയുള്ള ബ്രാക്കറ്റുകളും ചോട്ടിലുള്ള വരകളും സ്വന്തമാണു്.

# XII

# കല്യാണസൌഗന്ധിക വാദപ്രതിവാദം

(ഒന്നുകൂടി)

സി. ഐ. രാമൻനായർ ബി. ഏ.

"കല്യാണസൗഗന്ധികവാദം പ്രത്യുത്തരം" എന്ന പേരിൽ, ശ്രീമാൻ പി. കെ. നാരായണപിള്ള ബി. ഏ. ബി. എൽ. ൧൧൦൦ മിഥുനം ൨൦-ാംനു ബുധനാഴ്ചയിലെ മലയാളരാജ്യത്തിൽ എഴുതിയിരുന്ന ലേഖനം വായിച്ചു. ഇതിൽ അദ്ദേഹം പലതും പറയുന്നുണ്ടു്. കാൎയ്യഭാഗം മാത്രമേ ഞാൻ നിരൂപണത്തിനു വിഷയമാക്കുന്നുള്ളു.

കല്യാണസൌഗന്ധികം തുള്ളലിൽ നമ്പ്യാർ കല്യാണപദം സ്വൎണ്ണാൎത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നു എന്നാണു് ഇപ്പോഴും അദ്ദേഹത്തിന്റെ അഭിപ്രായം. പക്ഷേ, ഇപ്പോൾ, പഴയപഴയപ്രമാണങ്ങൾ ഉപേക്ഷിച്ചു്, പുതിയ പുതിയ പ്രമാണങ്ങൾ കൊണ്ടുവരുന്നു എന്നൊരു വ്യത്യാസമുണ്ടു്.

ആദ്യം അദ്ദേഹം സാഹിത്യവിനോദിനിയിലും ചിത്രവാരികയിലുംകൊണ്ടുവന്നിരുന്നഗ്രന്ഥബാഹ്യങ്ങളായപ്രമാണങ്ങൾ അഞ്ചെണ്ണമായിരുന്നു. (൧) വ്യാസഭാ

രതം, (വ) കൌന്തേയവൃത്തം, (ന) കല്പിച്ചുണ്ടാക്കിയ ആട്ടക്കഥ, (ള) ഭാരതമഞ്ജരി, (ര) കല്യാണസൗഗന്ധികം ചമ്പു.

മലയാളരാജ്യത്തിൽ പ്രസിദ്ധപ്പെട്ടത്തിയിരുന്ന ഏന്റെ "പ്രതിവാദ"ത്തിനുശേഷം ഈ പ്രമാണങ്ങളിൽ നിന്നും കടിവിട്ടിരിക്കുന്നു. എങ്ങനെ?

ഇപ്പോഴാകട്ടെ, വ്യാസഭാരതത്തിൽ നിന്നും പിടി അഴക്കുന്നു; കൌന്തേയവൃത്തം പ്രമാണപ്പെടുത്തിയതിൽ അദ്ദേഹം കുണ്ഠിതപ്പെടുന്നു; കല്പിച്ചുണ്ടാക്കിയ ആട്ടക്കഥയുടെ കാര്യമേ മിണ്ടുന്നില്ല; ഭാരതമഞ്ജരിയിൽനിന്നും മൂന്നാമതൊരു ശ്ലോകമുദ്ധരിച്ച് കൃതാർത്ഥനാകുന്നു; എന്നാൽ പഴയവകയിൽ, "കല്യാണസൗഗന്ധികം ചമ്പു" വിൽ മാത്രംഒന്നുകൂടി ചാരിനില്ക്കാൻ ഈ ലേഖനത്തിലും യത്നിക്കുന്നുണ്ട്. ഇതിനുപുറമെ ഗ്രന്ഥബാഹ്യങ്ങളായി ഇപ്പോൾ കൊണ്ടുവരുന്ന പ്രമാണങ്ങളുടെ ഒരു പട്ടിക ചുവടെ ചേർക്കുന്നു.

(ക) "സോമേശ്വരപ്രണീതമായ മാനസോല്ലാസം."

(വ.) "ത്രിപുരസുന്ദരീമാനസികോപചാര പൂജാസ്തോത്രം."

(ന) ശ്രീശങ്കരാചാര്യസ്വാമികളുടെ മറെറാരു കീർത്തനമായ "സൌന്ദര്യലഹരി."

(ർ) "വിഷ്ണുപാദാദികേശസ്തവം." ഈ കീർത്തനങ്ങളും;

(ര) "ശ്രീകൃഷ്ണവിലാസം."

(ൻ) "നൈഷധം.".

(ൗ) "മേഘസന്ദേശം"

(വ്വ) "കുമാരസംഭവം."

(൯) "ലീലാവതി."

(൧൦) "ശങ്കരാചാൎയ്യരുടെ ശിവസ്തോത്രം"

(൧൧) "കാവ്യപ്രകാശം." എന്നിവകളിലെ പ്രസ്താവങ്ങളു മാണു്.

ഈ പുതിയ പ്രമാണങ്ങൾ ഓരോന്നോരോന്നായി സാധുതാവിചാരത്തിനു വിഷയീഭവിപ്പിച്ചുകൊള്ളുന്നു:—

൧൧) പ്രസ്തുതലേഖനത്തിലും മി: പി. കെ. നാരായണപിള്ള 'കാവ്യപ്രകാശ'കാരനെ സ്മരിച്ചിരിക്കുന്നതായി കാണുന്നു. ഈ ശാസ്ത്രാവതരണത്തിനു് ചിത്രവാരികാലേഖനത്തിലും, ഇവിടെയും പ്രസക്തി ഒട്ടുംതന്നെ ഉണ്ടായിരുന്നില്ലെന്നു പ്രതിപാദിച്ചു കാണിക്കാം. അദ്ദേഹം പറഞ്ഞതു് ഇപ്രകാരമാണു്. "കല്യാണശബ്ദം അനേകാൎത്ഥമാണു്:– അനേകാൎത്ഥമായ ശബ്ദത്തിന്റെ പ്രയോഗത്തിൽ

"സംയോഗോവിപ്രയോഗശ്ച സാഹചൎയ്യം വിരോധിതാ

* * * * * *

ശബ്ദാൎത്ഥസ്യാനവച്ഛേദേ വിശേഷസ്മൃതിഹേതവഃ"

"അതായതു് അൎത്ഥം അനവച്ഛിന്നമായിരുന്നാൽ സംയോഗവിപ്രയോഗസാഹചൎയ്യാദികൾകൊണ്ടു് വാച്യമായ അൎത്ഥം നിയന്ത്രിക്കേണ്ടതാണു്. സശംഖചക്രനായ ഹരി എന്ന പ്രയോഗത്തിൽ ഇങ്ങനെ വാച്യാൎത്ഥനിയന്ത്രണത്തിനുശേഷം അവാച്യാർത്ഥത്തിന്റെ പ്രതീതി ഉണ്ടാകുന്നതു് വ്യഞ്ജനാവ്യാപാരവും അഭിധാമൂലധ്വനിഹേതുവുമാണെന്നു കാവ്യപ്രകാശകാരൻ അഭി

പ്രായപ്പെടുന്നു." പ്രകൃതത്തിൽ കാവ്യപ്രകാശത്തിലെ ശ്ലോകങ്ങൾകൊണ്ടു്, കല്യാണപദത്തിന്റെ മംഗലാർത്ഥത്തെ നിയന്ത്രിച്ച സ്വർണ്ണാർത്ഥബോധം ഉളവാക്കുന്നു എന്നും അതു് 'സശംഖചക്രനായ ഹരി" എന്ന ഉദാഹരണത്തിൽ പ്രവർത്തിക്കുന്ന താല്പര്യനിർണായകമായ സംയോഗമാണെന്നും മി: നാരായണപിള്ളയുടെ ടി വാക്യങ്ങളിൽനിന്നും സുസ്പഷ്ടമാണല്ലൊ. ഈ ശാസ്ത്രത്തിന് ഇവിടെ പ്രസക്തി ഇല്ല. നോക്കുക:—വാച്യാർത്ഥം എന്നാൽ ശബ്ദവാച്യമായ അർത്ഥം അല്ലെങ്കിൽ അഭിധയാൽ പ്രതിപാദിക്കപ്പെടുന്ന അർത്ഥം. അഭിധയ്ക്കു രൂഢി മുതലായ വിഭാഗങ്ങൾ ഉണ്ടു്. അഭിധ എന്നാൽ ശബ്ദാർത്ഥങ്ങൾ തമ്മിലുള്ള പരസ്പരസംബന്ധമാകുന്നു. ഇതിനു് ശക്തി എന്നു പേരുണ്ടു്. ഒരു പദത്തിന്റെ അർത്ഥബോധത്തിനു ശക്തിജ്ഞാനം ഉണ്ടായിരിക്കണം. ഇതിനു് ഒന്നാമതായി വ്യാകരണത്തെ ആശ്രയിക്കണം. പദങ്ങളിൽ അന്തർഭവിച്ചിരിക്കുന്ന ധാതു പ്രകൃതി, പ്രത്യയം ഇവ എല്ലാററിന്റേയും ശക്തി അനുസരിച്ചുള്ള അറിവു് വ്യാകരണത്തിൽനിന്നു സമ്പാദിക്കണം. പ്രകൃതിപ്രത്യയവിഭാഗം കൂടാതെ ഈ അക്ഷരസമുദായത്തിനു് ഇന്നതു് അർത്ഥമെന്നു സങ്കല്പിക്കുക രൂഢി: (ഉദാ: മല, മരം &c) ഇങ്ങനെ രൂഢ്യർത്ഥമുള്ള പദങ്ങൾ പ്രയോഗിക്കുന്നതല്ല സൽകവികളുടെ ലക്ഷണം. കാളിദാസർ സംജ്ഞാനാമങ്ങളെക്കൂടി വ്യുൽപ്പാദിപ്പിക്കുന്നു. ദിലീപന്റെ പുത്രന്റെ നാമകരണം എങ്ങനെ? ആ രാജകുമാരൻ ശാസ്ത്രങ്ങളുടെ അ

ന്തം വരെയും ശത്രുക്കളുടെ അന്തം വരുംവരെയും പഠിച്ചും പടപൊരുതും ചെന്നെത്തണം എന്ന ആശംസയാൽ 'ഗമനം' ധാത്വർത്ഥമുള്ള രംഘ്യപദംകൊണ്ടാകുന്നു.

"ശ്രുതസ്യയായാദയമന്തമർഭകസ്തഥാപരേഷാം
യുധി ചേതിപാർത്ഥിവഃ
അവേക്ഷ്യധാതോർഗമനാർത്ഥമർത്ഥവിച്ചകാ
രനാമ് നാരംഘ്യമാത്മസംഭവം"

ഇവിടെ നാം മനസ്സിലാക്കേണ്ടതു് പദത്തിനും പദാർത്ഥത്തിനും തമ്മിൽ പ്രത്യക്ഷമായ ബന്ധം ഉണ്ടെന്നും പദത്തിൽ നിന്നുതന്നെ അവയവാദി ശക്തിയാൽ പദാർത്ഥപ്രതീതി ഉണ്ടാകണമെന്നും മററുമാകുന്നു. വക്താവിൻെറ ഇച്ഛമാത്രം ആധാരമാക്കി ത്രുഡ്യർത്ഥമുള്ള ഡിത്ഥാദിപദങ്ങളെ പ്രയോഗിക്കുന്നതു് കുട്ടികളും കിളികളും ശബ്ദിക്കുന്നതുപോലെ നിസ്സാരമാകുന്നു എന്നു വിധിയുമുണ്ടു്. ഇനി പ്രസ്തുത കല്യാണപദത്തെപ്പററി ചിന്തിക്കാം.

കല്യാണമെന്നതിൽ കല്യേ അണ എന്നു രണ്ടു ശബ്ദം ഉണ്ടു്. ഇതിൽ 'അണ' എന്നതു കൃതിയാണു്. "അണ, രണ, വണ, ഭണ, .....ധ്വനശബ്ദാർത്ഥാഃ" എന്ന ധാതുപാഠത്തിൽ അണശബ്ദത്തെ പഠിച്ചിരിക്കുകയാൽ 'അണതി' എന്ന ക്രിയയ്ക്കു ശബ്ദിക്കുക എന്നർത്ഥമാകുന്നു. കല്യാണം എന്ന പദത്തെ വിഗ്രഹിക്കുമ്പോൾ 'കല്യേ' 'അണ്യതേ' എന്നാകുന്നു. സമാസത്തിലാകയാൽ,

'കല്യേ' എന്ന സപ്തമീവിഭക്തിപ്രത്യയം ലോപി ച്ചിരിക്കുന്നു എന്നും മനസ്സിലാക്കണം. അതുകൊണ്ട് ഈ പദത്തിൻെറ വാച്യാർത്ഥം പ്രഭാതത്തിൽ ശബ്ദിക്കപ്പെടുന്നതു് എന്നാകുന്നു. കല്യാണപദത്തിൻെറ ഈ വാച്യാർത്ഥത്തിനു ഇവിടെ ബാധംവരുന്നു. അതുകൊണ്ടു കല്യാണസൗഗന്ധികത്തിലെ കല്യാണപദത്തിന്ന് മംഗളമോ സ്വർണ്ണമോ വാച്യാർത്ഥമായിട്ടുണ്ടെന്നു മി. നാരായണ പിള്ള പറഞ്ഞതു ശരിയല്ലല്ലൊ. മേൽപ്പറഞ്ഞ പ്രകാരം കല്യാണപദത്തിനു പ്രാതഃശബ്ദനം എന്ന മുഖ്യാർത്ഥബാധം വരികയാൽ പ്രഭാതത്തിൽ ഉച്ചരിക്കപ്പെടുന്ന മംഗളസ്തോത്രങ്ങളെപ്പോലെ (സാദൃശ്യസംബന്ധത്താൽ) മംഗളകരമെന്ന അർത്ഥം നിരൂഢലക്ഷണയാ കൽപ്പിക്കണം. അതുകൊണ്ടുകൂടി, കല്യാണപദത്തിന്ന് മംഗളകരം എന്ന അർത്ഥം വാച്യാർത്ഥമല്ല; ലക്ഷ്യാർത്ഥമാണെന്നു സിദ്ധിക്കുന്നു.

"സശംഖചക്രനായ ഹരി" എന്ന പ്രയോഗത്തിൽ അദ്ദേഹം പ്രവൃത്തിപ്പിക്കുന്ന ശാസ്ത്രാംശം ഹരിശബ്ദം വിഷ്ണുപരമാണെന്നു ധരിക്കുവാൻ ഉപകരിക്കയില്ലെന്നും ആ ശാസ്ത്രം അന്യോന്യാശ്രയദോഷദുഷ്ടമാണെന്നും കാണിക്കാവുന്നതാണു്. ഇപ്പോൾ തുനിയുന്നില്ല. പട്ടികക്രമത്തിനുള്ള അന്യ പ്രമാണങ്ങൾ;

(൧) സോമേശ്വരപ്രണീതമായ 'മാനസോല്ലാസം' ഇതിൽനിന്നും അദ്ദേഹം

"പുടീകൃത്യാനലേ തപ്തം
യൽസ്വൎണ്ണം നിരുപക്ഷയം
തസ്യാൽ ഷോഡശവൎണ്ണാഖ്യം
കോശേസ്ഥാപ്യം തദേവഹി
ബാലാൎക്കദ്യുതിസങ്കാശം
വിദ്യുദ്ദീപ്തിസമപ്രഭം
ശുദ്ധം ഭൂഷണയോഗ്യംസ്യാൽ
ത്രിദശാനാം മഹീഭുജാം."

എന്നു രണ്ടു ശ്ലോകങ്ങൾ ഉദ്ധരിച്ചിട്ടു "ഇവിടെ സ്വൎണ്ണത്തെ ബാലാൎക്കസദൃശമായി വൎണ്ണിച്ചിരിക്കുന്നു. അതു കൊണ്ടു സൗഗന്ധികവനം ബാലാൎക്കസദൃശസ്തുതി എന്ന വൎണ്ണനയ്ക്കു സ്വൎണ്ണവൎണ്ണാൎത്ഥം സൎവ്വഥാ ഘടിക്കുമെന്നുള്ളതാകുന്നു." എന്നുപറയുന്നു. ഈപ്രസ്താവംഇപ്പോൾ വളരെഅത്ഭുതമായിരിക്കുന്നു! അദ്ദേഹം ചിത്രവാരികാലേഖനത്തിൽ പറഞ്ഞതെന്തു്? അദ്ദേഹം പറഞ്ഞു "ബാലാൎക്കസദൃശദ്യുതി" എന്ന അവ്യവസ്ഥവൎണ്ണത്തെ(രാമൻനായർ) ആശ്രയിക്കേണ്ട കാൎയ്യമില്ല. ബാലാൎക്കസദൃശദ്യുതി എന്നു പറഞ്ഞാൽ സ്വൎണ്ണവൎണ്ണം നിരസ്തമാകണമെന്നില്ല. കനകകാഞ്ചനാദിപ്രസ്താവനകളുമായി നിരപ്പാക്കാൻ ബാലാൎക്കസദൃശദ്യുതി എന്ന പദത്തെ സ്വൎണ്ണകാന്തിസ്ഫുരണവത്തു് എന്നു വ്യാഖ്യാനിക്കേണ്ടതായി തോന്നുന്നു." ഈ തോന്നൽ അതീവ കഷ്ടമാണെന്നും ഭയവുംമെയ്യു് ഇല്ലാത്തവസ്തു ഉണ്ടെന്നു ശഠിക്കരുതെന്നും ഞാൻ ബോധിപ്പിച്ചു ഇതിങ്ങളെ വകവച്ചുതരാ

തെ ഇപ്പോൾ ഇതാ അദ്ദേഹം, ആദ്യം അവ്യവസ്ഥവ ർണ്ണമായിത്തള്ളിയതിനെ സ്വയം വ്യവസ്ഥപ്പെടുത്തുക യും, ബാലാക്കസദൃശദ്യുതി എന്നാൽ സ്വർണ്ണവർണ്ണം നിര സ്തമാകണമെന്നില്ലെന്നു വഴക്കി, വഴക്കി പറഞ്ഞതിനെ മാററി അതിന്നു സ്വർണ്ണാത്ഥം മാത്രമെ ഘടിക്കുകയുള്ളൂ എന്നു തീർത്തുപറയുകയും, സ്വർണ്ണകാന്തിസ്ഫുരണവ ത്ത് എന്നു വ്യാഖ്യാനിക്കേണ്ടതായി തനിക്കു തോന്നി യ തോന്നൽ, ഒന്നു പുതുക്കി ഇപ്പോൾ തനിക്കു തോന്നി യതുപോലെ സ്വർണ്ണവർണ്ണം എന്നു മാത്രമേ വ്യാഖ്യാ നിക്കാവൂ എന്ന് സ്ഥിരപ്പെടുത്തിപ്പറയുകയും ചെയ്യുന്നു. അപ്പപ്പോൾ തോന്നിയതുപോലെയുള്ള ഈ "തരം മാററ"ങ്ങൾ ഒരു നിരൂപകനു അസുന്ദരമാണു; സ്വ പ്രത്യയസ്ഥൈര്യമില്ലായ്മയുടെ ലക്ഷണവുമാണ്. അ തുപോകട്ടെ! ഉദ്ധൃതമായ ശ്ലോകങ്ങളിൽ തീയിൽ പഴ പ്പിച്ച സ്വർണ്ണത്തെ 'ബാലാക്കദ്യുതിസങ്കാശം' എന്നും, 'വിദ്യുദ്ദീപ്തിസമപ്രഭം' എന്നും വർണ്ണിച്ചിരിക്കുന്നു. ഉ പമാനങ്ങളുടെ അന്യോന്യാലംബം നിമിത്തം അനല തപ്തമായ സ്വർണ്ണത്തിൻെറ നിറപ്പകിട്ട് ഏകദേശം വെളിപ്പെടുത്തണമെന്നുള്ളതാണ് പദ്യകൃത്തിൻെറ ഉദ്ദേ ശം. വ്യാസഭഗവാൻ ഹനുമാനെ വർണ്ണിക്കുന്നിടത്തു 'വി ദ്യുദ്ദീപ്തിസമപ്രഭം' എന്താണെന്നു വിശദീകരിച്ചിട്ടുണ്ട്.

വിദ്യുത് സംഘാതദുഷ്പ്രേക്ഷ്യം
വിദ്യുത് സംഘാതപിംഗലം
വിദ്യുത് സംഘാതനിനദം
വിദ്യുത് സംഘാതചഞ്ചലം" — എന്നിങ്ങനെ

യാണ്. ഇങ്ങനെ;

൧) ബാലാർക്കായുതതേജസം
ധൃതജടാജൂടേന്ദുഖണ്ഡോജ്ജ്വലം

൨) തരുണരവിനിഭം മസ്തകം നീലഭാസം

൩) ബാലാർക്കദ്യുതിരിന്ദുഖണ്ഡവിലസൽകോടീരഹാരം

൪) ഉദ്യതാദിത്യസങ്കാശം പ്രസന്നവദനം

എന്നിങ്ങനെയുള്ള മഹാകവിപ്രയോഗങ്ങളിൽ എവിടെയെങ്കിലും സ്വർണ്ണാർത്ഥം ഘടിക്കുമോ? മാന്യ സോല്ലാസകർത്താകാകട്ടെ ഈ വൈഷമ്യം ഗ്രഹിച്ചിട്ടാണു് ബാലാർക്കദ്യുതി സങ്കാശം" എന്നു പറഞ്ഞിട്ടു് ശ്ലോകശ്വാസത്തിൽ 'വിദ്യുദ്ദീപ്തിസമപ്രഭം' എന്നുകൂടി പറഞ്ഞു കൃതകൃത്യനാകുന്നതു്. ഈ തത്വം അദ്ദേഹം (മി: നാരായണപിള്ള) ചിന്തിച്ചില്ലെന്നോ? ഇതും പോകട്ടെ! സോമേശ്വരന്റെ ഈ പ്രയോഗം കാണിച്ചിട്ടു, തർക്കശാസ്ത്രമസ്തകത്തെ പിളർക്കുന്ന ഒരു അനുമാനത്തിനുംകൂടി അദ്ദേഹം തയാറായിക്കാണുന്നതാണു് എന്നെ വിസ്മയിപ്പിക്കുന്നതു്. ഉദാഹരണം കൊണ്ടു കാര്യം വിശദമാക്കാം നോക്കുക:—

സ്വർണ്ണം ഹോമാഗ്നിയുടെ നിറമാണു്; കുങ്കുമവും ഹോമാഗ്നിയുടെ നിറമാണു്; അതുകൊണ്ടു കുങ്കുമത്തിന്റെയും സ്വർണ്ണത്തിന്റെയും നിറമൊന്നുതന്നെ എന്നിങ്ങനെ കഥയില്ലാത്ത ഒരു അനുമാനത്തിനു ആരെങ്കിലും കച്ചകെട്ടുമോ? ഇപ്രകാരമുള്ള അസ്വരസങ്ങളും പ്രകൃതത്തിൽ നമുക്കു മറന്നുകളയാം എന്നു വയ്ക്കുക. കാര്യനടപ്പിനു (ബാലാർക്കസദൃശദ്യുതി) യഥാർത്ഥത്തിൽ ഏതു നിറത്തെ പരാമർശിക്കുന്നുവെന്നു നോക്കാം.

ബാലാക്കൻ പ്രഭാതകാലത്തെ രക്തനിറമുള്ള സൂര്യനാണു്. (Apte) "അരുണോ വ്യക്തരാഗാർക്കേ, സന്ധ്യാരാഗേർക്കസാരഥൌ" എന്നു മേദിനീപാഠം (ബാംബെയിൽ അടിച്ചതല്ല) ഈ വിഷയത്തിൽ സംശയഛേദി വചനമാണല്ലോ. അവ്യക്തരാഗമെന്നാലെന്തു്? വ്യക്തമല്ലാത്ത രക്തവർണ്ണം തന്നെ. "അരുണകൃഷ്ണലോഹിതഃ" എന്നു അമരമാലാപാഠത്തെ അനുസരിച്ചു അരുണവർണ്ണത്തെ കറുച്ചു കറുപ്പുചേർന്ന ചുവപ്പായി നിർദ്ധാരണം ചെയ്തിരിക്കുന്നു. ടി വിചാരത്തിൽനിന്നും ബാലാർക്കസദൃശദ്യുതിയിൽ രക്തവർണ്ണത്തിനാണു പ്രസക്തി എന്നു സിദ്ധം. സൌഗന്ധികവനം "ബാലാർക്കസദൃശദ്യുതി" ആണെന്നു പറഞ്ഞാൽ രക്തവർണ്ണപ്രധാനമെന്നാണു വിവക്ഷിക്കപ്പെട്ടിരിക്കുന്നതെന്നു കാണിക്കാൻ കൂടുതൽ തെളിവു ആവശ്യമില്ല. വേണമെങ്കിൽ നമുക്കു ഒന്നുകൂടി നിഷ്കർഷിച്ചു നോക്കാം. അങ്ങനെ നോക്കിയാൽ ഈ വർണ്ണം കൊണ്ടു സ്വർണ്ണത്തെ വർണ്ണിച്ചുകൂടെന്നും വന്നുകൂട്ടും. നോക്കുക:—"സ്വർണ്ണസിന്ദൂരബാലാർക്കകുങ്കുമക്ഷൌദ്രസന്നിഭഃ സുവർണ്ണരേതസോവർണ്ണഃ ശോഭനഃ പരികീർത്തിതഃ" അഗ്നിയുടെ നിറം സ്വർണ്ണം, സിന്ദൂരം, ബാലാദിത്യൻ, കുങ്കുമം, തേൻ, ഇവയുടെ നിറംപോലിരുന്നാൽ ശുഭമാണെന്നർത്ഥം. സ്വർണ്ണത്തിനും ബാലാദിത്യനും തമ്മിൽ നിഷ്കൃഷ്ടവും, സ്പഷ്ടവുമായ വൈജാത്യം കാണിച്ചിരിക്കുന്നതു കാണുക. ഇതുകൊണ്ടുമായില്ലെങ്കിൽ അഗ്നിജി

ഘാകരെ വർണ്ണിക്കുമ്പോഴുള്ള പദ്യവുംകൂടി ഇവിടെ ഉദ്ധരിക്കാം. "യാരക്താതരുണദിവാകരാഭവർണ്ണാ-

സാജീഫാഹരിതിസുസംസ്ഥിതകേശാനോ"

അതായതു രക്തായെന്നു പേരോടുകൂടിയ യാതൊരു ജിഹ്വയുണ്ടോ അതു, തരുണദിവാകരൻെറ പ്രഭപോലിരിക്കുന്നതായി സാരസമുച്ചയം പഠിച്ചിരിക്കുന്നു. ഇത്രയും പറഞ്ഞതിൽനിന്നും ബാലാക്ദ്യുതിവെച്ചുകൊണ്ടു സ്വർണ്ണവർണ്ണം വ്യാഖ്യാനിക്കുന്നതു പ്രമാണങ്ങൾക്കു പ്രതികൂലമാണെന്നും ശാസ്ത്രവിധികൾക്കു വിപരീതമാണെന്നും വെളിപ്പെടുന്നു. അരുണകാന്തിയെ വർണ്ണിക്കുന്ന ഏതാനും പദ്യപാദങ്ങൾ പരിശോധിച്ചാലും സ്വർണ്ണവർണ്ണം ഘടിക്കുകയില്ലെന്നു പ്രകൃതത്തിൽ എടുത്തു പറഞ്ഞുകൊള്ളുന്നു.

"സിന്ദൂരാരുണകാന്തിമബ്ജവസതിം"

"രാജസംരാമം കുങ്കുമാരുണവിഗ്രഹം"

"അരുണാധരി"

എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ നോക്കുക. വേദഭാഷയിലെ 'അരുണ' ശബ്ദത്തിൻെറ അത്ഥവും, ചുവപ്പു നിറത്തെ പരാമർശിക്കുന്നതാണ്. ഇതിനാൽ ഈ വിചാരത്തിൻെറ ഫലമായി മാനസോല്ലാസകത്താവിനെ ശരണീകരിച്ചതു് അസ്ഥാനത്താണെന്നു സുസ്ഥാപിതമായെന്നു വിചാരിക്കട്ടെയോ?

൨. ശ്രീമാൻ നാരായണപിള്ളയുടെ രണ്ടാമത്തെ ത്രിയുക്തിസ്തംഭം ശ്രീമത് ശങ്കരാചാര്യവിരചിതമായ "ത്രി

പുരസുന്ദരീ മാനസികോപചാര പൂജാസ്തോത്ര"മാകുന്ന കീർത്തനദ്വയത്തിൽ നാട്ടിനിർത്തിയിരിക്കുന്നു. ഇതാണു സ്തോത്രം.

"ആരക്തശ്വേതപീനസ് പുരഗുരു
കുസുമൈശ്ചിത്രതാം പട്ടസൂത്രൈർ
ദേവസ്ത്രീഭി: പ്രയത്നാദഗുരുസ
മുദിതൈർദ്ധൂപിതാം ദിവ്യധൂപൈഃ
ഉദ്യദ്ഗന്ധാപുഷ്പന്ധയനിവഹ
സമാരബ്ധഝങ്കാരഗീതാം
ചഞ്ചൽകല്ഹാരമാലാം പരശിവ
രസിക! കണ്ഠപീഠേർപ്പയാമി"

ഈ കീർത്തനശ്ലോകത്തിൽ നിന്നുള്ള അനുമാനമാണു അദ്ദേഹത്തിന്റെ ലേഖനത്തിലെ ജീവനായി കരുതപ്പെടേണ്ടതു്. എന്തെന്നാൽ അദ്ദേഹം പറയുന്നു; "സ്വർണ്ണവർണ്ണത്തിൽ അതായതു പീതവർണ്ണത്തിൽ യാഥാർത്ഥമായോ സങ്കല്പസിദ്ധമായോ സൌഗന്ധികമുണ്ടു്. കല്ഹാരമാല ഭഗവതിയുടെ കണ്ഠഭാഗത്തു ചാർത്തുന്ന പൂജാവിധിയാണു ശ്ലോകത്തിലെ വിഷയം. കല്ഹാരമാലയെ ആരക്തങ്ങളും ശ്വേതങ്ങളും പീതങ്ങളുമായ പുഷ്പങ്ങളാലും, പട്ടസൂത്രങ്ങളാലും ചിത്രിതമാണു്- ആരക്ത ശ്വേതപീത കുസുമങ്ങൾ സൌഗന്ധികകുസുമങ്ങളാണെന്നും അല്ലെങ്കിൽ അവകൊണ്ടുണ്ടാകുന്ന മാല കല്ഹാരമാലയാകയില്ലെന്നും പറയേണ്ടതില്ലല്ലോ. അതുകൊണ്ടു പീതസൌഗന്ധികത്തിന്റെ കഥ സുപ്രതി

ഷ്ടിതമാകുന്നു." അഹോ വിചിത്രം! പൂജാവിധി വെ ച്ചും, കൊണ്ടു സ്വർണ്ണസൌഗന്ധികം പ്രതിഷ്ഠിക്കാൻ അ ദ്ദേഹം പെടുന്ന പാടു അനേകമ്പാർഹമായിരിക്കുന്നു! ഇ ത്തുകൊണ്ടുമായില്ല. അല്പം ഒരു സംശയം അദ്ദേഹത്തി നു പിന്നെയും കിടക്കുന്നു. നോക്കുക, വീണ്ടും പറയു ന്നു. "പീതാംബരനായ വിഷ്ണുവിനെ 'കനകസുചേലൻ' എന്നും വർണ്ണിക്കാറുള്ളതുകൊണ്ടു പീതവർണ്ണം സ്വർണ്ണവ ർണ്ണമെന്നും വരുന്നു" പോലും!

അദ്ദേഹം ഇത്ര ക്ലേശം സഹിച്ചു കാര്യകാരണങ്ങളെ സംയോജിപ്പിച്ചു തിരിച്ചും മറിച്ചും, മറിച്ചും തിരിച്ചും പ്രതിപാദിച്ചു പ്രതിഷ്ഠിച്ചിട്ടുള്ള സ്വർണ്ണസൌഗന്ധിക ത്തെ വേരോടെ പറിച്ചുകളയേണ്ടിവരുന്നതിൽ എനി ക്കു വൈമനസ്യമുണ്ട്. എങ്കിലും ജഗദ്ഗുരു എന്റെ ദൃഷ്ടികളെ ഉന്മീലനം ചെയ്യണമെന്നുള്ള അദ്ദേഹത്തി ന്റെ പ്രാർത്ഥന ഫലിക്കുകയാൽ ഏതദ്വ്യവസായ ത്തിൽ പ്രവർത്തിക്കുവാൻ ഞാൻ പ്രാപ്തനായിരിക്കുവെ ന്നു പറഞ്ഞുകൊള്ളട്ടെ. പ്രാരംഭമായി ജഗദ്ഗുരുവി ന്റെ കീർത്തനത്തെ ആശ്രയിച്ചിട്ടുള്ള അദ്ദേഹത്തിന്റെ സിദ്ധാന്തഗതി ഒന്നുകൂടി സംഗ്രഹിക്കേണ്ടിയിരിക്കുന്നു. "സ്വർണ്ണവർണ്ണം അതായതു പീതവർണ്ണം; സൌഗന്ധികം യഥാർത്ഥത്തിൽ അല്ലെങ്കിൽ സങ്കല്പസിദ്ധം; പ്രമാണം ഒരു കീർത്തനശ്ലോകം; വിഷയം പൂജാവിധി; കീർത്തന ത്തിലെ കല്ഹാരമാല ആരക്തങ്ങളും ശ്വേതങ്ങളും പീതങ്ങളും; ഈ ആരക്തശ്വേതപീതകുസുമങ്ങൾ സൌ ഗന്ധികകുസുമങ്ങളാണ്; കല്ഹാരമാല സൌഗന്ധി

കമാലയാണ്; അതിനാൽ പീതസൌഗന്ധികം സുപ്ര തിഷ്ഠിതമാണ്; പീതാംബരനെകനകസുചേലൻ എ ന്നും പറയും; അതുകൊണ്ടു പീതം കനകനിറം; പീത കല്ഹാരം കനകസൌഗന്ധികം, കനകം=കല്യാണം— നമ്പ്യാരുടെ കല്യാണസൌഗന്ധികം!

ഈ വാദപ്രവാഹം വെൽവുതാകാ! എന്നു പ്രാ ൎത്ഥിക്കുവാൻ തോന്നിപ്പോകുന്നു. ഈ വാദപ്രവാഹ ത്തിൽ ഞാൻ ഒരു പൊങ്ങുതടിയായി പരിണമിക്കുക യല്ലല്ലീനല്ലതു എന്നും സംശയിക്കാതില്ല. എങ്കിലും ഉറച്ച പറക്കെട്ടുകൾ ഈ പ്രവാഹത്തിൽ സ്വച്ഛന്ദം ഗ മിക്കുന്നതിന് ബാധമായിരിക്കുന്നു. ഈ ഭാഗം അല്പം വിവരിക്കാം.

ആരക്ത ശ്വേതപീതകുസുമങ്ങൾ ആരക്തങ്ങളും ശ്വേതപീതങ്ങളുമായ കുസുമങ്ങൾ എന്നിങ്ങനെ വ്യാ ഖ്യാനിക്കേണ്ടതാണെന്നു ജഗദ്ഗുരു എന്നെ ഉൽബോ ധിപ്പിക്കുന്നു. ആരക്തമായ കുസുമം ഈഷൽ ചുവപ്പുള്ള (Reddish) വെളുത്ത കല്ഹാരമാണ്. ആപാണ്ഡുരം, ആനീലം, ആരക്തം മുതലായ പദങ്ങൾ നിഘണ്ടുകാ രന്മാരുടെയും, വ്യാഖ്യാതാക്കളുടെയും മതമനുസരിച്ചു ഈഷൽ വെളുപ്പുള്ള, ഈഷൽ നീലിമയുള്ള, ഈഷൽ രക്തിമയുള്ള എന്നിങ്ങനെ യഥാക്രമം വസ്തുവണ്ണത്തെ പരാമർശിക്കുന്നു. പ്രസ്തുതമായ ആരക്തകല്ഹാരകുസു മമാകട്ടെ വെളുപ്പും അല്പം ചുവപ്പുംകൂടി കലന്ന ചെങ്ങ ഴിനീർപൂവാണെന്നു തമിഴവ്യാഖ്യാതാക്കളുടെ മതം, ആ

ചാൎയ്യസ്വാമികൾ സ്വീകരിച്ചതു എത്ര സംഗതമായിരിക്കുന്നു. ഇപ്രകാരമുള്ള വെളുത്ത കല്ഹാരകുസുമങ്ങളും, ശ്വേതപീതങ്ങളായ കല്ഹാരകുസുമങ്ങളും കൊണ്ടാണു ഭഗവതിയുടെ മാല ചിത്രതമായിട്ടുള്ളതു്. ശ്വേതപീതമെന്നാൽ കടുംചുവപ്പുതന്നെ. ഹല്ലക, രക്തസന്ധ്യകങ്ങളുടെനിറം. അതായതു തമിഴവ്യാഖ്യാനപ്രകാരം ശരിയായ ചെങ്ങഴിനീർപൂവ്. ശ്വേതപീതം കടുംചുവപ്പാകുന്നതു നിറങ്ങളുടെ സംയോഗശക്തികൊണ്ടാണു്. ശ്വേതം=വെളുപ്പു; പീതം=മഞ്ഞ. (ചുണ്ണാമ്പും മഞ്ഞളും യഥാവിധി ചേരുമ്പോൾ സംയോഗശക്തികൊണ്ടുവരുന്ന അന്യവർണ്ണം—ചുവപ്പുനിറം) സംശയമുണ്ടെങ്കിൽ പീതനീലമെന്ന മററൊരു പ്രയോഗം നോക്കുക. പച്ചനിറം എന്നാണു അൎത്ഥം. ശ്വേതരക്തം റോസിന്റെ നിറമാണു്. ഇംഗ്ലീഷിൽ Pink എന്നു പറയുന്ന നിറമാണ്. ഇതിൽ നിന്നെല്ലാം നാം മനസ്സിലാക്കുന്നതെന്തു്? സംയോഗവൈഭവത്താൽ നിറത്തിന്റെ സ്പഷ്ടവ്യത്യാസം വരുന്നിടത്തു്, ശ്വേതപീതം, പീതനീലം എന്നിങ്ങനെ സംയോജിക്കുന്ന വർണ്ണങ്ങളെ പരാമർശിക്കുന്ന പദങ്ങൾകൊണ്ടു് വർണ്ണനിർദ്ദേശംചെയ്യുന്നു എന്നു്. ഈ ചർച്ചയിൽനിന്നും ശങ്കരാചാൎയ്യസ്വാമി കേവലം ഒരു സ്തോത്രത്തിൽക്കൂടി പ്രമാണവിരുദ്ധമായി ഒന്നും പ്രയോഗിച്ചിട്ടില്ലെന്നു സിദ്ധിക്കുന്നു. മി. നാരായണപിള്ള വ്യാഖ്യാനബലാൽക്കാരത്തെ അഭയംപ്രാപിച്ചു പീതസൌഗന്ധികത്തെ പ്രതിഷ്ഠിക്കുന്നതിന്റെ കാൎയ്യമെന്തു്?

സൌഗന്ധിക, കല്ഹാരശബ്ദങ്ങൾക്ക് അൎത്ഥം പറയുമ്പോൾ കോശകാരന്മാരും വ്യാഖ്യാതാക്കളും ഭിന്നിച്ചുകാണുന്നുണ്ടു്. എന്നാൽ ഇവർ ആരും തന്നെ പീതനിറത്തിൽ സൌഗന്ധികമുണ്ടെന്നു വാദിച്ചിട്ടില്ല. ഈ ഭാഗവും ജിജ്ഞാസുക്കളെ ഉദ്ദേശിച്ചു അല്പം വിവരിക്കാം.

സൌഗന്ധികം, കല്ഹാരം, ഹല്ലകം, രക്തസന്ധ്യകം, ഉല്പലം, കുവലയം ഈ ആറുശബ്ദങ്ങളും ചെങ്ങഴിനീർപൂവിന്റെ പേരായി "ബാലപ്രിയ" രേഖപ്പെടുത്തുന്നു. എന്നാൽ 'ഉല്പല, കുവലയ' ശബ്ദങ്ങൾ താമര, ആമ്പൽ മുതലായവയുടെ സാമാന്യമായ പേർ എന്നാണു് രാമാശ്രമിയുടെ മതം. രഭസൻ പറയുന്നതു 'ഉല്പലം' ഇന്ദീവരത്തിന്റെ പൎയ്യായമെന്നു്. ഇന്ദീവരത്തിന്റെ പൎയ്യായം 'കുവലയം' എന്നു് നാമമാല രേഖപ്പെടുന്നു. ഇങ്ങനെ ഈ വിഷയത്തിൽ ഉൽപലശബ്ദം യോഗശക്ത്യാ പത്മവാചിയായിത്തീൎന്നു എന്നും മററും അഭിപ്രായങ്ങൾ പലതുണ്ടായിട്ടുണ്ടെങ്കിലും ഒരു പ്രാമാണികഗ്രന്ഥത്തിലെങ്കിലും [ഞാൻ നോക്കിയിട്ടുള്ളവ] മഞ്ഞനിറത്തിൽ കല്ഹാരമുള്ളതായി പ്രസ്താവിച്ചു കണ്ടിട്ടില്ല. എന്നല്ല സൌഗന്ധികം ചെങ്ങഴിനീർപൂവും, "ശാലൂകമേഷാം കന്ദഃസ്യാൽ" എന്ന വചനപ്രകാരം സൌഗന്ധികാദികളുടെ കിഴങ്ങിനു 'ശാലൂകം' എന്നു പേരുള്ളതും ആണു്. എന്നു കാണുന്നതുകൊണ്ടു അതിനു ലൌകികസംബന്ധം വ്യക്തമാണു്. അതുകൊണ്ടു തന്നെയാണു വ്യാസഭഗവാൻ കുബേരപുരിയിലെ സങ്കല്പസൌഗന്ധികത്തെ ദിവ്യസൌഗന്ധികമായി ധ്യാനിച്ചതും.

ശ്രീമാൻ നാരായണപിള്ളയുടെ പീതസൌഗന്ധികം നമ്മുടെ ധ്യാനത്തിനുമാത്രം വിഷയമാക്കിയാൽ മതിയെന്നാണു് ഞാൻ ഇപ്പോഴും തീൎത്തുപറയുന്നതു്.

ഇതിനെല്ലാററിനും പുറമെ, 'പീത'ത്തെ ഒന്നിൽ കൂടുതൽ ഏടാകൂടങ്ങൾ ചുററിപ്പിണഞ്ഞു വിവർണ്ണമാക്കുന്നുണ്ടു്. എന്തെന്നാൽ മഞ്ഞ എന്നു മാത്രമല്ല 'പീത' ശബ്ദത്തിനു് അർത്ഥം വരുന്നതു്. ഞാനും ഒരു കീർത്തനഭാഗം ഉദ്ധരിച്ചുകൊള്ളട്ടെ

"ഹേതിഹാസം ചാന്ദ്രമെന്ദ്രം ചൂതബാണം........
ശ്വേതഫാലം ധൂതകൂലം പീതകാകോളം

ഇവിടെ പീതത്തിനു എന്തു അർത്ഥം പറയുമോ എന്തോ? 'പീതം പാനേഹരിദ്രായാം' തുടങ്ങിയ പ്രമാണത്തെ ശരണീകരിക്കേണ്ടിവരുന്നില്ലേ?

'മഞ്ഞവർണ്ണം' സ്വർണ്ണവർണ്ണമായിട്ടു പറയുന്നതും അത്രയേറെ സമഞ്ജസമാണെന്നു പറയാവുന്നതല്ല. കദ്രുപിംഗളാദിശബ്ദങ്ങൾ സ്വർണ്ണനിറത്തെ പരാമർശിക്കുന്നതിനു വേറെയുമുണ്ടല്ലോ. മഞ്ഞളിന്റെ നിറം സ്വർണ്ണത്തിനുണ്ടെന്നു പറയുക അസുന്ദരമായി തോന്നിയതുകൊണ്ടാണല്ലോ പീതാംബരനു കനകസുചേലൻ എന്നുകൂടിയുള്ള ഒരു പ്രയോഗം മി. നാരായണപിള്ള അല്പം വൈമനസ്യത്തോടുകൂടി ചൂണ്ടിക്കാണിക്കുന്നതു്.

ഇനിയും സ്വർണ്ണവർണ്ണത്തിനു തന്നെ സന്ദർഭാനുസാരംമാത്രമേ ശ്രേഷ്ഠതയുമുള്ളു എന്നതിനെക്കുറിച്ചും രണ്ടുവാക്കു പറയാം. രുദ്രാക്ഷവിവരണത്തിൽ വെള്ളനിറമുള്ള രുദ്രാക്ഷം ബ്രാഹ്മണജാതിയും അതു അതിശ്രേഷ്ഠമായിട്ടുള്ളതും ജപമാലക്കു് അത്യുത്തമവും ജപിക്കു് അത്യധികം മംഗളത്തെ ഉണ്ടാക്കുന്നതും ആണത്രെ. രക്തവർണ്ണമുള്ള രുദ്രാക്ഷം ക്ഷത്രിയജാതിയും സ്വർണ്ണവർണമുള്ളതു വൈശ്യജാതിയും കൃഷ്ണവർണ്ണമുള്ളതു് ശൂദ്രജാതിയും ആയിട്ടുതിരിച്ചിരിക്കുന്നു. മഞ്ഞൾകൊണ്ടുള്ളമാല, സ്ത്രീവശ്യാർത്ഥം വിധിച്ചിട്ടുള്ളതാണു്. (മേരുതന്ത്രം)

മി. നാരായണപിള്ള അദ്ദേഹത്തിന്റെ ലേഖനത്തിൽ പല സന്ദർഭങ്ങളിലായി എന്റെ "വർണ്ണഭ്രമ"ത്തെ അപലപിക്കുന്നുണ്ട്. അതിനാൽ രണ്ടു മൂന്നു വാചകങ്ങൾകൂടി വർണ്ണവിചാരത്തിലേക്ക വിനിയോഗിച്ചുകൊള്ളുന്നു. പ്രാചീനാചാര്യന്മാർ സങ്കല്പസിദ്ധങ്ങളും, യഥാർത്ഥങ്ങളും ആയ പലതിലും വർണ്ണവ്യവസ്ഥ ചെയ്തുകാണുന്നുണ്ട്. വൃക്ഷലതാദികളുടെയും കുസുമങ്ങളുടെയും കാര്യത്തിൽ അവർ പ്രത്യേകം ശ്രദ്ധിച്ചിട്ടുമുണ്ട്. നോക്കുക; സ്വർണ്ണനിറത്തെ അടിസ്ഥാനപ്പെടുത്തിവന്നിരിക്കുന്ന പേരുകൾ 'സുവർണ്ണക:= സ്വർണ്ണനിറമായ പുഷ്പങ്ങളുള്ളതു് (കൊന്ന) ഹേമപുഷ്പികാ= മഞ്ഞക്കുറിഞ്ഞി. സ്വർണ്ണയൂഥിയുടെ പര്യായങ്ങൾ:- സുവർണ്ണാഹ്വാ, ഹേമയൂഥികാ, കനകപ്രഭാ.

സുവർണ്ണകേതകിയുടെ പര്യായങ്ങൾ

"സ്വർണ്ണാദികേതകീതു ന്യാജ്ഞേയാ സാഹേമകേതകീ കനകപ്രസവാപുഷ്പീ ഹൈമി....സ്വർണ്ണപുഷ്പി" etc

കേതകീകുസുമത്തെപ്പററി എന്തു പറയുന്നു?

കേതകീകുസുമം വർണ്ണ്യം
കേശദൌർഗന്ധ്യനാശനം
ഹേമാഭം മദനോന്മാദ-
വർദ്ധനം സൌഖ്യകാരിച"

ഉമ്മത്തു പര്യായങ്ങൾ:—ജ്യോതിഷ്മതീ, സ്വർണ്ണലതാ, അനലപ്രഭാ, സുപിംഗളാ, കനകാഹ്വായ etc സ്വർണ്ണനിറമായ പൂവുള്ള ഉമ്മത്ത് കുടജാദ്രിയുടെ മുകളിൽ നിൽപ്പുള്ളതായി അറിവുണ്ടുപോലും.

സ്വർണ്ണത്തിന്റെ പര്യായങ്ങളെല്ലാം നാഗമരത്തിന്റെയും (പൂവിന്റെയും) പര്യായങ്ങളാണ്. ഇത്തരം ഭാഗങ്ങൾ ശ്രീമാൻ നാരായണപിള്ള കണ്ടിട്ടില്ലെന്നു

എങ്ങിനെ വിശ്വസിക്കും? കണ്ടിട്ടുണ്ടായിരുന്നെങ്കിൽ 'പീതകല്ഹാരം' വച്ചുകൊണ്ടു സ്വർണ്ണസൌഗന്ധികത്തെ പ്രതിഷ്ഠിക്കുമെന്നെങ്ങിനെ വിശ്വസിക്കും?

വർണ്ണസംബന്ധിയായ ആചാര്യാനുശാസനം വിസ്തരഭയംകൊണ്ടു അധികം ചേർക്കണമെന്നു വിചാരിക്കുന്നില്ല. എങ്കിലും ഒന്നു രണ്ടു് ഉദാഹരണങ്ങൾകൂടി കാണിക്കുന്നു.

ക. "അസിത സിതപീതലോഹിത പുഷ്പവിശേഷാച്ചതുർവ്വിധോ ബന്ധൂകഃ" (ഉച്ചമലരി)

ഖ. "പീതോരക്തോഥനീലശ്ച കുസുമൈസ്തംവിഭാവയേൽ; പീതഃ കുരണ്ടകോജ്ഞേയോരക്തകുരവകഃ സ്മൃതഃ നീല, ആർത്തഗളോദാസി......." (രാമശ്രമി)

ഗ. സിതപീത നീലമേചകനാമ്നഃ കുസുമേന യൂഥികാ കഥികാ" (മദനപാലൻ)

ഇങ്ങനെയുള്ള പ്രസ്താവങ്ങളിൽനിന്നും പീതവർണ്ണമായ സൌഗന്ധികപ്പൂവു് 'ഖ്യാത'മായിരുന്നുവെങ്കിൽ ആചാര്യന്മാർ അപ്രകാരം രേഖപ്പെടുത്തുമായിരുന്നുവെന്നു നിർണ്ണയിക്കേണ്ടിയിരിക്കുന്നു. അതല്ലാ സങ്കല്പസൃഷ്ടമാണെങ്കിൽ, ദിഗ്ഗജങ്ങളുടെ ഭാര്യമാരുടെ വർണ്ണവ്യവസ്ഥകൂടി ചെയ്തുവെച്ചിട്ടുള്ള നമ്മുടെ ആചാര്യന്മാർ സൌഗന്ധികത്തിന്റെ പീതവർണ്ണവിഷയത്തിൽ മാത്രം മൌനം അവലംബിച്ചതായി വിചാരിക്കുന്നതു വല്ലരെ 'പ്രാകൃത'മായിരിക്കുന്നില്ലയോ? അവർ പീതവർണ്ണത്തിലുള്ള പല പല കുസുമങ്ങളെയും പ്രത്യേകം, പ്രത്യേകം പരിഗണിച്ചിട്ടുമുണ്ടല്ലോ. "പീത"നിറത്തിൽ പൂക്കളുള്ള പ്ലാശിനെ വേർതിരിച്ചിട്ടുണ്ടു്. സ്വരസംകൊണ്ടു വസ്ത്രാദികളെ മഞ്ഞ നിറമാക്കി ചെയ്യുന്നതുകൊണ്ടു "പീതന" എന്നു അമ്പഴത്തിനു പേരുകൊടുത്തിട്ടുണ്ടു്. അതിനാൽ പീതവർണ്ണം സൌഗന്ധിക

അതിനുണ്ടായിരുന്നെങ്കിൽ അവർ അതും പറയുമായിരുന്നു. കാകോളിയും ക്ഷീരകാകോളിയും ഹിമവൽപാർശ്വത്തിലുള്ള തപോവനം എന്ന പ്രദേശത്തു കിട്ടുമെന്നും "സ്വർണ്ണഭൃംഗാരം" എന്നു പേരായി മഞ്ഞനിറത്തിൽ, വളരെ പ്രാഭവമുള്ള ഒരു കൈയ്യുന്ന്യം ദുർല്ലഭമാണെങ്കിലും അലഭ്യമല്ലെന്നും മററും ഇവർ പ്രസ്താവിച്ചുകാണുന്ന സ്ഥിതിക്കു "ശ്വേതപീതകല്ഹാരം" എന്നു് ആ കീർത്തനത്തിൽ കാണുന്നതു് "വാമോരു സ്തംഭശായാ: കനതലവിലസൽ ചാരുരക്തോൽപലായാ:", "രക്താബ്ജയുഗ്മാഭയദാനഹസ്തം", തുടങ്ങിയ ധ്യാനകീർത്തനങ്ങളിൽ പ്രവേശിപ്പിച്ചിട്ടുള്ള രക്തോൽപലമായിട്ടും രക്താബ്ജമായിട്ടും എടുക്കുന്നതുതന്നെയാണു്, ടി കാവ്യസ്വഭാവമനുസരിച്ചു യുക്തമായി തോന്നുന്നതു്. ഉൽപലം സൌഗന്ധികത്തിന്റെ പര്യായമായി തമിഴ് വ്യാഖ്യാതാക്കൾ കാണിച്ചിട്ടുമുണ്ടല്ലൊ.

൯. ശ്രീശങ്കരാചാര്യസ്വാമിയുടെ മറെറാരു കീർത്തനമായ സൌന്ദര്യലഹരി ശ്ലോകത്തിലെ 'തുടക്ക'മാണു് പിന്നീടദ്ദേഹം ആശ്രയിക്കുന്ന പ്രമാണം. ഇപ്പാടെ,

"കരീന്ദ്രാണാം ശുണ്ഡാൻ കനകകദളീകാണ്ഡപട
ലീം"

എന്ന വരി ഉദ്ധരിച്ചിട്ടു്, കനകകദളിക്കു 'കനകനിറ'മായ കദളി എന്നാണർത്ഥം എന്നു് പഠിപ്പിക്കുന്നു. ഒരു ശ്ലോകം ഉദ്ധരിച്ച സ്ഥിതിക്കു 'കല്യാണകദളി' എന്ന പ്രയോഗം കാണിച്ചു്, കല്യാണവർണ്ണത്തെ സമർത്ഥിക്കുന്ന വല്ല മുറിക്കീർത്തനങ്ങളും തപ്പി എടുക്കേണ്ടതായിരുന്നു. അതിനാൽ ഈ പ്രമാണം കീർത്തനങ്ങളുമായുള്ള പരിചയത്തെ വെളിപ്പെടുത്തുന്നതിനു മാത്രമേ ഉപകരിക്കുന്നുള്ളൂ. പ്രകൃതത്തിൽ ത്യാജ്യമാണു്.

൪. 'വിഷ്ണുപാദാദികേശസ്തവം' ഇതിൽനിന്നു് "കാഞ്ചീസാ കാഞ്ചനാഭാ മണിവരകിരണൈരുല്ലസന്തി പ്രദീപ്താ" എന്ന ഭാഗം പകൎത്തിയിട്ടു് ഇവിടെ കാഞ്ചനാഭം സ്വൎണ്ണവൎണ്ണമാണെന്നു പറയുന്നു. വിഷ്ണുവിന്റെ കാഞ്ചി സ്വൎണ്ണനിറം മാത്രമല്ലാതെന്തോ, "സ്വൎണ്ണനിൎമ്മിതം എന്നോ അൎത്ഥം? സ്വൎണ്ണനിൎമ്മിതമായ സ്ഥിതിക്കു്, പാഞ്ചാലിയുടെ 'കാഞ്ചനാഭ' സ്വൎണ്ണക്കട്ടകൊണ്ടു് തട്ടിയുണ്ടാക്കിയ പൂമാല കല്പിക്കേണ്ടിവരുന്നില്ലേ? അതങ്ങനെ ആണെന്നു് അദ്ദേഹം പറയുമെന്നും തോന്നുന്നില്ല. അതിനാൽ ഈ ഉദാഹരണം പ്രകൃതോപയോഗിയല്ല. കാഞ്ചനത്തിനു് സ്വൎണ്ണമന്നൎത്ഥമുണ്ടെന്നു കാണിക്കാനായിരുന്നു പ്രയത്നമെങ്കിൽ ഇത്ര വിഷമിക്കേണ്ടിയിരുന്നോ? നമ്പിയാരുടെ പ്രയോഗങ്ങൾ ഒരു 'മെങ്ങാടം നിറച്ചു'' ഞാൻ തന്നിരുന്നതിൽനിന്നും ഒരെണ്ണം ഊരിയെടുത്താൽ മതിയാകുമായിരുന്നു. കല്യാണസൗഗന്ധികത്തിലെ കല്യാണപദവിചാരണയിൽനിന്നും അദ്ദേഹം കാലുതെററിയിട്ടു്, വീണ വീഴ്ച വിഷ്ണുസ്തോത്രരത്നാകരത്തിലാണു്. ഒരു നിസ്സാരകാൎയ്യം— കാഞ്ചനത്തിനു് അൎത്ഥം സ്വൎണ്ണമെന്നു പറയാൻ—സാധിക്കാൻ കാവ്യത്വം തൊട്ടുതെറിച്ചിട്ടില്ലാത്ത സ്തോത്രങ്ങൾ എടുത്തിട്ടു്, ഉദ്ദേശത്തിനു നേരെ വിപരീതമായ അൎത്ഥത്തിൽകൊണ്ടു മുട്ടിക്കുന്നതെന്തിനു്? "രത്നം സമാഗച്ഛതു കാഞ്ചനേന" എന്ന കാവ്യപ്രയോഗം അദ്ദേഹത്തിന്റെ ഓൎമ്മയിൽ പെടാഞ്ഞതെന്തു് എന്നു് ഞാൻ വിസ്മയിക്കുന്നു!

൫. നൈഷധം, കീൎത്തനശ്ലോകപാഠങ്ങൾകൊണ്ടു് തൃപ്തി കൈവരാതെ, അദ്ദേഹം 'നൈഷധ'ത്തിലെ നാലുവരികൾ പകൎത്തി, കാഞ്ചനത്തിനൎത്ഥം സ്വൎണ്ണവൎണ്ണമാണെന്നു പറയുന്നു. പക്ഷെ, ഇവിടെയും കാഞ്ച

ന്ന അനൌചിത്യം ഒരലങ്കാരംപോലെ എണ്ണത്തക്കടയുന്നു-ണ്ടെന്നോക്കുക; ഇതാണു് ശ്ലോകം:—

"തദാതദംഗസ്യ ബിഭർത്തി വിഭ്രമം
വിലേപനാമോദമുചഃ സ്മരദ്രുഹഃ
ദരസ്ഫുരത് കാഞ്ചനകേതകീദളാൽ
സുവർണ്ണമഭ്യേത്യതിസൌരഭം യദി"

"ഇവിടെ കാഞ്ചനകേതകിക്കു് സ്വർണ്ണവർണ്ണമായ കേതകി എന്നാണർത്ഥം" എന്നദ്ദേഹം പറഞ്ഞുതരുന്നു. സ്വർണ്ണകേതകിയുടെ പര്യായങ്ങൾ സുവിദിതമായിരിക്കെ 'കാഞ്ചന' എന്ന പ്രസ്തുത പ്രയോഗം കൂടാതെ സ്ഫുരത് എന്ന പ്രയോഗംകൊണ്ടു് അർത്ഥം സൂചിപ്പിച്ചിരുന്നെങ്കിൽ നൈഷധത്തിലെ പ്രസ്തുത ശ്ലോകത്തിലെ കാവ്യരസം ദ്വിഗുണീഭവിക്കുമായിരുന്നു. സ്ഫുരത് = സ്ഫുരിക്കുന്നതു്. സ്ഫുരിക്കുന്ന വർണ്ണംകേതകിയ്ക്കുണ്ടെങ്കിൽ അതു സ്വർണ്ണവർണ്ണമാണെന്നു പ്രതീതി പൊടുന്നനവെ ഉൽഭൂതമാകുന്നു. കവികളുടെ പ്രയോഗങ്ങൾ നോക്കുക:—

ഏ. "ഹാരകുണ്ഡലമഹാമൌലിം സ്ഫുരത്കങ്കണം"

ബി. "പുരന്ധ്രിമുഖ്യാമവൾതാൻ ധരിക്കും
സ്ഫുരത്പ്രഭാ ഭാസുരകങ്കണത്തെ" ഇത്യാദി

നോക്കുമ്പോൾ, വിഷ്ണുസ്തോത്രത്തിലും നൈഷധകാവ്യത്തിലും യഥാക്രമം പ്രദീപ്ത, സ്ഫുരത്, എന്നീ പദങ്ങളുടെ സാന്നിധ്യമാത്രത്താൽ പ്രത്യേകം സ്വർണ്ണപര്യായം പറയാതെതന്നെ, സ്വർണ്ണവർണ്ണം പ്രതീയമാനമാവുന്നതുപോലെ, നമ്പ്യാരുടെ കാഞ്ചനപുഷ്പത്തിലോ, പൊൻപൂപ്രയോഗത്തിലോ സ്വർണ്ണവർണ്ണസൂചകമായ വല്ല ശബ്ദവുമുണ്ടോ എന്നു് മി. നാരായണപിള്ള ചിന്തിച്ചില്ലല്ലോ. തങ്കപ്പൻ, പൊന്നമ്പലം

പിള്ള ( with apologies to the persons concerned) ളുവക്ക് സ്വർണ്ണനിറമുണ്ടെന്നു് അദ്ദേഹത്തിനു വാദമുണ്ടെങ്കിലേ, നമ്പ്യാരുടെ കാഞ്ചനപുഷ്പത്തിലും പൊൻപൂവിലും സ്വർണ്ണനിറം സ്ഥാപിക്കാൻ സാധിക്കൂ എന്നു് ഇനിയെങ്കിലും അദ്ദേഹം ധരിക്കേണ്ടതാണു്.

ഏതെങ്കിലും കാഞ്ചനത്തിനു് സ്വർണ്ണമെന്നാണർത്ഥം എന്നു് പഠിപ്പിക്കാൻ അദ്ദേഹം രണ്ടു പ്രയോഗങ്ങൾ കാണിച്ചു. അതിന്റെ ഫലം നമ്പ്യാരുടെ കാഞ്ചനപുഷ്പം, പൊൻപൂ ഇത്യാദി മാത്രം വെച്ചുകൊണ്ടു് സ്വർണ്ണവർണ്ണമെന്നർത്ഥം പറയാൻ പാടില്ലെന്നുള്ളതിനു് ഉപകരിക്കുകയും ചെയ്തു.

ഇനിയും 'കാഞ്ചനാഭം' 'എന്നു് പാഞ്ചാലി' എന്നാണെങ്കിൽ അതിനു് ഒന്നാന്തരം ഒരു സമാധാനമുണ്ടു്. കാഞ്ചനത്തിന്റെ ആഭപോലെയുള്ള ആഭയോടുകൂടിയതു് എന്നല്ലേ ഇതിനർത്ഥം. ഇതു് കാഞ്ചനത്തിന്റെ സാക്ഷാത്തായ ആഭയിൽനിന്നും വ്യത്യസ്തമല്ലേ?

ഫ. ഉദ്യൽകോടിദിവാകരാഭമനിശം ശംഖംഗദാ
പങ്കജം"

ബ. "ദോർഭിർബ്ബിഭ്രതമഞ്ചിതത്രിനയനം
രക്താഭാംഗനിം"

എന്നിങ്ങനെയുള്ള ആഭപ്രയോഗങ്ങളിലെല്ലാം, ആതാത്തിന്റെ നിറം വിശേഷ്യവസ്തുവിനുണ്ടെന്നു് വല്ലവരും പറയുമോ? അതുകൊണ്ടു് 'കാഞ്ചനാഭം' സ്വർണ്ണവർണ്ണനിർണ്ണയത്തിനു് ഉപകരിക്കുകയില്ലെന്നു സ്പഷ്ടം.

൩-൦, ൧-൦, കുമാരസംഭവത്തിൽ 'ഹൈമാംഭോരുഹ എന്നും മേഘസന്ദേശത്തിൽ "ഹൈമൈശ് ഛന്നാ വികചകമലൈഃ" എന്നും പറഞ്ഞിരിക്കുന്നതു പ്രമാണമാക്കി പൊൻതാമരയുണ്ടെന്നു് അദ്ദേഹം വാദിക്കുന്ന ഭാഗമാകു

AYAM PUBLIC LI

നു. ഇതു വെറും വ്യാമോഹമാണു; വാദമല്ല. എന്തെന്നാൽ ഇത്തരം കണ്ണുകൾകൊണ്ടു് നോക്കിയാൽ "ഹേമകുംഭോത്തുംഗവക്ഷോജത്തെ സ്പർശിക്കുമ്പോഴുള്ള അനുഭവം എന്തു്? കവികളുടെ ആഹ്ലാദകരങ്ങളായ കല്പനകളെ ആധാരമാക്കി, [illegible] ആരാധിക്കരുതെന്നു ഞാൻ പിന്നെയും പിന്നെയും പറഞ്ഞുകൊള്ളുന്നു.

## II

കല്യാണപദത്തിനു് സപർണ്ണാർത്ഥത്തിൽ പ്രയോഗങ്ങൾ കാണിക്കാൻ ഞാൻ, എന്റെ മുൻലേഖനത്തിൽ ആവശ്യപ്പെട്ടിരുന്നതു് പരമാർത്ഥമാണു്. പക്ഷേ, സന്ദർഭംകൊണ്ടു് നമ്പ്യാരുടെ തന്നെ പ്രയോഗമാണു് ആവശ്യപ്പെട്ടിരുന്നതു് എന്നു് ആർക്കും ഗ്രഹിക്കാവുന്നതുമായിരുന്നു. ഏതെങ്കിലും ആരുടെയെങ്കിലും ആകട്ടെ, അദ്ദേഹത്തിനു് എത്രകുറച്ചു് കാവ്യോദാഹരണങ്ങളാണു് കടഞ്ഞിടാൻ സാധിക്കുന്നതു് എന്നു് ഇപ്പോൾ പ്രത്യക്ഷമായി. ഉദാഹരണങ്ങളോ ന്യൂനതകൾ നിറഞ്ഞതുമാണു്. എന്റെ ദൃഷ്ടിയിൽപെട്ട ഉദാഹരണങ്ങൾ, ശ്രീമന്നാരായണയോഗിയുടെ "കല്യാണവാദം" എന്ന തലക്കെട്ടിൽ സാഹിത്യവിനോദിനിയിൽ എഴുതിയിരുന്നതിനു ബദലായി, ഞാൻ അദ്ദേഹത്തിനൊന്നു് കൊടുത്തിട്ടുള്ളതിൽ ചേർത്തിട്ടുണ്ടു്. അച്ചടിച്ച ഒരു പ്രതി വളരെ മുമ്പുതന്നെ മി: നാരായണപിള്ളയ്ക്കു് അയച്ചുകൊടുത്തിരുന്നു. ഈ വിചാരം നിൽത്തിവിട്ടു്, മി. നാരായണപിള്ള ഇപ്പോൾ കൊണ്ടുവരുന്ന ഉദാഹരണങ്ങളിലെ ന്യൂനതകൾ വിചാരണയ്ക്കെടുക്കുന്നു.

അദ്ദേഹം, ഇപ്പോൾ രണ്ടു ശ്ലേഷശബളമായ ഉദാഹരണങ്ങളും (ഇതു് അദ്ദേഹവും സമ്മതിക്കുന്നു.) സപർണ്ണാർത്ഥത്തിൽ ഏതാണ്ടു് നിർദ്ദേശിക്കാവുന്ന ഒരൊററ ഉദാഹരണവും നൽകുന്നു. ശ്ലേഷശബളമായ രണ്ടുദാഹരണത്തിൽ ഒന്നു് ദോഷഗ്രസ്തമായ പ്രയോഗവും

രണ്ടാമത്തെ ഉദാഹരണം മംഗളാർത്ഥം മുഖ്യാർത്ഥമായിട്ടുള്ളതും ആകുന്നു. ഓരോന്നായി എടുക്കാം.

വ്വ "ശ്രീകൃഷ്ണവിലാസം കാവ്യത്തിലെ
"അസ്തി ശ്രിയഃ സത്മസു മേരുനാമാ

സമസ്തകല്യാണനിധിർഗ്ഗിരീന്ദ്രഃ" എന്ന പ്രഥമ ശ്ലോകത്തിലെ 'കല്യാണനിധി' എന്ന പദത്തിന് സ്വർണ്ണനിധി എന്നുകൂടി അർത്ഥമുണ്ടെന്ന് അദ്ദേഹം പറയുന്നു. ശരിതന്നെ. "കല്യാണാനാം:- കല്പവൃക്ഷകാമധേനുപ്രമുഖ-മംഗളപദാർത്ഥാനാം നിധിഃ നിധാനം അഥവാ, സമസ്താനാം സ്വർണ്ണാനാം നിധിഃ" ഈ ഒടുവിൽ പറഞ്ഞതാണ് മിസ്റ്റർ നാരായണപിള്ള ആശ്രയിക്കുന്നതു്. അതു പക്ഷാന്തരമായിട്ടുള്ള വ്യാഖ്യാനവുമാണ്. വ്യാഖ്യാതാവിനുതന്നെ സമ്മതമില്ലെന്നു തെളിയുകയും ചെയ്യുന്നു. നോക്കുക; ഉൽപ്രേക്ഷാവിധാനം കഴിഞ്ഞിട്ട് ഉപമാലങ്കാര ഏവ; തഥാഹി— ഇദംവിശ്വമന്തഃപ്രവിശ്യ; ബ്രഹ്മാണ്ഡകടാഹാന്തർഭ്രതം വൈകുണ്ഠലോകം സകലമാത്മനാധിതിഷ്ഠൻ വിഷ്ണുരിവേത്യുപമാനസ്യ ഉപമാവാചകസ്യ ച സമസ്താനാം സത്ത്വഗുണാത്മകപ്രപഞ്ചാനാം കല്യാണനിധി ശുഭാവഹനിധാനമിതി ശ്രീഃ ലക്ഷ്മ്യാഃ സത്മേതി ചശ്ലേഷവശാൽ സാധാരണധർമ്മസ്യ ചതുർണ്ണാം ഉപമാനോപമവാചകസാധാരണധർമ്മോപമേയാനാം ഉപാദാനാൽ പൂർണ്ണോപമേയം" ഇവിടെ ഒരു വാക്ക്. കല്യാണത്തിന് സ്വർണ്ണാർത്ഥം കാണിക്കണം എന്ന ശാഠ്യത്തിലാണ് മി. പി. കെ. ഇതു് ഉദ്ധരിക്കുന്നതു്. ഉദ്ധരിച്ചുകഴിഞ്ഞു്, പോന്നുമ്പു, അർത്ഥമെഴുതുവാൻ ഭാവിച്ചുതുടങ്ങിയപ്പോഴും സ്വർണ്ണനിധി എന്നുകൂടി അർത്ഥമുണ്ടാകാമെന്നു പറയാനേ സാധിക്കുന്നുള്ളൂ. ഈ കഷ്ടിപ്പിഷ്ടിയായ സ്വർണ്ണാർത്ഥംപോലും പ്രകൃതത്തിൽ അസംഗതമാണു്. സ

മസ്തംഎന്നതിന് നിശ്ശേഷം, ഒട്ടൊഴിയാതെ, എല്ലാ ക്കയാണർത്ഥം. ഒട്ടും അവശേഷിക്കാത്ത വിധം സമസ്തകല്യാണത്തിനും നിധിയാണ് 'സുമേരുവെ ങ്കിൽ സൌഭാഗ്യസിദ്ധിയെ വിശേഷിപ്പിക്കുന്നതിനു ള്ള ശ്രീമാൻ നാരായണപിള്ളയുടെ 'കല്യാണമതി' ക്കുള്ള സ്വർണ്ണം എവിടെനിന്നു കിട്ടി എന്നു ചോദിക്കാൻ തോന്നിപ്പോകുന്നു. ഈ പ്രയോഗം സ്വർണ്ണാർത്ഥത്തിൽ എത്ര വിലക്ഷണമായിരിക്കുന്നു എന്നു നോക്കുക. വർണ്ണന സുമേരുപർവ്വതത്തെയാണ്. സു മേരു എന്നു കേൾക്കുമ്പോൾ തന്നെ 'മഹാമേരു' സ്വർണ്ണ മയമായ പർവ്വതമെന്ന് ആർക്കും പ്രതീതിയുണ്ടാകുന്നു. അ ങ്ങിനെയുള്ള സ്വർണ്ണപർവ്വതത്തിൽ ശ്രീ (സമ്പൽദേവത) (സാക്ഷാൽ ലക്ഷ്മി അല്ല) അധിവസിക്കുന്നു എ ന്ന് വീണ്ടും പറയുന്നു. [illegible] സ്വർണ്ണ മല ; പോരെങ്കിൽ നിധികളുടെയെല്ലാം അധി ദേവതയുടെ ഇരിപ്പിടവുമാണ്. ഇത്രയുമായിട്ടും പോ രാഞ്ഞിട്ടെന്നപോലെ ഈ സ്വർണ്ണപർവ്വതത്തിൽ നിധി യുണ്ടെന്നു ഒന്നുകൂടി എടുത്തുപറയുന്നു. അല്ലാതെകണ്ടും അ തു ഭാവാതെ സ്വർണ്ണപർവ്വതത്തിൽ സ്വർണ്ണനിധി (സ്വ ർണ്ണനിധി) ഉണ്ടെന്നു വീണ്ടും. പോരാ വീണ്ടും ഇപ്പോഴാകാതെ സമസ്തകല്യാണവും സ്വർണ്ണവും) ഈ സ്വർണ്ണപർവ്വതത്തിലുണ്ടെന്നു പറഞ്ഞു പിന്നെയും വിരാ മം ഇടുന്നു. എത്ര സഹൃദയാഹ്ലാദജനകമായ ഒരു വ്യാഖ്യാനമാണിത്. കല്യാണത്തിന് സ്വർണ്ണമെന്നു കൂടി അർത്ഥം വ്യാഖ്യാനം പറഞ്ഞിട്ടുണ്ടെങ്കിൽ അതു നിഘണ്ടുക്കളിൽ കാണുന്നതിനെ പ്രമാണമാക്കി മാത്ര മാണെന്ന് ചിന്തിച്ച്, ഈ ഉദാഹരണം സഹൃദയനായ ശ്രീ. നാരായണപിള്ള തന്റെ [illegible] ന് ഞാൻ നേരെ ചൂണ്ടിക്കൊണ്ടു ചോദിക്കുന്നു. അ തിനാൽ എനിക്കുള്ള സംസ്കാരപരിചയം '[illegible]

ണാർത്ഥം പ്രസ്തുതമായ കല്യാണപദത്തിൽ നിവേശിപ്പിക്കാൻ മനസ്സു വരുത്തുന്നില്ല. അഥവാ സ്വർണ്ണാർത്ഥത്തിന്റെ ഛായയുണ്ടെന്നു വാദത്തിനുവേണ്ടി, സമ്മതിക്കുന്നപക്ഷവും കല്യാണനിധിയ്ക്കു കല്യാണനിറമായ നിധി എന്നു വ്യാഖ്യാതാവ് അർത്ഥമെഴുതിയിട്ടുള്ളതായി അറിയുന്നുമില്ല. 'കല്യാണനിറം' എന്നവ്യാഖ്യാനമാണല്ലോ, സൌഗന്ധികത്തിൽ അദ്ദേഹം ഘടിപ്പിക്കുന്നതു. അതിനാൽ ഏതുകൊണ്ടുനോക്കിയാലും ഈ ഉദാഹരണം ത്യാജ്യം.

൯. കല്യാണത്തിനു സ്വർണ്ണാർത്ഥം കാണിക്കുന്നതിനു മി. നാരായണപിള്ള ആശ്രയിക്കുന്ന രണ്ടാമത്തെ ഉദാഹരണം രാമപാണിവാദന്റെ "കല്യാണഭംഗികലർന്നോരു വിഗ്രഹം" എന്ന ലീലാവതീപ്രയോഗമാകുന്നു. എന്നാൽ തൽക്ഷണം തന്നെ തെററു തിരുത്തി ഇവിടെ ഉഭയാർത്ഥവും യോജിക്കുമെന്നും പറഞ്ഞുകാണുന്നു. ആ സ്ഥിതിക്കു ഈ ഉദാഹരണം, വേണ്ടിവരികുന്നില്ല. ഇക്കണക്കിനു നമ്പ്യാരുടെ കല്യാണസൌഗന്ധികം തുള്ളലിലെ "കല്യാണമല്ലോ കവികൾക്കു സന്തതം" എന്നിടത്തു "കവികൾക്കു ധാരാളം സ്വർണ്ണം കിട്ടും" എന്നിങ്ങനെ അദ്ദേഹം നിലപാടില്ലാതെ വരുമ്പോൾ വാദിച്ചതും എന്ന സംശയവ്യാപാരത്തിന്റെ അടപ്പു ഞാൻ ഇതാ തുറന്നുവിടുന്നു. രാമപാണിവാദൻ കുഞ്ചൻനമ്പ്യാർതന്നെ എന്നു വാദമുള്ളവരുടെ വാദം ശരിയാണെങ്കിൽ കുഞ്ചൻനമ്പ്യാർ സ്വർണ്ണാർത്ഥം സ്മരിച്ചിട്ടില്ല എന്നിങ്ങനെ തർക്കശാസ്ത്രത്തിന്റെ ബലത്തുംകൊണ്ടു സിദ്ധാന്തസ്ഥാപനത്തിനദ്ദേഹം മുതിരുന്നതിൽ, വ്യസനിക്കയേ നിവൃത്തിയുള്ളു. കൂടാതെ രാമപാണിവാദനും നമ്പ്യാരും ഒന്നാണെന്ന വാദം നില്ക്കയില്ല. ആ "പാദജനയിതാവും" ഇപ്പോൾ മ്യൂറെക്കാരെ ഇതു സമ്മതിച്ചിട്ടുണ്ടെന്നു ബോദ്ധ്യ

ഹത്തിന്റെ ഏറെക്കാലമായ മൌനം തന്നെ പ്രമാണം. (കല്യാണസൌഗന്ധികം തുള്ളൽ ഞാൻ പ്രസാധനം ചെയ്തിട്ടുള്ളതിൽ ഈ വാദത്തിന്റെ അസാധുത്വത്തെ വേണ്ടപോലെ തെളിയിച്ചിട്ടുണ്ടു്. വില അണ വ്യ N. S. Kurup & Bros) ഒരാൾ ഗ്രഹപ്പിഴക്കു് ഒരബദ്ധം പറഞ്ഞുപോയാൽ ആ അബദ്ധത്തെ സുഹൃത്ഭാവം കൊണ്ടു് ലേപനം ചെയ്തു് സുബന്ധമാക്കി, അതിനെ സത്യസൌധത്തിലേത്താനുള്ള "ഏണി"യായി ഏറ്റുന്നതു് ഒട്ടും പന്തിയാവുകയില്ല തന്നെ. ഈ വിചാരം പ്രകൃതമല്ലാത്തതിനാൽ നിർത്തുന്നു. പ്രകൃതമായതു് "കല്യാണഭംഗികലർന്നോരു വിഗ്രഹത്തിലെ' 'കല്യാണത്തിൽ സ്വർണ്ണാർത്ഥം ഘടിക്കുമോ എന്നുള്ളതാണു്. ഘടിക്കുകയില്ല എന്നുത്തരം. കാരണവും പറയാം. ഭംഗി (സൌന്ദര്യം) മംഗള (കല്യാണ) കരത്വം ഉള്ളതാണു്. സൌന്ദര്യത്തിനു് സ്വർണ്ണവർണ്ണം വേണമെന്നില്ല തന്നെ. കൃഷ്ണന്റെ കൃഷ്ണവർണ്ണം അദ്ദേഹത്തെ ത്രിലോകസുന്ദരനാക്കിയില്ലേ? സൌന്ദര്യമുള്ളിടത്തെല്ലാം കല്യാണം (മംഗളം) ഇല്ലാതെ കാണുന്നുണ്ടു്. മണ്ഡോദരിക്കു് ലോകോത്തരരാമണീയകം ഉണ്ടു്, അതാണു് ഹനുമാൻ, മണ്ഡോദരിക്കു് സീതയെപ്പോലെ തന്നെ സർവ്വാംഗസൌന്ദര്യമുണ്ടെങ്കിലും, അവളുടെ വൈധവ്യമാകുന്ന അമംഗളത്തെ ദർശിച്ചു് അവൾ സീതയല്ല എന്നു് നിർദ്ധാരണം ചെയ്തതു്. ഇതിൽനിന്നു് കല്യാണഭംഗിക്കു സ്വർണ്ണഭംഗിയുടെ ഛായപോലും ഉണ്ടെന്നു് സങ്കല്പിക്കുന്നതു് അത്യന്തം അനാസ്പദവും ആഗമവിരുദ്ധവും ആണെന്നു് സ്പഷ്ടം. ശ്യാമളാദണ്ഡകത്തിൽ എത്ര ഭംഗിയായി കല്യാണത്തിന്റെ മംഗളാർത്ഥം പ്രവേശിപ്പിച്ചിരിക്കുന്നു എന്നു നോക്കുക:—

"മാതാ മരതക ശ്യാമാ
മാതംഗീ മദശാലിനീ

കടാക്ഷയതു കല്യാണീ
കദംബേ വനവാസിനീ”

മഹാകവി പ്രയോഗവും നോക്കുക:—“ഉപസ്ഥിതേയം കല്യാണീ നാമ്നാം കീർത്തിത ഏവയൽ” (മംഗളമൂർത്തി എന്നു മല്ലിനാഥൻ.)

൧൦. സ്വർണ്ണാർത്ഥം അനിഷേധ്യമായി സ്ഥാപിക്കുന്നതിനു് അദ്ദേഹം അവലംബിക്കുന്ന ഏകപ്രയോഗം ശ്രീശങ്കരാചാര്യകൃതമായ ശിവപാദാദികേശസ്തവത്തിൽ നിന്നുമാണു്. ആ ഭാഗം പകർത്തുന്നു.

ആമുക്താനർഘരത്നപ്രകരകരപരി-
ഷ്വക്തകല്യാണകാഞ്ചീ
ദാമ്നാബദ്ധേനദുഗ്ദ്ധദ്യുതിനിചയ
മുഷാചീനപട്ടാംബരേണ”

ഈ ശ്ലോകപാദത്തിലെ കല്യാണപദം=സ്വർണ്ണവർണ്ണം എന്ന അർത്ഥത്തിലല്ല. ശിവന്റെ കാഞ്ചി സ്വർണ്ണനിർമ്മിതം തന്നെയാണെന്നു് ഈ പ്രയോഗമില്ലെങ്കിലും സിദ്ധം. ഇവിടെയും മംഗളാർത്ഥത്തിനാണു് അധികം പ്രസക്തിതാനും. ശിവന്റെ കാഞ്ചി കല്യാണം കൊണ്ടുണ്ടാക്കിയിട്ടുള്ളതുപോലെ, കദംബപുരിയിലെ സൗഗന്ധികം കല്യാണം കൊണ്ടുണ്ടാക്കിയതാണെന്നു വന്നുകൂടുന്നു. ശിവന്റെ കാഞ്ചിക്കു്, സ്വർണ്ണനിറമായ കാഞ്ചി എന്നർത്ഥം പറഞ്ഞാൽ, ശ്രീശങ്കരാചാര്യർ ശിവനെ അധിക്ഷേപിക്കുന്നതായും വന്നുകൂടുന്നു ഇങ്ങനെ വലത്തുനിന്നും ഇടത്തുനിന്നും “ഞെങ്ങൽ” ഏല്ക്കേണ്ടിവരുന്ന പ്രയോഗം സ്വകാര്യലാഭാർത്ഥം ഉദ്ധരിച്ചതു് അപ്രകൃതമായിപ്പോയെന്നർത്ഥം.

ടി വിചാരംകൊണ്ടു് ‘കല്യാണ’ത്തിനു് സ്വർണ്ണനിറമെന്നു കാണിക്കാൻ അദ്ദേഹം കൊണ്ടുവന്ന പ്രയോഗങ്ങൾ എല്ലാം തന്നെ ദുർബലമായിപ്പോയ സ്ഥിതിക്കു് അതിന്റെ കരുത്തിൽ വിശ്വസിച്ചുംകൊണ്ടു് പടുത്ത-

അനുമാനക്കോട്ടകൾ എല്ലാംതന്നെ ഓരോന്നോരോന്നായി തകൎന്നു നിലം പൊത്തുന്നു എന്നു് വരുന്നതല്ലോ. എങ്കിലും അനുഗതമായ വാദങ്ങളിലും അനുഭവപ്പെടുന്ന വൈകല്യങ്ങൾ ദുസ്സഹങ്ങളാകയാൽ ഞാൻ ഇത്രയും എഴുതുന്നു. അദ്ദേഹം പറയുന്നതു നോക്കുക:—"കഞ്ചൻനമ്പ്യാർ കല്യാണശബ്ദം സ്വൎണ്ണാൎത്ഥത്തിൽ പ്രയോഗിച്ചിട്ടില്ലെന്നുള്ളതു് മി രാമൻനായരുടെ ജഡവാദമാണ്. സുകുമാരകവിയും ആചാൎയ്യസ്വാമികളും കല്യാണശബ്ദം സ്വൎണ്ണാൎത്ഥത്തിൽ പ്രയോഗിച്ചതു് ഞാൻ കാണിച്ചുകഴിഞ്ഞു. അവർ ആ ശബ്ദം ആ അൎത്ഥത്തിൽ അന്യത്ര പ്രയോഗിച്ചിട്ടില്ലെങ്കിൽ ഉദ്ധൃതമായ ദൃഷ്ടാന്തങ്ങളിലും ആ അൎത്ഥം സ്വീകരിക്കണമെന്നു് ആരെങ്കിലും പറയുമോ?" ആശ്ചൎയ്യം! അദ്ദേഹം പിന്നെയും പിന്നെയും ഇങ്ങനെയെല്ലാം പറയുന്നതല്ലോ. മുകളിൽ ഉദ്ധരിച്ച അദ്ദേഹത്തിന്റെ വരികൾ ഒന്നുകൂടി വായിച്ചു നോക്കുക.

കുഞ്ചൻനമ്പ്യാർ കല്യാണശബ്ദം ഒരിടത്തും സ്വൎണ്ണാൎത്ഥത്തിൽ പ്രയോഗിച്ചിട്ടില്ലെന്നു ഞാൻ; സുകുമാരകവിയും ആചാൎയ്യസ്വാമിയും പ്രയോഗിച്ചിട്ടുണ്ടെന്നു് നാരായണപിള്ള അവൎകൾ.

നമ്പ്യാരുടെ കല്യാണസൌഗന്ധികം തുള്ളലിൽ നാമധേയപ്രയോഗങ്ങൾ ഒഴിച്ചാൽ നാലുപ്രാവശ്യം കല്യാണപദം പ്രവേശിപ്പിച്ചിട്ടുണ്ടെന്നു് ഞാൻ; അതു് പരമാൎത്ഥം തന്നെ എന്നദ്ദേഹം; ഈ നാലിടത്തും കല്യാണപദത്തിനു് സ്വൎണ്ണാൎത്ഥം ഘടിക്കുകയില്ലെന്നു ഞാൻ; ഇല്ലായിരിക്കും; അതുകൊണ്ടു്? എന്നദ്ദേഹം.

അതുകൊണ്ടു് നമ്പ്യാർ സ്വൎണ്ണാൎത്ഥം ഈ പദത്തിൽ വിവക്ഷിച്ചിട്ടില്ലെന്നു വീണ്ടും ഞാൻ; അതിനെന്തു്? സുകുമാരകവിയും ആചാൎയ്യസ്വാമിയും പ്രയോഗിച്ചതു് ഞാൻ കാണിച്ചില്ലേ എന്നു സമാധാനം.

അതുസാരമില്ല, നമ്പിയാരുടെ പ്രയോഗം കാണി ക്കണമെന്നു് വീണ്ടും ഞാൻ.

ഇതിനു് ശരിയായ സമാധാനം പറഞ്ഞു് ഫലി പ്പിച്ചിട്ടു വേണ്ടിയിരുന്നു ഈ 'കൊട്ടത്തോക്കു'കൊണ്ടുള്ള വെടിപ്രയോഗം.

അദ്ദേഹത്തിൻെറ ലേഖനത്തിൽ, പ്രധാനമായി കരുതപ്പെട്ടിട്ടുള്ള ഭാഗങ്ങളെപ്പററി ഇത്രയും.

വീണ്ടും ഞാൻ അദ്ദേഹത്തോടു ചോദിക്കുന്നു:- നമ്പ്യാർ തുള്ളലിൽ പ്രയോഗിച്ചിട്ടുള്ള കല്യാണപദങ്ങളിൽ സ്വർണ്ണാർത്ഥം പ്രവേശിപ്പിച്ചു് വ്യാഖ്യാനിച്ചു ഫലിപ്പിക്കാമോ? അതു സാധിക്കുന്നില്ലെങ്കിൽ ദയവുചെയ്തു് ഈ കല്യാണപദത്തിൽനിന്നു കവി മനഃപൂർവ്വം സ്വർണ്ണാർത്ഥം മാററിനിറുത്താൻ എന്തായിരിക്കും കാരണമെന്നു് പ്രതിപാദിച്ചുകാണിച്ചാലും മതി. അതു രണ്ടും അദ്ദേഹത്തിനു സാധിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

അതിനാൽ നാം ധരിക്കേണ്ടതു് കല്യാണശബ്ദം സ്വർണ്ണാർത്ഥത്തിൽ 'മഹാകവിപ്രയുക്ത'മല്ലെന്നാണു് - ബ്രഹ്മശ്രീ ഉള്ളൂർ ഇക്കഴിഞ്ഞ വാദകോലാഹലത്തിൽ അഭിപ്രായപ്പെട്ടതു നോക്കുക:—ഗോദൻ എന്ന പദത്തിനു സൂര്യൻ എന്നർത്ഥം എവിടെയുണ്ടു്? മഹാകവി പ്രയോഗങ്ങളിൽ ഇല്ലാ. etc ..........എന്നാൽ ഒരു വാക്യത്തിൽ ഗോ ശബ്ദം സൂര്യാർത്ഥമായും വരാം. ഇതിൽ നിന്നെല്ലാം നാമൊന്നു മനസ്സിലാക്കാനുള്ളതു് പശു, രശ്മി ഇവയ്ക്കു ഗോശബ്ദം എത്ര പ്രസിദ്ധമായ ഒരു പര്യായമോ സൂര്യനു് അതു് അത്രമാത്രം പ്രസിദ്ധമായ ഒരു പര്യായമല്ലെന്നാകുന്നു." ഇതുകൊണ്ടാണു് കല്യാണപദം മംഗളാർത്ഥത്തിൽ തന്നെ ആണു് നമ്പ്യാർ

പ്രയോഗിച്ചിട്ടുള്ളതെന്ന് ഞാൻ വീണ്ടും പറയുന്നതു്- ഇതൊക്കെയാണെങ്കിലും നാല്പതിൽപരം കൊല്ലങ്ങൾ ശബ്ദശാസ്ത്രത്തിൽ പരിചയിച്ചിട്ടുള്ള ബ്രഹ്മശ്രീ ഉള്ളൂർ പരമേശ്വരയ്യരവർകൾക്കു് 'എത്ര' കല്യാണ പദങ്ങൾ സ്വർണ്ണാർത്ഥത്തിൽ കാണിക്കാൻ കഴിയുമെന്നു് അറിഞ്ഞാൽകൊള്ളാമായിരുന്നു. ആഗ്രഹം യഥാവസരം സ്വന്തം ത്രൈമാസികത്തിൽ ഫലിപ്പിക്കുമോ?

മി. നാരായണപിള്ളയുടെ ഈ പ്രത്യുത്തരത്തിൽ കാണുന്ന ഒരു വാചകം എന്നെ വല്ലാതെ വിഷമിപ്പിച്ചു. അതു് എന്തെന്നും എങ്ങനെയെന്നും ചുവടെ ചേർക്കുന്നു. അദ്ദേഹത്തിൻെറ വാചകമാണു് ഇതു്. "ഇതിനിടയ്ക്കു (ക) മലയാളിയിൽ അപരിചിതനായ ഒരു മാന്യലേഖകനും, (ഖ) വിദ്വജ്ജനമായ സാഹിത്യവിനോദിനീപത്രാധിപരും, (ഗ) മാന്യസ്നേഹിതൻ റാവുസാഹിബ് എസ്സ്. പരമേശ്വരയ്യർ അവർകളും മി. രാമൻനായരുടെ വാദത്തിൻെറ അസാധുത്വം പ്രതിപാദിച്ചുകഴിഞ്ഞിരിക്കുന്നു. എങ്കിലും മി. രാമൻനായർ അടങ്ങാതെ കലികൊണ്ടിരിക്കകൊണ്ടു് etc"

ഇവിടെ എൻെറ ഒരു ന്യൂനത ഞാൻ മറച്ചുവയ്ക്കുന്നില്ല. മിസ്റ്റർ നാരായണപിള്ള, ഈ വിഷയം സംബന്ധിച്ചു് എന്താണു പറയുന്നതു് എന്നു ഞാൻ അന്വേഷിക്കാറുണ്ടു്. കണ്ണിൽപെട്ടിട്ടുള്ളതെല്ലാം നല്ലപോലെ വായിച്ചു് പഠിക്കാറുണ്ടു്; അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ രേഖപ്പെടുത്താറുമുണ്ടു് എന്നാൽ ഇപ്രആദരവു് എല്ലാ ലേഖനങ്ങളെ സംബന്ധിച്ചും ഞാൻ കാണിക്കാറില്ല. ആരൊക്കെ എന്തെല്ലാമെഴുതി എന്നന്വേഷിക്കാറുമില്ല. എങ്കിലും അഭിജ്ഞനായ മി: പരമേശ്വരയ്യരവർകളുടെ ലേഖനം കാണുവാനിടയായി. മൊത്തമായ പോക്കു നോക്കിയപ്പോൾ എന്നെ അനുകൂലിക്കുന്നതായി ബോദ്ധ്യപ്പെട്ടു; എങ്കിലും അങ്ങിങ്ങു

ചില പഴുതുകൾ കണ്ടതു ൭-ാംവിഭാഗത്തിൽ ചേൎത്തിട്ടുള്ള എൻെറ ലേഖനത്തിൽ ചൂണ്ടിക്കാണിക്കയും ചെയ്തു. എന്നാൽ "മലയാളി"യിൽ അപരിചിതനായ മാന്യലേഖകൻ എൻെറ അൎത്ഥത്തിൻെറ അസാധുത്വം വെളിവാക്കിയെന്നും, വിദ്വജ്ജനമായ സാഹിത്യവിനോദിനീ പത്രാധിപരും എൻെറ അൎത്ഥത്തിൻെറ അസാധുത്വം വെളിവാക്കി എന്നും പറഞ്ഞപ്പോൾ — അതുരണ്ടും പ്രമാണപ്പെടുത്തിയ സ്ഥിതിക്കു് — ആ ലേഖനങ്ങളും കണ്ടുപിടിക്കാൻ ഞാൻ തിടുക്കപ്പെട്ടു. അതിൽ 'മലയാളി'ക്കടലാസ് കിട്ടിയ കഥ, ഒന്നാംതരം ഒരു ഫലിതനോവലിനുള്ള വിഷയമാണു്. ഇവിടെ ചേൎക്കുന്നില്ല. എങ്കിലും മലയാളത്തിലെ പത്രങ്ങളും, മാസികകളും, ഈ വാദപ്രതിവാദത്തിൽ പങ്കെടുത്തതായി കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു. അവരുടെ നില എന്നെ സംബന്ധിച്ചിടത്തോളം വെളിവായതുപോലെ പൊതുജനങ്ങളെ ധരിപ്പിക്കുന്നതു പ്രകൃതത്തിൽ അത്യാവശ്യമായിത്തീൎന്നിരിക്കുന്നു.

ത്രൈമാസികത്തിലാണു് വാദത്തിൻെറ തുടക്കം. തുടങ്ങിയതു ഞാനുമായിരുന്നു. മി: പി. കെ. നാരായണപിള്ള സാഹിത്യവിനോദിനിയിൽ ൫-ാംലക്കത്തിൽ മറുപടി എഴുതി. ഞാൻ, കോട്ടയത്തുനിന്നു പുറപ്പെടുന്ന മനോരമ ദിനപ്പത്രത്തിൽ ഒരു ചെറിയ ലേഖനം എഴുതുകയും, സാമാന്യം ദീൎഘമായ ഒന്നു് ൨-ാംലക്കം സാഹിത്യവിനോദിനിക്കു് കൊടുക്കുകയും ചെയ്തു. അതു് അതിൽ പ്രസിദ്ധം ചെയ്യാൻ അവർ മടിച്ചു് എനിക്കെഴുതിഅയച്ചു. ൫-ാംലക്കം വിനോദിനിയിൽ പ്രസിദ്ധപ്പെടുത്തിയ ലേഖനത്തിനു ശരിയായ സമാധാനമാണെന്നും, ഇടുവാൻ അവർ കടപ്പെട്ടവരാണെന്നും ഞാൻ വീണ്ടും എഴുതി. ഒന്നുരണ്ടു വാചകങ്ങൾ എൻെറ അനുവാദം കൂടാതെ എടുത്തുകള

ത്തു് ലേഖനത്തിന്റെ അവസാനഖണ്ഡിക വാല്യം തുന്നും ഇല്ലാത്തവിധം വികൃതമാക്കി അവർ അതു പ്രസിദ്ധപ്പെടുത്തി. ഇതിനുള്ള അധികാരശക്തി എവിടെനിന്നു ലബ്ധമായി എന്ന പ്രശ്നത്തോടുകൂടി ഞാൻ അയച്ച കത്തിനു് ഇതുവരെ മറുപടി കിട്ടിയിട്ടില്ല

ഇതു കഴിഞ്ഞിട്ടാണു് ശ്രീമാൻ നാരായണപിള്ള മലയാളരാജ്യം ചിത്രവാരികയിൽ എഴുതിയതു്. ഒരാഴ്ച കഴിഞ്ഞപ്പോൾ എന്റെ മറുപടി തയ്യാറായി. സാമാന്യം ദീർഘമായിരുന്നു. മനോരമയിൽ പ്രസിദ്ധപ്പെടുത്തിക്കളയാമെന്നു വിചാരിച്ചു. അവർ നേരത്തെ ഇതുസംബന്ധിച്ച എന്റെ ലേഖനം പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ടല്ലോ; ഒരു കാര്യാലോചന നടത്തി. ഒരു മി: വറുഗീസ് ആണു് ലേഖനങ്ങൾ വേണ്ടയോ വേണമോ എന്നു തീർച്ചപ്പെടുത്തുന്നതുപോലും! അദ്ദേഹം വേണ്ടെന്നു തീരുമാനിച്ചു. (ചരിത്രം വിസ്തരിക്കുന്നില്ല). ത്രൈമാസികം ആണല്ലോ വാദം ജനിപ്പിച്ചതു്: അതു കോട്ടയത്തുനിന്നുമാണു് വെളിയിൽ പോകുന്നതു്. ബ്രഹ്മശ്രീ ഉള്ളൂർ അവർകൾ അതിന്റെ പ്രവർത്തകസംഘത്തിന്റെ പ്രസിഡണ്ടാണു്. അദ്ദേഹം ത്രൈമാസികത്തിൽ, ഈ വിഷയം സംബന്ധിച്ചു്, എന്റെ ത്രൈമാസികം ലേഖനത്തേയും മി: പി. കെ. നാരായണപിള്ളയുടെ സാഹിത്യവിനോദിനീലേഖനത്തേയും പരാമർശിച്ചു്, ഒരു നിരൂപണം നടത്തുകയും ചെയ്തിരുന്നു. ചിത്രവാരികാലേഖനത്തേയും, മി: ഉള്ളൂരിന്റെ ലേഖനത്തേയും നിരൂപിച്ചുകൊണ്ടുള്ള എന്റെ പ്രസ്തുതലേഖനം ഒന്നുകിൽ ചിത്രവാരികയിൽ തന്നെയോ അല്ലെങ്കിൽ ത്രൈമാസികത്തിലൊ വേണ്ടതാണെന്നു തീരുമാനിച്ചു ഞാൻ വേണ്ടതു ചെയ്തു. മി: ഉള്ളൂരുമായി കത്തിടപാടു നടത്തി. അദ്ദേഹത്തിനു മൊത്തമായി വിസമ്മതമാണു കണ്ടതു്. ചിത്രവാരികയ്ക്കു നേര-

ത്തെതന്നെ ഒരു പ്രതി അയച്ചുകൊടുക്കയും ചെയ്തിരുന്നു. അവർ ഇടുവാൻ ചുമതലപ്പെട്ടവരാണല്ലൊ. ആഴ്ചകൾ മൂന്നു കഴിഞ്ഞിട്ടും ലേഖനം കാണാത്തതു കൊണ്ടു് അന്വേഷിപ്പിച്ചു. ലേഖനം ചെന്നില്ലെന്നായിരുന്നു മറുപടി. തോല്ക്കാതെന്തുനിവൃത്തി? ഇതിനകം ഞാൻതന്നെ പുസ്തകരൂപത്തിൽ അച്ചടിച്ചതു മി: നാരായണപിള്ളയ്ക്കും, അൎഅയച്ചുകൊടുത്തിരുന്നു. അച്ചടിച്ച ഒരു പ്രതി വീണ്ടും ചിത്രവാരികയ്ക്കും കൊടുത്തു. 'വാരിക'യിൽ പ്രസിദ്ധം ചെയ്യുകയുണ്ടായില്ല. മലയാളരാജ്യം ദിനപ്പത്രത്തിലായാലോ എന്നു അവർ എന്റെ അഭിപ്രായം ചോദിച്ചു. ഇഷ്ടംപോലെ എന്നു എന്റെ മറുപടി. പക്ഷെ, ലേഖനം താന്തോന്നിത്തം കാണിച്ചു മുറിച്ചുമുറിച്ചു പ്രസിദ്ധം ചെയ്യരുതെന്നും അങ്ങിനെ എങ്കിൽ, പ്രസിദ്ധപ്പെടുത്താതെ തിരിച്ചയച്ചാൽ മതിയെന്നും എഴുതിഅയച്ചു. ഒടുവിൽ കേട്ടറിഞ്ഞതു്, അവർ 'ആദ്യം' ഒരു വാചകത്തിൽ 'കിട്ടിയിരിക്കുന്നു'; 'അടുത്ത ആഴ്ച ഇടുന്നതാണെ'ന്നു ഒരു സൂചന കൊടുത്തെന്നും, അടുത്ത ആഴ്ച എന്റെ ലേഖനം അവൎക്കു തോന്നിയിടത്തുവെച്ചു് മുറിച്ചു കുറെ പ്രസിദ്ധപ്പെടുത്തിയെന്നും പിന്നത്തെആഴ്ച ഒടുവിൽ കുറെ ഭാഗംവിട്ടു, പ്രസിദ്ധപ്പെടുത്തിയെന്നുമാണു്. ആരോ ഈ കടലാസുകൾ കൊണ്ടുവന്നു തരുകയും ചെയ്തു. ഞാൻ അതിന്റെ വരിക്കാരനല്ല; ആ കടലാസ് വായിച്ചു് ഒരു ഗുണവും എനിക്കു കിട്ടിയിട്ടില്ല. അതിൽ വ്യസനിക്കാൻ തുടങ്ങിയപ്പോൾ, പ്രസനിക്കേണ്ട ആവശ്യമില്ലെന്നു് സ്നേഹിതന്മാർ പറഞ്ഞു. 'വ്യസനം പിന്നീടു് ആകാമല്ലോ' എന്നു വിചാരിച്ചു. പിന്നീടു ഞാൻ കണ്ടതു മലയാളരാജ്യത്തിൽ ശ്രീമാൻ നാരായണപിള്ളയുടെ പ്രത്യുത്തരമായിരുന്നു. (അതിനുള്ള മറുപടിയാണു് എന്റെ ഈ ലേഖനം) എന്നാൽ ഈ പ്രത്യുത്തരത്തി

ന്റെ ആദ്യഖണ്ഡികയിൽ "മി: രാമൻനായരുടെ വാദത്തിന്റെ അസാധുത്വം മററുചില കടലാസുകാരും വെളിപ്പെടുത്തിയതായി അദ്ദേഹം പ്രമാണപ്പെടുന്നതിന്റെ സൂക്ഷ്മം ഞാൻ നോക്കിക്കണ്ടതിന്റെ ചരിത്രമാണു് ചുവടേ ചേക്കുന്നതു്. വളരെ വൈമനസ്യമുണ്ടു്. മി. പിള്ള പ്രമാണപ്പെടുത്തിയതുകൊണ്ടു മാത്രം ചേക്കുന്നതാണു്. ഇല്ലെങ്കിൽ ആളുകൾ തെററിദ്ധരിക്കുമല്ലോ.

## XIII

ന-ാംലക്കം സാഹിത്യവിനോദിനിയിലെ 'കല്യാണനാദം' "പത്രാധിപപംക്തി" എന്ന ലേഖനമാണു് അദ്ദേഹത്തിന്റെ ഒരു പ്രമാണം. 'വിദ്വജ്ജനമായ സാഹിത്യവിനോദിനീപത്രാധിപരുടെ അഭിപ്രായം' എന്നു മി: നാരായണപിള്ള പറയുന്നതു ഈ ലേഖനത്തെ സംബന്ധിച്ചാണെന്നു ഞാൻ വിശ്വസിക്കുന്നു. ഈ മാസിക എനിക്കവർ അയച്ചുതരുന്നുണ്ടു്. പത്രാധിപാഭിപ്രായത്തെ വിലവയ്ക്കുന്നവനാണു ഞാൻ. വല്ല കഷണവും കണ്ടേക്കാമെന്നു ആശിച്ചു് വായിച്ചുനോക്കി; പത്രാധിപർ ശ്രീമാൻ ഏ. ബാലകൃഷ്ണപിള്ള അല്ലല്ലോ എന്നു സ്മരിച്ചപ്പോൾ ആശ അസ്തമിച്ചും പോയി. എങ്കിലും മി: നാരായണപിള്ള ഈ വിദ്വജ്ജനമായ പത്രാധിപർ എന്റെ അഭിപ്രായത്തിന്റെ അസാധുത്വം വെളിപ്പെടുത്തിയെന്നു പ്രമാണപ്പെടുത്തി പറഞ്ഞതുകണ്ടു്, എന്റെ വായനയിൽ തപ്പിപ്പോയ വല്ലതുമുണ്ടായിരുന്നോ എന്നു് എനിക്കു വീണ്ടും സംശയമായി. മൂന്നാംലക്കം തപ്പിത്തുടങ്ങി. എവിടെ കിട്ടുന്നു? ആ മാസികയുടെ ഒരു ലക്കവും ഞാൻ സൂക്ഷിച്ചുവച്ചിട്ടില്ലെന്നു ലജ്ജയോടുകൂടി പറഞ്ഞുകൊള്ളുന്നു. ഭാഗ്യത്തിനു് ഒരു മാന്യസ്നേഹിതൻ, കുട്ടികൾ കപ്പലുണ്ടാക്കി കളിക്കാൻ ഒടിച്ചുമടക്കിയിരുന്ന ഒരു കടലാസുകൊണ്ടുവന്നു-

തന്നു. ഞാൻ വീണ്ടും ഉൽക്കണ്ഠയോടുകൂടി വായിച്ചു. ഫലം വായനക്കാരുടെ അറിവിലേക്കു പ്രസിദ്ധപ്പെടുത്തുന്നു. എന്റെ അഭിപ്രായത്തിന്റെ അസാധുത്വം വെളിപ്പെടുത്തുകയായിരുന്നോ ഉദ്ദേശമെന്നു നിങ്ങൾതന്നെ തീർച്ചപ്പെടുത്തുവിൻ. പത്രാധിപർ തുടങ്ങുന്നു:—

## കല്യാണവാദം.

“കല്യാണസൗഗന്ധികമെന്ന വാക്യത്തിലെ കല്യാണശബ്ദാർത്ഥത്തെക്കുറിച്ചു, പണ്ഡിതവിശ്രുതനായ മി: പി. കെ. നാരായണപിള്ളയും, കോട്ടയം കാളേജിലെ ഒരു പ്രാസംഗികനായ മി. രാമൻനായർ ബി. ഏ.-യുമായി നടക്കുന്ന വാദപ്രതിവാദങ്ങൾ ഇതിനകം സാഹിത്യരസികന്മാർ ഗ്രഹിച്ചിരിക്കുമല്ലോ.” ഇങ്ങനെയുള്ള പത്രാധിപഭാഷയെ തുടർന്ന് കാര്യഭാഗത്തിൽ “പാഞ്ചാലി സ്നാനം ചെയ്തുകൊണ്ടുനിന്ന നദിയിൽക്കൂടി അതിവിശേഷതരമായ ഒരു പുഷ്പം ഒഴുകിപ്പോകുന്നതായി കണ്ടു് (ഭഗവാനെ! പത്രാധിപരുടെ അജ്ഞത!!) അവർ ആ പുഷ്പത്തെ കൊണ്ടുവന്നു നല്കണമെന്നു ഭീമനോടു പ്രാർത്ഥിക്കുന്നു.” ‘തനിക്കാര്യ’ത്തിൽ തുറന്നുവിടുന്നതു നോക്കുക. “കല്യാണപദത്തിനു മംഗളാർത്ഥം ത്യാജ്യമല്ലെങ്കിലും കല്യാണസൗഗന്ധികത്തിലെ കല്യാണപദത്തിനു സ്വർണ്ണാർത്ഥമാണതിപ്രധാനമെന്നാണു ഞങ്ങളുടെ അഭിപ്രായം.”

ഈ അഭിപ്രായത്തിനുള്ള കാരണം “പത്രാധിപരുടെ നിലയ്ക്കു യാതൊരു കോട്ടവും” തട്ടാത്തവിധത്തിൽ ഞാൻ സംക്ഷേപിക്കാം.

“തിരുവനന്തപുരം നഗരത്തിൽ പാൽക്കുളങ്ങര ക്ഷേത്രത്തിൽ ഭഗവതിയുടെ പ്രീത്യർത്ഥമായി പൂച്ചുത്തു് എന്നൊരു അർച്ചനയുണ്ടു്. അതിലേക്കു ശേഖ

രിക്കേണ്ട പുഷ്പം, പച്ചരി മുതലായ സാമഗ്രികളിൽ ഒരു സ്വർണ്ണപുഷ്പംകൂടി ഉണ്ടായിരിക്കും. ഇതിന്റെ ദൌർലഭ്യം നിമിത്തമോ എന്തോ ഇപ്പോൾ അതിന്റെ വിലയായി നാലുചക്രം പ്രത്യേകം നീക്കിവച്ച് സക്കാരിൽ മുതൽക്കൂട്ടിവരുന്നതായും അറിയാം. കല്യാണസൗഗന്ധികത്തെ കൊണ്ടുവരുന്നതിനുള്ള ഭീമന്റെ പണിപ്പാടിനെപ്പററിചിന്തിക്കുമ്പോൾ കല്യാണസൗഗന്ധികം നിശ്ചയമായും സ്വർണ്ണപുഷ്പംതന്നെ ആയിരിക്കും. സ്വർണ്ണത്തെ അല്ലാതെ മംഗളത്തെ ഇത്രവളരെ കാത്തുസൂക്ഷിക്കുന്നതായി ആരുമുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. മംഗളത്തെ പിടിച്ചുപറിക്കാനും ആരും ഒരുമ്പെടാറില്ല. (പത്രാധിപരുടെ ആശയഗംഭീരം) കുഞ്ചൻനമ്പ്യാർ വെറും ഫലിതക്കാരനാണെങ്കിലും ബുദ്ധിശക്തിയും ഭാവനാശക്തിയും പാണ്ഡിത്യവും തികഞ്ഞ ഒരു കവിയാണെന്നുള്ളതിനു സംശയമില്ല. അങ്ങിനെയുള്ള ഒരു മഹാകവിക്ക് സ്വർണ്ണാർത്ഥവിവക്ഷ കല്യാണപദത്തിൽ സംഭവിക്കാവുന്നതല്ല എന്നു ശഠിക്കുന്നതു സാഹസം തന്നെ. ഏതായാലും കല്യാണസൌഗന്ധികം ഒരു കിട്ടാത്ത "ചരക്കു തന്നെ" (പത്രാധിപരുടെ പദപ്രയോഗപടുത്വം) വിട്ടിട്ടില്ല; വീണ്ടും തുടങ്ങുന്നു "ഒന്നുകൂടി പറകയാണെങ്കിൽ വിവാഹസന്ദർഭത്തിൽ സ്ത്രീകളുടെ കണ്ഠത്തിൽ ഒരു സ്വർണ്ണതാലി കെട്ടാറുണ്ടു. അതിനു സൌമംഗല്യം എന്നും അതു കോർത്തിരിക്കുന്ന നൂലിനു സൌമംഗല്യസൂത്രമെന്നും പറയുന്നു. ആ സൌമംഗല്യം സ്വർണ്ണവിഗ്രഹവും മംഗളസൂചകവും ആണ്. അതുകൊണ്ടിവിടെ വാച്യപ്രതിപാദ്യവിഷയമായ കല്യാണശബ്ദത്തിനു സൌമംഗല്യത്തിലെന്നപോലെ സ്വർണ്ണപ്രധാനമായും മംഗളം അനുയായിയായും അർത്ഥം സംഭവിക്കുന്നു." ഒടുവിൽ പറയുന്നു:—"ഏതായാലും സൌഗന്ധികം കല്യാണ

ത്തോട്ട ചേൻറ മംഗളമായും കല്യാണം സൌഗന്ധിക ത്തോട്ടു ചേൻറ സ്വർണ്ണമായും ഭവിക്കുന്നതിലബദ്ധമി ല്ലല്ലൊ." (പത്രാധിപരുടെ നിഗ്രഹാനുഗ്രഹശക്തി) ഇപ്രകാരമൊക്കെയാണു് വിദ്വജ്ജനമായ സാഹി ത്യവിനോദിനീപത്രാധിപർ എൻെറ അഭിപ്രായ ത്തിൻെറ അസാധുത്വം വെളിപ്പെടുത്തിയതു്! മി: നാരായണപിള്ളയുടെ അഭിപ്രായത്തിൻെറ സാധുത്വ വും വെളിപ്പെടുത്തിയതു്!! പോരേ! കുട്ടികൾക്കുകൂടി കപ്പ ലുണ്ടാക്കാനും മററും ഇത്തരം കടലാസുതുണ്ടുകൾ ഉപ യോഗിക്കുന്നതിൽ വല്ല അത്ഭുതവുമുണ്ടോ?

എന്നാൽ ഇതിനെത്തുടർന്ന് മുൻകാണിച്ച പത്രാ ധിപാഭിപ്രായത്തെ മി: നാരായണപിള്ള പറയുമ്പോ ലെ 'കിണ്വം വെച്ചു വീർപ്പിച്ചു' സാഹിത്യവിനോദിനി യുടെ ര്‌-ാംലക്കത്തിൽ (ഇടവം) ശ്രീമന്നാരായണയോ ഗി ചപ്പും ചിപ്പും കുറെക്കൂടി അടിച്ചുകൂട്ടി ഒരു ലേഖ നം എഴുതി. "നാം" "ഞങ്ങൾ" എന്നീ ബഹുവചന രൂപങ്ങൾ ഭാഷയിൽ സ്ഥലം പിടിച്ചിരുന്നതുകൊണ്ടു് ഇതു പത്രാധിപരുടേതുമാകാം; യോഗിയുടേതുമാകാം.

എന്നാൽ ശ്രുതിസ്മൃത്യാദികളെ സേഛപോലെവ്യാ ഖ്യാനിച്ചുംകൊണ്ടുള്ള പ്രസ്തുത ലേഖനം, ഉന്മത്തപ്രല പനജടിലമായും കേരളസാഹിത്യസംസ്കാരമസ്തകഛരിക യായും അനുഭവപ്പെട്ടതിനാൽ, ൭ൗടാരുന്നതിനു മുമ്പുത ന്നെ ഒരു പ്രത്യാഖ്യാനം ആദരപൂർവം സമർപ്പിച്ചു. അതു് സാഹിത്യവിനോദിനീ ഉപപത്രാധിപക്കും, പത്രാധി പക്കും, ശ്രീമാൻ പി. കെ. നാരായണപിള്ളയ്ക്കും വി ശിഷ്യ, അഭിജ്ഞനായ ശ്രീമാൻ കെ. നാരായണകുരു ക്കൾക്കും അയച്ചുകൊടുത്തു. അടുത്തലക്കത്തിൽ ചേ ക്കണമെന്നു് ആവശ്യപ്പെട്ടിട്ടുമുണ്ടു്. ആ ഖരുപടിയാണു് 'സൂക്ഷ്മദർശി' എന്ന പേരിൽ (൪-ാം) വിഭാഗത്തിൽ ചേർത്തിട്ടുള്ളതു്.

ശ്രീമാൻ നാരായണയോഗിക്കു ഞാൻ കൊടുത്തമറുപടിയുടെപ്രതി മിഥുനം ൮വ്വ-ാംനു-യോ ൧൯=ാംനു-യോ മാത്രമേ മി. നാരായണപിള്ളയ്ക്കു കിട്ടിയിരിക്കയുള്ളു. മിഥുനം ൨൦-ാംനു-ബുധനാഴ്ചയിലെ മലയാളരാജ്യത്തിൽ പ്രസിദ്ധപ്പെടുത്തിയ ലേഖനം ഈ മറുപടി വായിക്കുന്നതിനുമുമ്പേ കൈവിട്ടുപോയിരിക്കണം എന്ന് ഞാൻ ന്യായമായി വിചാരിക്കുന്നു.

## XIV

അടുത്തത്ത് മലയാളിയിലെ അപരിചിതനായമാന്യലേഖകൻ എന്റെ അത്ഥത്തിന്റെ അസാധുത്വം വെളിപ്പെടുത്തിയ ചരിത്രമാണ് ഒരുതരത്തിൽ കടലാസുകിട്ടി. ഈ മാന്യലേഖകൻ എനിക്കും അപരിചിതനാണ്. ഇത്തരം ലേഖനം വായിക്കുന്നതിലും മി. നാരായണപിള്ള ആശിക്കുന്നതായി കാണുന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു! എന്റെ അത്ഥത്തിന്റെ അസാധുത്വം വെളിപ്പെടുത്തിയതായിപ്പറയുന്നതിനു അദ്ദേഹത്തിന്റെ മുറുകെപ്പിടിക്കാവുന്ന വാചകങ്ങൾമാത്രം ഞാൻ പകത്താം. "സാഹിത്യപാമായ അധമ്മസമരം മി. പി. കെയോടു കാണിച്ച നിന്ദയ്ക്കു മാപ്പുചോദിക്കുക! കടക്കയത്തു ഗോവിന്ദപ്പിള്ള (മലയാളി ൧൧൦൯ ഇടവം ൭.)

"കുറഞ്ഞൊരുകാലമായി പ്രശാന്തമായിരുന്ന സാഹിത്യവേദി ഈ അടുത്തകാലത്തു് ഒരു ഗംഭീരമായ വാദപ്രതിവാദംകൊണ്ടു് പ്രക്ഷുബ്ധമായി ഭവിച്ചിരിക്കുന്നു. (ഇതാണ് വാചകങ്ങളുടെ പോക്കു്) കുഞ്ചൻനമ്പ്യാരുടെ കല്യാണസൌഗന്ധികത്തെ ആസ്പദമാക്കിയാണ് വാദപ്രതിവാദം, ആരംഭിച്ചിരിക്കുന്നതെന്നും പ്രസ്തുതവാദത്തിന്റെ ഒരററത്തു് സാഹിത്യനിരൂകന്മാരുടെ പേരുമാത്രമല്ല, പെരുമയും വർദ്ധിച്ചുരിക്കുന്ന

പണ്ഡിതവരേണ്യൻ മി. പി. കെ. നാരായണപിള്ള യും (അഭിപ്രായവ്യത്യാസം തരിമ്പുമില്ല. ചിലപ്പോഴെല്ലാം അബദ്ധങ്ങൾ പറയുമെന്നുമാത്രം) മറെറാരററത്തു പണ്ഡിതനെന്നപേരുള്ള മി സി. ഐ. രാമൻനായരു മാണ് (ഇതിലും അഭിപ്രായവ്യതാസമില്ല. അതെൻറ തൊഴിലാണ്) സ്ഥിതിചെയ്യുന്നതെന്നു എല്ലാവരും അറിഞ്ഞിട്ടുണ്ടായിരിക്കും." വീണ്ടും അപരിചിതനായ മാന്യലേഖകൻ തുടരുന്നു "മി. നായരുടെ വാദങ്ങളെപ്പററി ആലോചിച്ചതിൽ അദ്ദേഹത്തിന് ഏതാണ്ട് ചിത്തഭ്രമത്തിൻെറ ഛായപോലും ഉണ്ടായോ എന്നുകൂടി തോന്നിപ്പോയി. പാണ്ഡിത്യം അധികമായാൽ ബുദ്ധിക്കു ചാഞ്ചല്യം വരുകയെന്നുള്ളത് സാധാരണമാകയാൽ ഒരു പക്ഷേ അങ്ങനെ സംഭവിച്ചതെങ്കിൽ തന്നെയും അതിൽ അത്ഭുതത്തിനും അവകാശമില്ല" എൻെറ അഭിപ്രായത്തിൻെറ അസാധുത്വം ആ അപരിചിതനായ മാന്യലേഖകൻ വെളിപ്പെടുത്തുന്ന സ്വരൂപം നോക്കുക:-

"മി. രാമൻനായർ മി. പി. കെ. യേക്കാൾ ഒരു വലിയ സാഹിത്യപ്രണയിയോ നിരൂപകനോ ആണെന്ന് കേരളീയരെ ധരിപ്പിക്കുന്നതിന് യത്നം തുടങ്ങിയിട്ട് കാലം കുറച്ചായികഴിഞ്ഞു. കുറെക്കാലം മുമ്പും ഒരിക്കൽ മി. നായർ അരിശത്തോടുകൂടി ഒരു തുള്ളിച്ചാട്ടം നിർവ്വഹിച്ച് അരങ്ങത്തുനിന്നും ഒളിഞ്ഞുപോയ കഥ (വാസ്തവമോ?) സാഹിത്യപ്രണയികൾക്കു വിസ്മരിക്കുവാനുള്ള കാലമായിട്ടില്ല—നിർവാണം പ്രാപിച്ച അഗ്നിപർവ്വതംപോലെ കുറച്ചുകാലം ശാന്തമായിരുന്ന മി. നായരുടെ ഹൃദയം വീണ്ടും പുകഞ്ഞെരിയുന്നതിലും എനിക്കത്ഭുതം തോന്നുന്നില്ല.

മിസ്റ്റർ നാരായണപിള്ള പ്രമാണപ്പെടുത്തിയ ആ അപരിചിതനായ മാന്യലേഖകൻ വാദത്തെ സ്പർശിച്ചു പറയുന്ന ഭാഗവും കേൾക്കുക. "മിസ്റ്റർ നായരുടെ ലേഖനം വായിച്ചുനോക്കിയതിൽ അതു കേവലം കുതൎക്കമലീമസമെന്നല്ലാതെ യാതൊരു വിധത്തിലും സാരമുള്ളതായും തോന്നുന്നില്ല. കല്യാണപദം വാസ്തവത്തിൽ സാധാരണാൎത്ഥത്തിൽ കവിഞ്ഞ അസാധാരണ രീതിയിലാണു് പ്രയോഗിച്ചിട്ടുള്ളതെന്നു് കുഞ്ചൻനമ്പ്യാരുടെ തുള്ളൽക്കഥകൾ വെറുതെയെങ്കിലും വായിച്ചിട്ടുള്ള ഒരുവനു് ഗ്രഹിപ്പാൻ കഴിയുന്നതാണു്. സാധാരണ മംഗളം എന്ന പദത്തിന്റെ അൎത്ഥമേ ആ വാക്കിനുള്ളുവെങ്കിൽ, മറെറതെങ്കിലും പൎയ്യായപദം ഉപയോഗിക്കുവാൻ നമ്പ്യാൎക്കു സാമൎത്ഥ്യമില്ലായിരുന്നു എന്നു് ഒരു പക്ഷേ മി. നായർ ധരിക്കുന്നുണ്ടാവാം. എന്നു മാത്രമല്ല ഒരു പദത്തിന്റെ അൎത്ഥത്തെ ആശ്രയിച്ചു് വാദം നടത്തുമ്പോൾ ആർഭാടത്തോടും തികഞ്ഞ ഒററ (?) കേട്ടോട്ടും കൂടി ഗുരുത്വഹീനതയെ അവലംബിക്കുന്ന മി. നായരുടെ ശൈലി തുലോം അശ്ലീലമാണെന്നു പറയാതെ നിവൃത്തിയില്ല. മദിരാശി സൎവ്വകലാശാലയിലെ ബി. ഏ. പരീക്ഷക്കു് മലയാളത്തിൽ ക്ലാസ്സു് ഉയൎന്നു ജയിച്ചു എന്നതോ ജയിച്ച ഉടൻ തന്നെ സി. എം. എസ്സ്. കാളേജിൽ പത്തോ അമ്പതോ രൂപാ ശമ്പളം ലഭിച്ചു എന്നതോ, അതുമല്ലെങ്കിൽ സൎവ്വകലാശാലാ പരീക്ഷകസ്ഥാനം ലഭിച്ചു എന്നതോ ആണു് മി. നായരുടെ ഉദ്യോഗാഹങ്കാരങ്ങൾക്കും തജ്ജന്യമായ സാഹിത്യക്കോട്ട (?) കയററത്തിനും കാരണമെങ്കിൽ മി. നായരോടു് മേലാൽ പേനയും കടലാസും കൊണ്ടു് ഉത്തരം പറഞ്ഞിട്ടു് യാതൊരു ഫലവുമില്ല." പോരെ? ഇതാണു് എന്റെ അൎത്ഥത്തിന്റെ അസാധുത്വം വെളിപ്പെടുത്തിയ "അപരിചിതനായ മാന്യലേഖകന്റെ" ഘ

ക്തികം. പോരെങ്കിൽ സംഗതമായി ഒരു വാചകം കൂടി ഉദ്ധരിക്കാം. അല്ലെങ്കിൽ കഴമ്പായ ഭാഗം ഞാൻ മറയ്ക്കുന്നതായി "അപരിചിതനായ മാന്യലേഖകൻ" പരിഭവിച്ചെങ്കിലോ? "മിസ്റ്റർ നായക്ക് സാഹിത്യത്തിൽ വല്ല സ്ഥാനവും വേണമെന്നുണ്ടെങ്കിൽ അദ്ദേഹം ചെയ്തുപോയ അപരാധങ്ങൾക്ക് പ്രായശ്ചിത്തമായി മി. പി. കെ. യുടെ പാദങ്ങളിൽ പല പ്രാവശ്യം നമസ്കരിച്ച് അദ്ദേഹത്തിൻെറ അനുഗ്രഹത്തെ ഉടൻ അഭ്യർത്ഥിക്കയാണ് വേണ്ടത്." രീന്നു. ഇത്തരം മുഷ്കരവികത്ഥനങ്ങളാണ് മി. നാരായണപിള്ള എന്നെ ഖണ്ഡിക്കുന്നതിന് കൈക്കൊള്ളുന്ന കുഠാരം! ഇതദ്ദേഹത്തിന് വളരെ രുചിക്കുന്നു! അപ്രകൃതമെങ്കിലും ഒരു വാക്ക് ഞാൻ പറയുന്നു; ഞാൻ മി. നാരായണപിള്ളയെ നേരിട്ട് കണ്ടിട്ടില്ല; അദ്ദേഹം എന്നെയോ? പറയേണ്ടല്ലോ!! എങ്കിലും അദ്ദേഹത്തിൻെറ കാര്യങ്ങൾ, അദ്ദേഹത്തിൻെറ തൂലികാനിർമ്മിതങ്ങളായ ഗദ്യപ്രബന്ധങ്ങൾ അദ്ദേഹത്തിൻെറ ഫോട്ടോ ഇവ ഞാൻ വളരെ നാളായി പഠിക്കയും ആരാധിക്കയും ചെയ്തുവരുന്നുണ്ട്. പഠിക്കുന്നതുകൊണ്ടുമാത്രം വന്നുപോകുന്നതാണ് അഭിപ്രായഭേദം. അത് ഞാൻ നിർദ്ദോഷമായ രീതിയിൽ പറയുന്നു; അദ്ദേഹം തേജോവധത്തിനൊരുങ്ങുന്നു; പദഗുണ്ടുകൾകൊണ്ട് ശല്യപ്പെടുത്തുന്നു; എൻെറ സ്വതന്ത്രചിന്തയെ നിരോധിക്കുന്നു; അതു ചീത്തയാണെന്നും കാര്യം പറയുകയാണ് വേണ്ടതെന്നും പച്ചമലയാളത്തിൽ ഞാനും പറയുന്നു; അദ്ദേഹത്തിൻെറ ക്ഷോഭം ഇരട്ടിക്കുന്നു; ഇക്കാര്യത്തിനു ക്ഷോഭിയ്ക്കുണ്ടെന്നു ഞാനും. ഏതാണ്ട് ഇതാണ് ലേഖനങ്ങളുടെ ഇതഃപര്യന്തമുള്ള സ്വഭാവം.

AYAM PUBLIC LIBR... KOTTAYAM

## XV

മി. പരമേശ്വരയ്യരുടെ അഭിപ്രായവും അതിൽ കാണുന്ന സാധുത്വം 'വെളിപ്പെടുത്തലിന്റെ രീതിയും' ൧-ാം വിഭാഗത്തിൽ വ്യക്തമാക്കിയിട്ടുള്ളതിലേക്ക് വായനക്കാരുടെ ശ്രദ്ധയെ ഈ ഘട്ടത്തിൽ ക്ഷണിച്ചുകൊള്ളുന്നു. ൩—ാംവിഭാഗത്തിൽ കാണിച്ചിട്ടുള്ളപ്രകാരം ഞാൻ ഉള്ളൂർ അവർകളെ ഉദ്ധരിച്ച് സത്യം വെളിപ്പെടുത്തുവാൻ യത്നിച്ചതു് മി. നാരായണപിള്ളയ്ക്കു അത്ര സുഖമായില്ലെന്നു കാണുന്നു. കല്യാണസൌഗന്ധികം വ്യായോഗം' എന്നു് ഒന്നുണ്ടെന്നുള്ള മതം "വെറും വിതണ്ഡയിൽ നിന്നും വിദൂരത്തിലല്ല തല്ക്കാലം നിൽക്കുന്നതു്" എന്നും മററും താമ്പും മടികൂടാതെ ഇങ്ങനെ തട്ടിമൂളിക്കരുതെന്നു കാണിക്കാനാണ് മി. ഉള്ളൂരിനെ ഞാൻ പ്രമാണപ്പെടുത്തിയതു്. ഈ വ്യായോഗത്തെ സംബന്ധിച്ച് ഇപ്പോൾ അദ്ദേഹം പറയുന്ന ഭാഗം "വിണ്ടോടംകൊണ്ട വിദ്യ" എന്ന തലക്കെട്ടിൽ ഒരു പന്യാസത്തിന് പററുന്ന ഒന്നായിക്കലാശിച്ചിരിക്കുന്നു. ഏതെങ്കിലും രൂപകം ഉണ്ടെന്നു ഇപ്പോഴെങ്കിലും സമ്മതിച്ചതു തന്നെ ഭാഗ്യം.

71880

## XVI

### മലയാളരാജ്യം പത്രാധിപർ.

ഇനി നമുക്ക് അറിയേണ്ടതു് മലയാളരാജ്യം പത്രം ഈ വാദപ്രതിവാദത്തെ മി: നാരായണപിള്ളയുടെ ൨൦-ാംനം- യിലെ ലേഖനത്തോടുകൂടി അവസാനിപ്പിച്ചതിനെക്കുറിച്ചാണ്. ഇതിനു മുമ്പു ഞാൻ കൊടുത്ത ലേഖനം ഇട്ടതില്ലേ എനിക്കു വിസ്മയമുള്ളൂ! ഞാൻ പ്രാർത്ഥിച്ചിരുന്നില്ല; പത്രധർമ്മത്തെ ഉൽബോധിപ്പിച്ചതേ ഉള്ളു. "മലയാളരാജ്യം ഉപേക്ഷിച്ചതു്" എന്ന

തലക്കെട്ടോടുകൂടി ലേഖനം ഒരു നല്ല പത്രത്തിൽ പ്രത്യക്ഷപ്പെട്ടുമെന്ന ദിക്കായപ്പോഴാണ് അവർ കുറേശ്ശെ ഇട്ടുതുടങ്ങിയതു്. വാദം, മലയാളരാജ്യക്കടലാസിലല്ല തുടങ്ങിയതു്. ത്രൈമാസികത്തിലാണു്. വാദം മി. നാരായണപിള്ളയല്ല കൊണ്ടുവന്നതു്; ഞാനാണ്. "മലയാളരാജ്യ"ത്തിൽ ഇടയ്ക്കുകേറി കടന്നുപിടിച്ചതാണു്. അതിനുള്ള മറുപടിയും അവർ ഇട്ടു. വീണ്ടും അവർ മി. പി. കെ. നാരായണപിള്ളയുടെ അർത്ഥത്തെ സ്ഥാപിക്കുന്ന യുക്തികൾക്കു സ്ഥലം കൊടുത്തു. അവർ ചെയ്തതു് ഉചിതം. എന്നാൽ (മ. പ.) ഒടുവിൽ തല കാട്ടുന്നു; മന്ത്രിക്കുന്നു; ഞങ്ങളുടെ മി. പി. കെ. നാരായണപിള്ളയുടെ ലേഖനത്തോടുകൂടി അവസാനിപ്പിക്കുന്നു എന്നു്! എന്തർത്ഥം? ഞങ്ങളുടേതിൽ, രാമൻനായരുടെ അർത്ഥത്തിനു തുടർന്നുള്ള യുക്തികൾ ഇടുകയില്ല എന്നു്! എന്റെ യുക്തികൾ മലയാളരാജ്യത്തിൽ ഇട്ടേ മതിയാകൂ എന്നു് ഞാൻ ആദ്യവും പ്രാർത്ഥിച്ചിരുന്നില്ല. പാണ്ടിക്കാരുടെ കടലാസിലേക്കോ സിംഹളദ്വീപിലേക്കോ ഞാൻ ഒട്ടയച്ചതുമില്ല. ഒരു പ്രത്യേകചക്കിലിട്ടു് ആട്ടണമെന്നു് ഇപ്പോഴും എനിക്കു താല്പര്യമില്ല. ഇങ്ങനെയാണു് വാദസ്വാതന്ത്ര്യം തടയേണ്ടതു്! നല്ല പത്രനയം!! നല്ല മച്ചമ്പിത്തം!!! തല്ക്കാലം ഇത്രമാത്രം.

# മി. ഉള്ളൂർ എസ്സ്. പരമേശ്വരയ്യരുടെ രാജസംജ്ഞാവാദം സാധുവോ?

(Kottayam College Pandits C. I. Raman Nair & N. Parameswaran Pillay Sastri.)

"ചില കേരളക്ഷത്രിയസംജ്ഞകൾ" എന്ന പേരിൽ മി. ഉള്ളൂർ പ്രസിദ്ധം ചെയ്തിട്ടുള്ള ലേഖനപരമ്പരകളെ ഞങ്ങൾ സശ്രദ്ധം പഠിച്ചുനോക്കിയതിൽ അദ്ദേഹത്തിൻെറ, 'കോത' 'ഉതിയൻ' 'കേരളൻ' എന്നീ ചേരരാജസംജ്ഞകൾ ദ്രാവിഡപദങ്ങളാണെന്നുള്ള വാദം അസാധുവാണെന്നു കാൺകയാൽ ആ സംജ്ഞകളിൽ മുഖ്യമായ 'കോത' എന്നപദത്തെപ്പററിമാത്രം തല്ക്കാലം ചർച്ചചെയ്തു പ്രസ്തുത വാദത്തിൻെറ അസാധുത്വത്തെ വെളിപ്പെടുത്താം.

ഉള്ളൂർ മഹാകവി തമിഴ്നിഘണ്ടുക്കളിൽ നിന്ന് വിവാദപദങ്ങൾ ഒഴികെ ൨൫ രാജനാമങ്ങൾ ഉദ്ധരിച്ചുകാണുന്നു. ഇവയിൽ ഒന്നിലധികം പ്രാവശ്യം ആവർത്തിച്ചിട്ടുള്ളരാജനാമങ്ങളെ കണക്കാക്കാതെയിരുന്നാൽ ആകെ ൨൧ നാമങ്ങളെ ചിന്തക്കു വിഷയമാക്കേണ്ടതായിട്ടുള്ളൂ. അതിൽ പൂഴിയൻ, കുട്ടുവൻ, കുടനാടൻ, മലയമാൻ എന്നിവ-പൂഴി-കുട്ടം-കുടം-മലയമനാട്ട് എന്നീ ചേരദേശങ്ങളുടെ അധിപർ എന്നർത്ഥത്തിലുള്ള സംജ്ഞകളാണല്ലോ. കുടം, കുട്ടം എന്നീ രണ്ടും സംസ്കൃതപദങ്ങളാണെന്ന് Apteയിൽ നിന്നു മനസ്സിലാക്കാം. വാനവരമ്പൻ ദേവാസ്പൃനും, കൊങ്കൻ, കൊങ്ങിൻെറ അധിപനും, വാനവൻ,ദേവനും, പൊന്തിൻകണ്ണിക്കൊറ്റ, ഉഗ്രാക്ഷനും, പൊന്തിൻറാരോൻ, ഉത്തുംഗശേഖരനും, കൊല്ലച്ചിലമ്പോൻ; ചണ്ഡപരാക്രമനും; വില്ലവ

ൻ-ശാർങ്ഗിയും കൊല്ലിപേർപ്പൻ, വീരമാരണനും, കോച്ചേരൻ രാജാവായചേരനും ഇങ്ങനെ എല്ലാരാജന്മാരങ്ങളും "വിദ്യുത്ജിഹ്വനു" മിന്നൊളിവായൻ എന്നു തർജ്ജിമ ചെയ്തിരിക്കുന്നതുപോലെ സംസ്കൃതപദങ്ങളിൽനിന്നു സ്വീകരിച്ചിട്ടുള്ളതാണെന്നു ഊഹിക്കാവുന്നതാണ്. ഇവിടെപ്പറഞ്ഞിരിക്കുന്ന സംസ്കൃതനാമങ്ങൾമാത്രമേ മൂലനാമങ്ങളാവുകയുള്ളു എന്നു ശഠിക്കുന്നുമില്ല. "പാണ്ഡ്യാർഡ്യൻ" (വാ) എന്ന പാണ്ഡ്യശബ്ദത്തെ വ്യുൽപാദിപ്പിച്ചും "കാംബോജാല്ലുക്" എന്ന സൂത്രോദാഹരണത്തിൽ "ചോള" "കേരള" ശബ്ദങ്ങളെ ഘടിപ്പിച്ചും സംസ്കൃതവ്യാകരണത്തിൽ സ്വീകരിച്ചിരിക്കുന്നതും, കാളിദാസർ പാണ്ഡ്യകേരളപദങ്ങളെ പ്രയോഗിച്ചിരിക്കുന്നതും നോക്കുമ്പോൾ മേൽപറഞ്ഞ രാജനാമങ്ങൾ സംസ്കൃതഭാഷയിൽനിന്നു് സമ്പാദിച്ചിട്ടുള്ളതാണെന്നു ഊഹിക്കുന്നതിൽ വലിയഅപാകടമുണ്ടെന്നു തോന്നുന്നില്ല. കേരളേതരന്മാരായ മയൂരവർമ്മൻ, മാധവവർമ്മൻ മുതലായ രാജാക്കന്മാർ വർമ്മപദം സ്വീകരിച്ചുകാണുന്നതും വളരെ പ്രാചീനകാലം മുതല്ക്കേ ദക്ഷിണഭാരതത്തിൽ സംസ്കൃതഭ്രമം ബാധിച്ചിരുന്നു എന്നതിനു ലക്ഷ്യമാണ്. തമിഴ്വ്യാഹാരങ്ങൾ തന്നെയല്ല, സംസ്കൃതത്തെ ആശ്ലേഷിച്ചതു്; തമിഴ്വ്യാകരണവും പാണിനിവ്യാകരണത്തെ സർവ്വാത്മനാ അനുകരിച്ചു. ഇതാണല്ലോ 'നാന്നൂൽ (വ്യാകരണസൂത്രം) എന്ന വ്യപദേശം സൂചിപ്പിക്കുന്നതു്. മി. ഉള്ളൂർ പറയുന്ന പ്രാചീനതമനായ "ഇന്ദുകോതൈവർമ്മ"യുടെ കാലം ക്രിസ്ത്വബ്ദം പത്താം ശതകമാകണമെന്നതും ഇവിടെ സ്മരണീയമാണു്.

( ) ഈ സ്ഥിതിക്കു 'കോത' മുതലായപദങ്ങളും സംസ്കൃതോൽപ്പന്നമാണെന്നു് എന്തുകൊണ്ടു് ഊഹിച്ചുകൂടാ? (സംസ്കൃതരാജനാമ്യങ്ങൾ നോക്കുക. (Page 208–210–223. Mackenzie, collection)

(൨) കേരളൻ എന്നപദം ബലദ്യോതകമാകയാൽ ക്ഷത്രിയർ........സ്വീകരിച്ചു എന്നു മി: ഉള്ളൂർ പറയുന്നതും ശരിയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. കാളിദാസർ പറയുന്നതുനോക്കുക:—"ഭയോത്സൃഷ്ടവിഭൂഷാണാം തേനകേരളയോഷിതാം..." കേരളപദം രാജവാചിയായി എടുക്കുന്നതിനു ന്യായമുണ്ടു്. മി. പി. കെ. നാരായണപിള്ളയുടെ ഇതുസംബന്ധിച്ച വ്യാഖ്യാനം സാധുവായി തോന്നുന്നില്ല. പാണ്ഡ്യനാകട്ടെ—"ദിശിമന്ദായതേതേജോ ദക്ഷിണസ്യാംരവെരപി" പാണ്ഡ്യപ്രതാപം ഭയന്നോ എന്നു തോന്നുമാറു് ദക്ഷിണഭാരതത്തിൽ ആദിത്യൻ പ്രതാപം എടുക്കാതിരിക്കുന്നുവത്രെ. ഏതായാലും ഈ വർണ്ണനയിൽനിന്നു കേരളപദംകൊണ്ടു കുറിക്കുന്നവരെല്ലാം അന്നു ഭീരുക്കളായിരുന്നുവെന്നു വ്യക്തമാകുന്നുണ്ടു്. ബലശാലികളെങ്കിൽ, ഭീരുതപത്തിനു പ്രസക്തി എവിടെ?

(൩.) കുരുതിയും ഗദ്ധ്യവും തമിഴപദമാണെന്നു മി: ഉള്ളൂർ പറയുന്നതും ചിന്ത്യമാണു്. രുധിരത്തിലെ ധാതു (രുധ്)വും 'കു'വും ചേൎന്നുണ്ടായതാണു് കുരുതി. ഫതരുടെ രുധിരപ്പുഴ എന്നൎത്ഥത്തിൽ "കുരുതിപ്പുനൽ" എന്ന എഴുത്തച്ഛൻപ്രയോഗംതന്നെ, ഈ വ്യുൽപ്പത്തിയെ സാധൂകരിക്കുന്നുണ്ടു്. കേവലം ചോര എന്ന അൎത്ഥത്തിൽ 'കുരുതി'യെ മലയാളത്തിൽ ഉപയോഗിക്കുന്നില്ല. ഉതിര(രുധിരത്തിന്റെ തത്ഭവംതന്നെ) മാണു് രക്തപൎയ്യായമായി ഉപയോഗിച്ചു കാണുന്നതു്. ഉദാ-ഉതിരവാർച്ച (ഗുണ്ടർട്ടനില P. 128.) കുരുതിയിലെ കകാരം, 'ഏറുക' 'കേറുക'യായപ്പോഴം വന്നതുപോലെ വന്നതാണെന്നു വിചാരിക്കാം. അല്ലെങ്കിൽ ചൊവ്വയെ കുറിക്കുന്നതിനുള്ള സൂചന (കു=കുജൻ എന്നഫോരാ)യായിട്ടും വരാം. കുരുതിക്കും കുരുന്നിനും സാദൃശ്യം ഉണ്ടെന്നു മി: ഉള്ളൂർ പറഞ്ഞതു് സപരസ്യമായിരിക്കുന്നി

ല്ല. ഹിംസയ്ക്കും പ്രസവത്തിനും തമ്മിലോ സാദൃശ്യോത്ഭാവനം! കുരുന്നു്, അങ്കുരം എന്ന സംസ്കൃതപദോൽപ്പന്നമാണു്. ഘട്ടമാണു് ഗഡുവായതെന്നു സ്വപ്നപാദമാണു്.

(൪) മി. ഉള്ളൂർ പറയുന്നതു നോക്കുക:—"കോതൈ എന്ന പദത്തിൽനിന്നാണു് ഗോദ(?) ശബ്ദം ണിഷ്പന്നമായതു എന്നുള്ളതിനു് സംശയമില്ലാതെയായാണിരിക്കുന്നതു്" വേറൊരിടത്തു "പക്ഷെ കേരളത്തിൽ ആദിമകാലം മുതൽക്കുതന്നെ 'കോത്'യെന്നായിരിക്കണം രൂപം. (ഇപ്പോഴും 'കോത്' എന്ന രൂപത്തിൽ അതേപ്പററി ചിന്തിച്ചാൽ മതിയെന്നു അദ്ദേഹം സമ്മതിച്ചല്ലോ)

'കോത, പദം തമിഴ്പദം അല്ല; അതു രാജവാചിയായ സാക്ഷാൽ സംസ്കൃതപദമാകുന്നു. നിഘണ്ടുക്കളേക്കാൾ ശാസ്ത്രപ്രാമാണ്യമുള്ളതും അനിഷേദ്ധ്യവുമായ പ്രമാണംകൊണ്ടു് ഈ സംഗതി സ്ഥാപിക്കാം.—നോക്കുക. ഗോദപദത്തെ പാഞ്ചാലാദിപദങ്ങളോടൊപ്പം "സിദ്ധാന്തകൌമുദി"യിൽപഠിച്ചിട്ടുണ്ടു്.—"ലുപി യുക്തവദ്വ്യക്തിവചനെ"
(സൂത്ര ൧—൨—൫൧) ഉദാ. പഞ്ചാലാനാംനിവാസോ ജനപദഃ പഞ്ചാലാഃ

പഞ്ചാലസംജ്ഞകാനാം രാജ്ഞാമിതി അൎത്ഥഃ(ബാലമനോരമ) (ഇതു പ്രകരണശുദ്ധിക്കു് ചേൎത്തതാണു്. "വിശേഷണാനാഞ്ചാജാതെ:" (സൂ ൧_൨_൫൨)

ലുബഃഥസ്യ വിശേഷണാനാമപിതദ്വല്ലിങ്ഗവച നെസ്തോ ജാതിംവർജയിത്വാ. ഉദാഹരണം പാഞ്ചാലാരമണീയാഃ. ഗോദൗരമണീയയൗ. അജാതെ കിം? പാഞ്ചാലാജനപദഃ. ഗോദൌ ഗ്രാമഃ

പാഞ്ചാലാരമണീയാ:-പാഞ്ചാലാനാം നിവാസൊ ജനപദഇത്യുഃഥഃ "ഗോദൗരമണീയാവിതി"ഗോദയൊ, നിവാസൊ ജനപദഇത്യുഃഥഃ "ഗോദൗഗ്രാമ" ഇതി (ബാലമനോരമ). മേൽ ഉദ്ധരിച്ച ശബ്ദശാസ്ത്രഭാഗത്തിൽനിന്നും പഞ്ചാലരാജാക്കന്മാരേപ്പോലെ ഗോദന്മാർ രാജത്വമുള്ളവരായിരുന്നു എന്നും പക്ഷേ, ഗോദ ഒരു രാജ്യമായിട്ടും ഗ്രാമമായിട്ടും വ്യവഹരിക്കപ്പെട്ടിരുന്നു എന്നും സംദേഹം സ്പർശിക്കാത്തവിധം സ്പഷ്ടമായല്ലൊ. "കോദമങ്ഗലം"(Kodamangalam)എന്നുMackenzie Collection നമ്പർ-ാം പേജിൽ കാണുന്നുണ്ടു് 'ഗോദ" ആണു് ദ്രാവിഡത്തിൽ കോതയായിത്തീന്നതു എന്നു് വിചാരിക്കേണ്ടിയിരിക്കുന്നു.

ന്യ. "ഭാനൗമേഷം.......കോതപാദം" ഈ സംസ്കൃതപദ്യത്തിൽ പേരായി വ്യവഹരിച്ചുവരുന്ന 'കോത്' പദത്തെ ഗോദ എന്ന മൂലപദമാക്കി പ്രയോഗിക്കാഞ്ഞ കാരണത്താൽ ആ പദം തമിഴ്പദംതന്നെയാണെന്നു് മി. ഉള്ളൂർ പറയുന്നു. നേരെ മറിച്ചു 'കോത' പദത്തെ സംസ്കൃതീകരിച്ചു രൂപഭേദം ചെയ്യുന്നതു പ്രമാണവിരുദ്ധമാണെന്നു് കാണിക്കാം. "തദശിഷ്യം സംജ്ഞാപ്രമാണത്വാൽ" എന്നു് പാണിനി വിധിക്കുന്നതു നോ

KOTTAYAM

൧൧൧. 'സംജ്ഞാനാം പ്രമാണത്വാൽ'—അതായതു ശാസ്ത്രത്തെ അപേക്ഷിച്ചും ലോകവ്യവഹാരത്തിന്ന (നാമധേയത്തിന്ന) പ്രാമാണ്യം കിട്ടുമെന്നു, ഇതിന്നർത്ഥം. അതിനാൽ സംജ്ഞാപദത്തെ അതേരൂപത്തിൽ പ്രയോഗിച്ചതു സമുചിതമായിരിക്കുന്നേ ഉള്ളൂ. പദനിർവ്വചനമല്ലല്ലോ കവിധർമ്മം:—

ഇതുപോലെ ഉതിയൻ ഉദയനൻ തന്നെയാണെന്നു സമർത്ഥിക്കാവുന്നതാണ്. ഈ വിഷയത്തെപ്പററി ക്രൂലങ്കഷമായി ഇതിൽ ചിന്തിച്ചിട്ടില്ല. ഉപരിവിചാരണം "പത്രനിരോധം" ബാധമാകുന്നില്ലെങ്കിൽ കൌതുകാവഹംതന്നെ.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No M07 Acc. No. 77880

This book should be returned on or before the date last stamped below.

21 MAR 1989

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

M07 77880

രാഘവൻ നായർ, സി. കെ.

കല്യാണസൌഗന്ധിക വാദപ്രതിവാദം